

294.594

# മനസ്മൃതി

# മനുസ്മൃതി

# മനുസ്മൃതി

## (ഭൃഗുസംഹിത)

4624

വിവർത്തകർ

വി. ബാലകൃഷ്ണൻ

ആർ. ലീലാദേവി

PC Library & Research Center

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ,

ബേക്കർറോഡ് : : കോട്ടയം

വില രൂ. 36–00

(Malayalam)

**MANUSMRUTHI**

(Bruhusamhitha)

Translated by

**V. Balakrishnan**

**R. Leeladevi**

**Price Rs. 36-00**

294.594

*Copyright reserved by the Publishers.*

First Edition: June 1980

Printed at:

Vidyarthi Mithram Press, Kottayam.

*Published by*

**Vidyarthi Mithram Press & Book Depot,**

Kottayam.

Distributors:

**Vidyarthi Mithram Book Depot,**

H. O. Baker Road, Kottayam.

Brs. K. K. Road, Kottayam.

Press Club Road, Ernakulam.

Market Road, Ernakulam.

Round North, Trichur.

Municipal Road, Trichur.

Hospital Road, Calicut.

Robinson Road, Palghat.

Gandhi Bazaar, Palghat.

M. C. Road, Tiruvalla.

Chinnakada, Quilon,

Gandhari A. C. Street, Trivandrum

John Samuel Bros., Main Road, Trivandrum.

O. P. 7501—2000—1980

## വിദ്യാർത്ഥിമിത്രം പ്രസിദ്ധീകരണങ്ങൾ

### പൗരാണികഗ്രന്ഥങ്ങൾ

---

P. GOVINDA PILLAI
8 SUBHASH NAGAR
TRIVANDRUM - 8.

സാമവേദം
യജുർവേദം
അഥർവവേദം
ഒൻപതു് ഉപനിഷത്തുകൾ
ബൃഹദാരണ്യകോപനിഷത്തു്
ഭഗവദ്ഗീത
ഭാഗവതം
അദ്ധ്യാത്മരാമായണം
വിഷ്ണുപുരാണം
പത്മപുരാണം
മാർക്കണ്ഡേയപുരാണം
കൽക്കിപുരാണം
മത്സ്യപുരാണം
ബൈബിൾ (പുതിയ നിയമം)
ബൈബിൾ കഥകൾ (സചിത്രം)
മനുസ്മൃതി
വൈശേഷികദർശനം
വേദാന്തദർശനം
സാംഖ്യദർശനം
ന്യായദർശനം
യോഗദർശനം
മീമാംസാദർശനം

# വിഷയവിവരം


പേജ്

**ഒന്നാമധ്യായം** 1

മഹത്തത്വാദിസൃഷ്ടി—ഉല്പത്തിക്രമം — ദിനപ്രളയകാലവിജ്ഞാനം—മഹാപ്രളയവിജ്ഞാനം—ജീവോൽക്രമണം—ദേഹാന്തരപ്രാപ്തി—കാലപരിമാണവിജ്ഞാനം—വിഷയസംഗ്രഹം.

**രണ്ടാമധ്യായം** 19

ധർമ്മലക്ഷണം—ജാതകർമ്മാദിസംസ്കാരം — ഗുരുശുശ്രൂഷ—ബ്രഹ്മചര്യം.

**മൂന്നാമധ്യായം** 53

ഗൃഹസ്ഥാശ്രമധർമ്മം — വിവാഹവിഷയം— പഞ്ചമഹായജ്ഞവിധി—ശ്രാദ്ധത്തിൽ ത്യാജ്യരായ അന്തണർ—ശ്രാദ്ധത്തിൽ സ്വീകാര്യന്മാർ—ശ്രാദ്ധം ചെയ്യേണ്ട ബ്രാഹ്മണൻെറ വ്രതം—പിതൃക്കളുടെ ഉല്പത്തിയും പേരും—പാർവ്വണശ്രാദ്ധനിയമം—മഹാലയശ്രാദ്ധവിധി.

**നാലാമധ്യായം** 94

ബ്രാഹ്മണാദികളുടെ ജീവനകൃത്യങ്ങൾ—ഗൃഹസ്ഥന്മാരുടെ കൃത്യാകൃത്യങ്ങൾ—ആഹിതാഗ്നിവിഷയം— ശ്രാവണിവിധി—അനധ്യയനം—പൊതുവിധി—ദാനപ്രശംസ.

**അഞ്ചാമധ്യായം** 130

മഹർഷിമാരുടെ ചോദ്യം—ഉത്തരം—അഭക്ഷ്യങ്ങൾ—മാംസവിധി—ജനനമരണസംബന്ധമായ ശുദ്ധങ്ങളും അശുദ്ധങ്ങളും—ദ്രവ്യശുദ്ധി—സ്ത്രീധർമ്മം.

**ആറാമധ്യായം** 153

വാനപ്രസ്ഥാശ്രമധർമ്മം—സന്യാസധർമ്മം

**ഏഴാമധ്യായം** 167

രാജധർമ്മം—ദണ്ഡപ്രശംസ—രാജകൃത്യം—യുദ്ധധർമ്മം—കൗശലവിധി—പ്രജാപരിപാലനധർമ്മം—ന്യായശാസനങ്ങൾ ശമ്പളനിയമം—തീരുവവിധി—ആലോചനാവിധി — സസ്യാദിഗുണങ്ങൾ—ഭക്ഷണവിധി

**എട്ടാമധ്യായം** 200

വ്യവഹാരപരിഭാഷ— ഉത്തമർണ്ണാധമർണ്ണപ്രകരണം — സാക്ഷിപ്രകരണം—ദ്രവ്യസംഖ്യ—പലിശക്രമം— കൂലി—മദ്ധ്യസ്ഥപ്രകരണം—നിക്ഷേപം— പരസ്വവിക്രയം—ഋത്വിക് ദക്ഷിണ—ധർമ്മാർത്ഥദാനം—കൂലി കൊടുക്കാായ്ക—കരാർ നിശ്ചയലംഘനം—വിററവസ്തു തിരിച്ചുവാങ്ങുക—യജമാനപാ

ലകവിവാദം—അതിത്തിതർക്കം—വാക്പാരുഷ്യം കഠിനശിക്ഷ—ചോരകൃത്യം—സാഹസം—നാരീസ്വീകരണം.

ഒൻപതാമധ്യായം 260

ദമ്പതീധർമ്മം—പുത്രവിഷയം—സ്ത്രീകളുടെ ആപൽധർമ്മം—ദമ്പതിമാർ പിരിഞ്ഞിരിക്കുമ്പോൾ ചെയ്യേണ്ട ധർമ്മം—ദായഭാഗം—ഭാഗനിർണ്ണയം — സ്ത്രീധനം —പിതാവിരിക്കുമ്പോൾ വിഭജിക്കുന്ന ക്രമം—ദ്യൂതം—പൊതുവായ ചില ദണ്ഡങ്ങൾ—രാജധർമ്മം—വൈശ്യധർമ്മം—ശൂദ്രധർമ്മം.

പത്താമധ്യായം 311

സങ്കരജാതിയുടെ ഉല്പത്തി–അനുലോമജാതി—പ്രതിലോമജാതി—അന്തരാളജാതി — വ്രാത്യജാതി—സങ്കീർണ്ണജാതി—സങ്കരജാതിതൊഴിൽ—ബ്രാഹ്മണകൃത്യം—ക്ഷത്രീയകൃത്യം—വൈശ്യകൃത്യം—ക്ഷത്രീയ വൈശ്യരുടെ ജീവനവൃത്തി—മൂന്നുപേർക്കും മഹത്തായതൊഴിൽ—ബ്രാഹ്മണൻെറ ആപദ്ധർമ്മം—ക്ഷത്രിയൻെറ ആപദ്ധർമ്മം—വൈശ്യൻെറ ആപദ്ധർമ്മം—ശൂദ്രൻെറ ആപദ്ധർമ്മം—ബ്രാഹ്മണൻെറ ആപൽക്കാലതൊഴിൽ—ഉദാഹരണം—ആപത്തുകാലത്തു് അർഹമായ ക്ഷത്രീയജാതിത്തൊഴിൽ

പതിനൊന്നാമധ്യായം 331

പ്രായശ്ചിത്തവിധി—അഗ്നിഹോത്രിവിഷയം—പാപസ്വരൂപം—ഉപപാതകം—ജാതിഭ്രംശകരം—സങ്കരീകരണം—അപാത്രീകരണം—മലിനീകരണങ്ങൾ — ബ്രഹ്മഹത്യാപ്രായശ്ചിത്തം — സുരാപാനപ്രായശ്ചിത്തം —സ്വർണ്ണാപഹരണപ്രായശ്ചിത്തം—ഗുരുപത്നിയെ പ്രാപിച്ചതിനു് പ്രായശ്ചിത്തം—ഉപപാതകപ്രായശ്ചിത്തം — അവകീർണ്ണിപ്രായശ്ചിത്തം — ജാതിഭ്രംശകരപാപപ്രായശ്ചിത്തം — ക്ഷത്രിയൻ മുതലായവരെ കൊന്നതിനുള്ള പ്രായശ്ചിത്തം—അഭക്ഷ്യഭക്ഷണപ്രായശ്ചിത്തം— പുനരുപനയനവിധി—പ്രജാപത്യം മുതലായ കൃച്ഛ്രസ്വരൂപങ്ങൾ—രഹസ്യവിഷയപ്രായശ്ചിത്തം.

പന്ത്രണ്ടാമധ്യായം 371

മഹർഷിമാരുടെ ചോദ്യം—ഉത്തരം — കർമ്മഫലം—ആത്മസ്വരൂപം—ത്രിഗുണലക്ഷണം—ത്രിഗുണങ്ങളുടെ പ്രവൃത്തി ത്രിഗുണങ്ങളുടെ ഫലം—തമോഗുണംകൊണ്ടുവരുന്ന ജനനം—രജോഗുണത്തിൽനിന്നു് ഉണ്ടാകുന്ന ജനനം—സത്വഗുണത്തിൽനിന്നു് ഉണ്ടാകുന്ന ജനനം—അകൃത്യകരണങ്ങളുടെ ഫലം—കൃത്യാഹരണങ്ങളുടെ ഫലം—മോക്ഷോപായം—കർമ്മവിപാകം—വേദപ്രശംസ — ശാസ്ത്രരഹസ്യം—ഭൃഗുവാക്യം, തത്വോപദേശം—അദ്ധ്യാത്മധ്യാനയോഗം.

# ഒന്നാം അദ്ധ്യായം

1. മനുമേകാഗ്രമാസീനമഭിഗമ്യ മഹർഷയഃ
പ്രതിപൂജ്യ യഥാന്യായമിദം വചനമബ്രുവൻ.

ശബ്ദസ്പർശരൂപരസഗന്ധങ്ങളായ പഞ്ചവിഷയങ്ങളിൽനിന്നും വേർപെടുത്തിയ മനസ്സ് ബ്രഹ്മധ്യാനത്തിലുറപ്പിച്ച സ്വായംഭുവമനുവിൻെറ അടുത്തു് മഹർഷിമാർ ചെന്നു. വിധിപ്രകാരം പൂജിച്ചശേഷം പറഞ്ഞു.

2. ഭഗവൻസർവ്വവർണ്ണാനാം യഥാവദനുപൂർവ്വശഃ
അന്തരപ്രഭവാനാഞ്ച ധർമ്മാന്നോ വക്തുമർഹസി.

ഹേ ഭഗവാനേ, സർവവർണ്ണങ്ങളുടെയും അന്തരപ്രഭവന്മാരുടെയും ധർമ്മങ്ങൾ മുഴുവനും ക്രമമായി ഞങ്ങൾക്കു് ഉപദേശിക്കുന്നതിനു് അങ്ങു് അർഹനാണു്.

3. ത്വമേകോ ഹ്യസ്യ സർവ്വസ്യ വിധാനസ്യ സ്വയംഭുവഃ
അചിന്ത്യസ്യാ പ്രമേയസ്യ കാര്യതത്വാർത്ഥവിത്പ്രഭോ.

അഗ്നിഷ്ടോമം തുടങ്ങിയ യാഗാദിക്രമങ്ങൾ വിധിക്കുകയും, ഒരു വ്യക്തിയാൽ സൃഷ്ടിക്കപ്പെടാത്തതായും, ഇത്രമാത്രമേ ഉള്ളു എന്നു നിർണ്ണയിക്കപ്പെടാത്തതായും മീമാംസാശാസ്ത്രജ്ഞന്മാരാൽ അറിയപ്പെടാത്ത അർത്ഥത്തോടു കൂടിയതും ആയ ഈ സകല വേദതത്വാർത്ഥവും അറിഞ്ഞ മഹാൻ അവിടുന്നു മാത്രമാണല്ലോ?

4. സ തൈഃപൃഷ്ടസ്തഥാ സമ്യഗമിതൌജാ മഹാത്മഭിഃ
പ്രത്യുവാചാർച്ച്യ താൻ സർവ്വാന്മഹർഷീംശ്രൂയതാമിതി.

മഹാത്മാക്കളായ മഹർഷിമാരുടെ സന്ദേഹം തീർക്കത്തക്ക ജ്ഞാനതേജസ്സോടു കൂടിയ ആ മനുപ്രജാപതി അവരുടെ ചോദ്യം കേട്ടു് അവരെ പൂജിച്ചശേഷം കേട്ടുകൊണ്ടാലും എന്നു പറഞ്ഞുതുടങ്ങി.

---

സർവ്വവർണ്ണങ്ങൾ—ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രജാതിക്കാർ.

അന്തരപ്രഭവന്മാർ—അനുലോമൻ, പ്രതിലോമൻ, അന്തരാളൻ, പ്രാത്യൻ മുതലായ ദ്വന്ദസങ്കരജാതിക്കാർ.

അനുലോമൻ—ഉൽകൃഷ്ടജാതിയിലുള്ള പുരുഷനു താഴ്ന്ന ജാതിയിലുണ്ടാകുന്ന സന്തതി.

പ്രതിലോമൻ—ഉയർന്ന ജാതിസ്ത്രീയിൽ താഴ്ന്നജാതിക്കാരനായ പുരുഷനുണ്ടാകുന്ന സന്തതി.

പ്രാത്യൻ—ആചാരാനുഷ്ഠാനമില്ലാത്ത ബ്രാഹ്മണൻ.

5. ആസീദിദന്തമോഭൂത മപ്രജ്ഞാതമലക്ഷണം
അപ്രതക്ക്യമവിജ്ഞേയം പ്രസുപ്തമിവ സവ്തഃ

വണ്ണാശ്രമധർമ്മത്തെക്കുറിച്ചു ചോദിച്ച ഋഷിമാരോട് വണ്ണാശ്രമം പ്രളയം മുതൽ നിലവിലിരിക്കുന്നതിനാൽ ആദ്യം പ്രളയകാലത്തിന്റെ അവസ്ഥ പറയുന്നു. ഈ ലോകം പ്രളയകാലത്തു മൂലപ്രകൃതിയിൽ ഐക്യമായി അന്ധകാരത്തിൽ മറഞ്ഞ വസ്തുപോലെ അദൃശ്യമായും അലക്ഷണമായും, ശബ്ദത്താൽ അറിയാനും തർക്കശാസ്ത്രയുക്തികൊണ്ടു നിശ്ചയിക്കാൻ പാടില്ലാത്തതായും സമസ്തവും നിദ്രയിൽപെട്ടതുപോലെയും ഭവിച്ചിരുന്നു.

6. തതസ്സ്വയംഭൂർഭഗവാ നവ്യക്തോവ്യഞ്ജയന്നിദം
മഹാഭൂതാദിവൃത്തൗജഃ പ്രാദുരാസീത്തമോനുദഃ

ജീവാത്മാക്കളെപ്പോലെ കമ്മത്താൽ ദേഹമെടുക്കാതെ പ്രളയകാലം കഴിഞ്ഞു് സ്വയംഭൂവായ ഭഗവാൻ ബാഹ്യേന്ദ്രിയങ്ങളാൽ ഗ്രഹിക്കപ്പെടാത്തവനായും ഒരു വ്യക്തിയാലും തടുക്കാൻ സാധ്യമല്ലാത്ത സൃഷ്ടിസ്ഥിതി സംഹാരകമായ ത്രിവിധകർമ്മങ്ങളോടു കൂടിയവനായും ആകാശം മുതലായ പഞ്ചമഹാഭൂതങ്ങളെ പ്രകാശിപ്പിക്കുന്നവനായും പ്രകൃതിപ്രേരകനായും പ്രകാശിച്ചു.

7. യോസാവതീന്ദ്രിയഗ്രാഹ്യഃ സൂക്ഷ്മോവ്യക്തസ്സനാതനഃ
സവ്ഭൂതമയോചിന്ത്യഃസ ഏവസ്വയമുദ്ബഭൗ.

യാതൊരുത്തൻ എല്ലാവേദപുരാണങ്ങളിലും പ്രസിദ്ധനായും മനസ്സിനാൽ മാത്രം അറിയത്തക്കവനായും ബാഹ്യേന്ദ്രിയങ്ങളാൽ അഗ്രാഹ്യനായും അരൂപിയായും സവ്വാന്തര്യാമിയായും അചിന്ത്യമായ മഹിമയുള്ളവനായും ജനനമരണങ്ങളില്ലാത്തവനായും ഇരിക്കുന്നോ അവൻ ആകാശം മുതലായ ഭൂതങ്ങളായി പ്രകാശിച്ചു.

8. സോഭിധ്യായശരീരാത്സ്വാ ത്സിസൃക്ഷുവ്വിവിധാഃപ്രജാ
അപഏവസസർജാദൗ താസുബീജമവാസൃജൽ.

ആ പരമാത്മാവ് സകല ജീവന്മാരുടേയും ആസ്ഥാനമായ തന്റെ ശരീരത്തിൽനിന്നും പലവിധത്തിലുള്ള പ്രജകളെ സൃഷ്ടിക്കുന്നതിനു വിചാരിച്ചു. ബ്രഹ്മാണ്ഡസൃഷ്ടിക്കു മുൻപായി ജലം നിർമ്മിച്ചു. അതിൽ തന്റെ ശക്തിരൂപമായ ഒരു ബീജം വിതച്ചു.

9. തദണ്ഡമഭവദ്ധൈമം സഹസ്രാംശുസമപ്രഭം
തസ്മിൻജജ്ഞേസ്വയം ബ്രഹ്മാ സവ്ലോകപിതാമഹഃ

ഇങ്ങനെയുള്ള ബീജം സവ്വേശ്വരന്റെ ഇച്ഛകൊണ്ടു സുവണ്ണനിറമായ ഒരു അണ്ഡമായി തീർന്നു. ആ അണ്ഡത്തിൽ പ്രാഗ്ജന്മത്തിൽ ബ്രഹ്മപദത്തിനർഹമായ തപസ്സു ചെയ്ത് ഒരു ജീവനെ ബ്രഹ്മാവായി സൃഷ്ടിച്ച് ആ ബ്രഹ്മാവിൽ അന്തര്യാമിയായി പ്രവേശിച്ചു. ആ ബ്രഹ്മാവു് സവ്വലോകപിതാമഹനാണെന്നു പറയുന്നു.

10. ആപോനാരാ ഇതിപ്രോക്താ ആപോവൈനരസൂനവഃ
തായദസ്യയനം പൂവ്വം തേനനാരായണഃ സ്മൃതഃ

ജലത്തെ നരൻ എന്നു പേരോടുകൂടിയ പരമാത്മാവു സൃഷ്ടിച്ചതുകൊണ്ടു് അതിനു് ''നാരം'' എന്നു പേരുണ്ടായി. ആ നാരമെന്ന പേ

രോട്ടുകൂടിയ ജലത്തിൽ വസിക്കുന്നതിനാൽ ആ പരമാത്മാവിനു് ''നാരായണനെ''ന്നു് പേർ ഉണ്ടായി.

11. യത്തൽകാരണമവ്യക്തം നിത്യംസദസദാത്മകം
തദ്വിസൃഷ്ടസ്സപുരുഷോ ലോകേബ്രഹ്മേതികീർത്ത്യതേ.

പ്രപഞ്ചത്തിനു കാരണനായും അശരീരനായും അഴിവില്ലാത്തവനായും വേദാന്തവേദ്യനാകുകയാൽ സത്തെന്നും, ബാഹ്യേന്ദ്രിയങ്ങളാൽ അവേദ്യനാകകൊണ്ടു അസത്തെന്നും പറയുന്ന സ്വഭാവത്തോടു കൂടിയവനായിരിക്കുന്ന ആ പരമാത്മാവ് ആദ്യം സൃഷ്ടിച്ച ജീവനെ ബ്രഹ്മാവെന്നു പറയുന്നു.

12. തസ്മിന്നണ്ഡേ സഭഗവാ നുഷിത്വാപരിവത്സരം
സ്വയമേവാത്മനോധ്യാനാ ത്തദംഡമകരോദ്വിധാ.

ഈ അണ്ഡത്തിൽ ബ്രഹ്മാവു് ഒരു ബ്രഹ്മവർഷം വസിച്ചശേഷം തന്റെ ആത്മാവുകൊണ്ടു് ഈ അണ്ഡം രണ്ടായി തീരട്ടെ എന്നു വിചാരിച്ചു. അതു് രണ്ടു അണ്ഡമായി.

13. ആഭ്യാംസശകലാഭ്യാംച ദിവംഭൂമിംച നിർമ്മമേ
മധ്യേവ്യോമദിശശ്ചാഷ്ടാ വപാംസ്ഥാനംച ശാശ്വതം.

ആ രണ്ടു ഖണ്ഡങ്ങളിൽ ഉപരിഖണ്ഡത്തിൽ സ്വർഗ്ഗവും അധോഖണ്ഡത്തിൽ ഭൂമിയും മധ്യേ ആകാശവും എട്ടു ദിക്കുകളും സമുദ്രവും സൃഷ്ടിച്ചു.

## മഹത്തത്വാദിസൃഷ്ടി

14. ഉദ്വവർഹാത്മനശ്ചൈവ മനസ്സദസദാത്മകം
മനസശ്ചാപ്യഹംകാര മഭിമന്താരമീശ്വരം.

ആ ബ്രഹ്മാവു പരമാണുസ്വരൂപമായ തന്നിൽനിന്നും വേദത്തിൽ പറഞ്ഞിട്ടുള്ളതിൽനിന്നും ജ്ഞാനം അനുഭവിക്കുന്നതിനാലും സത്തെന്നും ദൃശ്യനല്ലാത്തകൊണ്ടു അസത്തെന്നും പറയുന്ന മനസ്സിനെ സൃഷ്ടിച്ചു. അതിനു മുമ്പിൽ ''ഞാൻ'' എന്ന അഭിമാനത്തിന് ഇരിപ്പിടവും തന്റെ കാര്യം ചെയ്വാൻ സാമർത്ഥ്യമുള്ളതുമായ അഹങ്കാരം സൃഷ്ടിച്ചു.

15. മഹാന്തമേവചാത്മാനം സർവ്വാണിത്രിഗുണാനിച
വിഷയണാംഗ്രഹീതൃണി ശനൈഃ പഞ്ചേന്ദ്രിയാണിച.

ഈ അഹങ്കാരസൃഷ്ടിക്കു മുൻപു് പരമാത്മാവിൽനിന്നും മഹത്തത്വവും സത്വം മുതലായ ത്രിഗുണങ്ങളും ശബ്ദം മുതലായ പഞ്ചവിഷയങ്ങളും ഗ്രഹിക്കത്തക്ക പഞ്ചേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും വേദത്തിൽ വിധിച്ചപ്രകാരം ക്രമമായി സൃഷ്ടിച്ചു.

16. തേഷാംത്വവയവാൻ സൂക്ഷ്മാൻ ഷണ്ണാമപ്യമിതൗജസാം
സന്നിവേശ്യാത്മമാത്രാസു സർവ്വ ഭൂതാനിനിർമ്മമേ.

ആകാശം മുതലായ പഞ്ചഭൂതങ്ങളുടെ തന്മാത്രകളും അഹങ്കാരവും സൂക്ഷ്മമായി അതാതിൽതന്നെയടക്കി മനുഷ്യരെയും പക്ഷിമൃഗാദിതിര്യഗ് ജന്തുക്കളെയും സൃഷ്ടിച്ചു.

17. യന്മൂർത്ത്യവയവാസ്സൂക്ഷ്മാ സ്തസ്യേമാന്യാശ്രയന്തിഷട്
തസ്മാച്ഛരീരമിത്യാഹു സ്തസ്യമൂർത്തിംമനീഷിണഃ

യാതൊരു കാരണത്തിനു ബ്രഹ്മാവു ഉണ്ടാക്കിയ പഞ്ചമഹാഭൂതവും അഹങ്കാരവും ഈ ദേഹത്തെ സൂക്ഷ്മരൂപമായി പ്രാപിക്കുന്നുവോ അതിനാൽ ഈ ദേഹത്തിനു് ശരീരമെന്നു പേരുണ്ടായി.

18. തദാവിശന്തിഭൂതാനി മഹാന്തിസഹകർമ്മഭിഃ
മനശ്ചാവയവൈസ്സൂക്ഷ്മൈ സ്സർവഭൂതകൃദവ്യയം

ആ ശരീരത്തെ ആകാശാദിമഹാഭൂതങ്ങളും സൂക്ഷ്മരൂപമായി അതതിനുള്ള കാര്യശക്തിയോടുകൂടി പ്രാപിക്കുന്നു. ആകാശാദിഭൂതങ്ങളുടെ കാര്യം ഇനി പറയാം. മനസ്സിന്റെ കാര്യം ശുഭാശുഭം വിചാരിക്കുന്നതിനാൽ സുഖദുഃഖങ്ങളും അനുഭവിച്ചു് സൂക്ഷ്മമായിട്ടു നാശമററിരിക്കുന്നതാകുന്നു.

19. തേഷാമിദന്തുസപ്താനാം പുരുഷാണാമ്മഹൗജസാം
സൂക്ഷ്മാഭോമൂർത്തിമാത്രാഭ്യ സ്സംഭവത്യവ്യയാദ്വ്യയം

പഞ്ചതന്മാത്ര, മഹത്തത്വം, അഹങ്കാരം ഈ ഏഴും സൃഷ്ടിക്കുന്ന തേജസ്സിന്റെ സൂക്ഷ്മരൂപങ്ങളാൽ ജനനമരണരഹിതമായ പരമാത്മാവാകുന്ന കാരണത്തിൽനിന്നും നശ്വരമായ ഈ ലോകമാകുന്ന കാര്യമുകുണ്ടാന്നു.

20. ആദ്യാദ്യസ്യഗുണംതേഷാ മവാപ്നോതിപരഃപരഃ
യോയോയാവൽഗുണശ്ചൈഷാം സസതാവൽഗുണ—
സ്മൃതഃ

ഈ പഞ്ചമഹാഭൂതങ്ങളിൽ ആദ്യത്തേതായ ആകാശത്തിന്റെ ഗുണമായ ശബ്ദത്തെ രണ്ടാമത്തേതായ വായുവും അതിന്റെ ശബ്ദസ്പർശങ്ങളെ മൂന്നാമത്തേതായ അഗ്നിയും അതിന്റെ ശബ്ദസ്പർശരൂപങ്ങളെ നാലാമത്തേതായ ജലവും അതിന്റെ ശബ്ദസ്പർശരൂപരസഗന്ധങ്ങളെ അഞ്ചാമത്തേതായും പൃഥ്വിയും പ്രാപിക്കുന്നു.

21. സർവ്വേഷാന്തുസനാമാനി കർമ്മാണിചപൃക്പൃഥക്
വേദശബ്ദേഭ്യഏവാദൗ പൃഥക് സംസ്ഥാശ്ചനിർമ്മമേ.

ബ്രഹ്മാവു് താൻ ആദ്യം സൃഷ്ടിച്ച മനുഷ്യൻ മുതലായ സകല ജാതികൾക്കും അതാതിന്റെ തൊഴിൽ ഉണ്ടാക്കി. വേദത്തിൽനിന്നും ഇപ്രകാരം അടയാളമുള്ളവൻ മനുഷ്യനെന്നും ഇപ്രകാരം അടയാളമുള്ളതു് പശുവെന്നും ഇപ്രകാരം അടയാളമുള്ളതു അശ്വമെന്നും നിശ്ചയിച്ചു. അതാതിനു് അതിന്റേതായ തൊഴിലും നിർമ്മിച്ചു.

22. കർമ്മാത്മനാംചദേവാനാം സോസൃജത് പ്രാണിനാംപ്രഭുഃ
സാധ്യാനാംചഗണം സൂക്ഷ്മം യജ്ഞം ചൈവസനാതനം.

ബ്രഹ്മാവു് കർമ്മാത്മാക്കളായ ഇന്ദ്രാദിദേവന്മാരേയും, സൂക്ഷ്മരൂപമുള്ള സാദ്ധ്യദേവന്മാരേയും, അഴിവില്ലാത്ത യാഗങ്ങളേയും, ചരാചരങ്ങളേയും സൃഷ്ടിച്ചു.

23. അഗ്നിവായു രവിഭ്യസ്തു ത്രയ ബ്രഹ്മസനാതനം
ദുദോഹയജ്ഞ സിദ്ധ്യർത്ഥ മൃഗ്യജുസ്സാമലക്ഷണം.

യാഗങ്ങൾ നിറവേററുന്നതിനായി ബ്രഹ്മാവു് ''അഗ്നി വായു സൂര്യൻ'' ഇവയിൽനിന്നും ലക്ഷണസമന്വിതമായും സനാതനമായുമുള്ള ''ഋക് യജുസ് സാമം'' എന്നു പേരോടു കൂടിയ മൂന്നു വേദങ്ങൾ സൃഷ്ടിച്ചു.

24. കാലംകാലവിഭക്തീശ്ച നക്ഷത്രാണിഗ്രഹാംസ്ത ഥാ
സരിതസ്സാഗരാൻശൈലാൻ സമാനിവിഷമാണിച.

ഇതിനുശേഷം കാലവും കാലത്തിനു് മാസാദി വിഭജനവും കാർത്തിക മുതലായ നക്ഷത്രങ്ങളും സൂര്യാദിനവഗ്രഹങ്ങളും നദികളും സമുദ്രങ്ങളും പർവ്വതങ്ങളും നിമ്നോന്നത സ്ഥലങ്ങളും സൃഷ്ടിച്ചു.

25. തപോവാചംരതിം ചൈവകാമം ചക്രോധമേവച
സൃഷ്ടിംസ സർജ്ജചൈവേമാം സ്രഷ്ടുമിച്ഛന്നിമാഃ
പ്രജാഃ

പ്രാജാപത്യം മുതലായ തപസ്സും, വാക്കുകളും, ക്രീഡയും, സന്തോഷവും കാമക്രോധങ്ങളും സൃഷ്ടിക്കുന്നതിനു് ഇച്ഛയോടു കൂടിയ പ്രജകളുടെ വൃത്തിക്കുവേണ്ടി സൃഷ്ടിച്ചു.

26. കർമ്മണാം ചവിവേകാൎത്ഥം ധർമ്മാധർമ്മൗവ്യവേചയൽ
ദ്വംദ്വൈരയോജയച്ചേമാഃ സുഖദുഃഖാദിഭിഃപ്രജാഃ

കർമ്മങ്ങളുടെ അറിവിന്നായി ധർമ്മാധർമ്മങ്ങളും, അവ ചെയ്യുന്നവർക്കു ഫലമായിട്ടു സുഖദുഃഖങ്ങളും നിർമ്മിച്ചു.

27. ആൺവ്യോമാത്രാവിനാനിക്ത്യാ ദശാർദ്ധാനാന്തുയാഃ
സ്മൃതാഃ
താഭിസ്സാർദ്ധമിദംസർവ്വം സംഭവത്യനു പൂർവ്വശഃ

പഞ്ചമഹാഭൂതങ്ങളുടെ സൂക്ഷ്മരൂപമായ തന്മാത്രകളാൽ സ്ഥൂലമായും സൂക്ഷ്മമായും ഇരിക്കുന്ന ഈ ലോകം ക്രമമായി വൃദ്ധി പ്രാപിക്കുന്നു.

28. യന്തു കമ്മണിയസ്മിൻ സന്യയുങ്ക്തപ്രഥമംപ്രഭുഃ
സതദേവസ്വയംഭേജെ സൃജ്യമാനഃപുനഃപുനഃ

പ്രഭുവായ ആ ബ്രഹ്മാവു് ഏതു ജീവി ഏതു പ്രവൃത്തിയിൽ നിയമിച്ചിരിക്കുന്നോ, പിന്നീടു് ഉണ്ടാകുന്ന ആ ഇനത്തിൽപെട്ട ജീവികളും അപ്രകാരമുള്ള പ്രവൃത്തി ചെയ്യുന്നു.

29. ഹിംസ്രാഹിംസ്രേമൃദുക്രൂരേ ധർമ്മാധർമ്മാവൃതാനൃതേ
യദ്യസ്യസോദധാത്സർഗ്ഗേ തത്തസ്യസ്വയമാവിശൽ.

ഹിംസസിംഹാദി മൃഗങ്ങൾക്കും, കൊല്ലപ്പെടുകയെന്ന കർമ്മം. മാൻ മുതലായ സാധു മൃഗങ്ങൾക്കും, ദയ ബ്രാഹ്മണർക്കും ക്രൗര്യം ക്ഷത്രിയർക്കും ഗുരു ശുശ്രൂഷാകർമ്മം ബ്രഹ്മചാരികൾക്കും, സത്യം ദേവന്മാർക്കും, അസത്യം മനുഷ്യർക്കും നൽകി.

30. യഥൎത്തുലിംഗാന്യൃതവഃ സ്വയമേവൎത്തുപര്യയേ
സ്വാനിസ്വാന്യഭിപദ്യന്തേ തഥാകർമ്മാണിദേഹിനഃ

വസന്താദി ഋതുക്കൾ ഓരോ കാലങ്ങളിൽ അതാതിന്റെ ലക്ഷണങ്ങൾ സ്വയമേവ് എങ്ങിനെ പ്രാപിക്കുന്നുവോ, അതുപോലെ പ്രാണി

കളും തങ്ങടെ തങ്ങളുടെ കൃത്യങ്ങൾക്ക തക്ക പ്രവൃത്തികളെ സ്വയമേവ പ്രാപിക്കുന്നു.

31. ലോകാനാന്തുവിവൃദ്ധ്യർത്ഥം മുഖബാഹൂരുപാദതഃ
ബ്രാഹ്മണംക്ഷത്രിയംവൈശ്യം ശൂദ്രംചനിരവർത്തയൽ.

ലോകവൃദ്ധിക്കായി തൻെറ മുഖം, കൈ, തുട, കാൽ ഈ അവയവങ്ങളിൽനിന്നു് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്ന നാലു വർണ്ണങ്ങളെ ക്രമമായി ഉല്പാദിപ്പിച്ചു.

32. ദ്വിധാകൃത്വാത്മനോദേഹ മർദ്ധേനപുരുഷോഭവൽ
അർദ്ധേനനാരിതസ്യാം സവിരാജമസൃജൽപ്രഭുഃ

ബ്രഹ്മാവു് തൻെറ ശരീരം രണ്ടു ഖണ്ഡമാക്കി. ഒന്നു് സ്ത്രീയായും ഒന്നു പുരുഷനായും സൃഷ്ടിച്ചിട്ടു് ആ സ്ത്രീയെ ആ പുരുഷൻ സ്വഭാവേന പുണർന്നു് വിരാട്പുരുഷനെ നിർമ്മിച്ചു.

33. തപസ്തപ്ത്വാസൃജദ്യന്തു സസ്വയംപുരുഷോ വിരാട്
തന്മാംവിത്താസ്യസർവ്വസ്യ സ്രഷ്ടാരംദ്വിജസത്തമാഃ

ആ വിരാട്പുരുഷൻ തപസ്സുചെയ്തു് ഈ ലോകം സവിശേഷം സൃഷ്ടിക്കുന്നതിനായിട്ടു് ആരെ നിർമ്മിച്ചുവോ, അവൻ ഞാനെന്നറിയുവിൻ.

34. അഹംപ്രജാസ്സിസൃക്ഷുസ്തു തപസ്തപ്ത്വാസുദുശ്ചരം
പതിൻപ്രജാനാമസൃജം മഹർഷീനാദിതോദശ.

ഞാൻ അനേകം ജീവികളെ സൃഷ്ടിക്കുന്നതിനുള്ള ആഗ്രഹത്തോടു കൂടി അസാധാരണമായ തപസ്സുചെയ്തു് പ്രാണികളെ സൃഷ്ടിക്കത്തക്ക പ്രഭാവമുള്ള, പ്രജാപതികളായി പത്തു മഹർഷിമാരെ സൃഷ്ടിച്ചു.

35. മരീചിമത്ര്യംഗിരസൗ പുലസ്ത്യം പുലഹംക്രതും
പ്രചേതസംവസിഷ്ഠംച ഭൃഗുന്നാരദമേവച.

അവർ മരീചി, അത്രി, അങ്ഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, പ്രചേതസ്സ്, വസിഷ്ഠൻ, ഭൃഗു, നാരദൻ എന്നിവരാകുന്നു.

36. സതേമന്വംസ്തുസംപ്താന്യാനസൃജൻഭൂരിതേജസഃ
ദേവാൻ ദേവനികായാംശ്ച മഹർഷീംശ്ചാമിതൗജസഃ

ഏററവും കാന്തിയോടുകൂടിയവരായ ഈ പ്രജാപതിമാർ മററു് ഏഴു മനുക്കളെയും, ദേവന്മാരെയും സ്വർഗ്ഗാദിലോകങ്ങളെയും ഗന്ധർവ്വന്മാരെയും തപസ്വികളായ മഹാമുനികളെയും സൃഷ്ടിച്ചു.

37. യക്ഷരക്ഷഃപിശാചാംശ്ച ഗന്ധർവ്വാപ്സരസോസുരാൻ
നാഗാൻസർപ്പാൻസുപർണ്ണാംശ്ച പിതൃണാംച—
പൃഥഗ്ഗുണാൻ.

ഈ പ്രജാപതിമാർ യക്ഷന്മാരെയും വാസുകി മുതലായ നാഗങ്ങളെയും അലകത്തൻ മുതലായ സർപ്പങ്ങളെയും ഗരുഡൻ മുതലായ പക്ഷികളെയും, രാക്ഷസന്മാരെയും, പിശാചുക്കളെയും, അപ്സരസ്സുകളെയും, ഗന്ധർവ്വന്മാരെയും, പിതൃക്കളുടെ പലവിധ സമൂഹങ്ങളെയും സൃഷ്ടിച്ചു.

38. വിദ്യുതോശനിമേഘാംശ്ച രോഹിതേന്ദ്രധനൂംഷിച
ഉൽക്കാനിർഘാതകേതൂംശ്ച ജ്യോതീംഷ്യുച്ചാവചാനിച.

മിന്നൽ, ഇടി, മേഘം, ഇന്ദ്രധനുസ്സ്, ധൂമകേതു, ഭൂകമ്പം, കൊള്ളിമീൻ മുതലായ ഉൽപാതകങ്ങളും.

39. കിന്നരാൻ വാനരാൻ മത്സ്യാൻ വിവിധാംശ്ചവിഹംഗ—മാൻ
പശൂൻമൃഗാൻമനുഷ്യാംശ്ച വ്യാളാശ്ചോഭയതോദതഃ

കിന്നരൻ, വാനരർ, മത്സ്യങ്ങൾ, പല വർണ്ണങ്ങളിലുള്ള പക്ഷികൾ, പശുക്കൾ, മൃഗങ്ങൾ, മനുഷ്യർ രണ്ടുഭാഗത്തും പല്ലുകളുള്ള പുലി മുതലായവയും.

40. കൃമികീടപതാഗാംശ്ച യൂകാമക്ഷികമൽക്കുണം
സർവ്വംചദംശമശകം സ്ഥാവരംചപൃഥഗ്വിധം.

അണക്കൾ, പുഴക്കൾ, ശലഭങ്ങൾ, എട്ടുകാലി, പേൻ, ഈച്ച, മൂട്ട, കാട്ടീച്ച, കൊതുക്, വൃക്ഷങ്ങൾ തുടങ്ങിയവയും.

41. ഏവമേതൈരിദംസർവ്വം മന്നിയോഗാന്മഹാത്മഭിഃ
യഥാകർമ്മതപോയോഗാൽ സൃഷ്ടംസ്ഥാവരജംഗമം.

പ്രജാപതികൾ എൻെറ ആജ്ഞയാൽ തപസ്സുചെയ്ത് ഈ വിധത്തിൽ സൃഷ്ടിച്ചു. പ്രാണികളുടെ കർമ്മത്തിനനുരൂപമായി സ്ഥാവരജംഗമങ്ങളെ അവർ സൃഷ്ടിച്ചു.

42. യേഷാന്തുയാദൃശം കർമ്മ ഭൂതാനാമിഹകീർത്തിതം
തത്തഥാവോഭിധാസ്യാമി ക്രമയോഗംച ജന്മനി.

ഈ പ്രാണികളുടെ ഉല്പത്തിക്രമവും അവയുടെ പ്രവൃത്തികളും അങ്ങേക്കു ഞാൻ പറഞ്ഞുതരാം.

## ഉൽപത്തിക്രമം

43. പശവശ്ചമൃഗാശ്ചൈവ വ്യാളാശ്ചോഭയതോദതഃ
രക്ഷാംസിചപിശാചാശ്ച മനുഷ്യാശ്ചജരായുജാഃ

പശുക്കൾ, മൃഗങ്ങൾ രണ്ടുവശത്തും പല്ലുള്ള പുലി മുതലായ ജന്തുക്കൾ, രാക്ഷസർ, പിശാചുക്കൾ, മനുഷ്യർ ഇവ ജരായു എന്നു പറയപ്പെടുന്ന ഗർഭാശയത്തിൽ ഉത്ഭവിച്ച് അതിനോടുകൂടി ജനിക്കുന്നു.

44. അണ്ഡജാഃ പക്ഷിണസ്സർപ്പാ നക്രാമത്സ്യാശ്ചകച്ഛപാഃ
യാനിചൈവം പ്രകാരാണിസ്ഥലജാന്യൗദകാനിച.

വിവിധ പക്ഷികൾ ജലജങ്ങളായ മുതലകൾ, ആമകൾ, മത്സ്യങ്ങൾ, കരയിലുള്ള സർപ്പാദി ഇഴജന്തുക്കൾ ഇവ മുട്ടയിൽനിന്നും ജനിക്കുന്നു.

45. സ്വേദജംദംശമശകം യൂകാമാക്ഷികമൽക്കുണം
ഊഷ്മണശ്ചോപജായന്തെ യച്ചാന്യൽകിഞ്ചിദീദൃശം.

കാട്ടീച്ചകൾ, കൊതുകുകൾ, പേനുകൾ, ഈച്ചകൾ, മൂട്ടകൾ ഇവയോടു സാദൃശമായ ഉറുമ്പുകൾ, കൃമികീടങ്ങൾ ഇവ വിയർപ്പിനാൽ ഉണ്ടാകുന്നവയാകുന്നു.

46. ഉത്ഭിജാസ്ഥാവരാസ്സർവ്വേ ബീജകാണ്ഡപ്രരോഹിണഃ
ഔഷധ്യഃ ഫലപാകാന്ത ബഹുപുഷ്പഫലോപഗാഃ

ബീജകാണ്ഡപ്രരോഹികളായിരിക്കുന്ന സകല വൃക്ഷങ്ങളും ഊർദ്ധ്വ മുഖമായി ഭൂമിയിൽനിന്നും ജനിക്കുന്നു. ഈ വൃക്ഷങ്ങളുടെ ഭേദമായിട്ട് പലവിധ ലതകളും, തൃണദ്രുമങ്ങളും, സ്തംഭങ്ങളും, ഓഷധികളും, ഫലങ്ങളോടും പുഷ്പങ്ങളോടുംകൂടി ഭവിച്ചിട്ട് ഫലപാകാവസാനത്തിൽ നശിച്ചുപോകുന്നു. ഇവയൊക്കെ ഉത്ഭിജങ്ങളാണ്.

47. അപുഷ്പാഃ ഫലവന്തോയേ തേവനസ്പതയസ്മൃതാഃ
പുഷ്പിണഃ ഫലിനശ്ചൈവ വൃക്ഷാസ്തൂഭയതഃ സ്മൃതാഃ

പുഷ്പിക്കാതെ കായ്ക്കുന്ന അത്തി മുതലായ വൃക്ഷങ്ങൾക്ക ''വനസ്പതി''യെന്നു പറയുന്നു. പുഷ്പിക്കുന്നവയും പുഷ്പഫലങ്ങളോടു കൂടിയവയും എന്നു് വൃക്ഷങ്ങൾ രണ്ടുതരത്തിലുണ്ട്.

48. ഗുച്ഛഗുന്മന്തുവിവിധം തഥൈവതൃണജാതയഃ
ബീജകാണ്ഡരുഹാണ്യേവ പ്രതാനാവല്യഏവച.

ഇപ്രകാരം ചില തൃണജാതികൾ കൊത്തുകൊത്തുകളായും ഗുൽമങ്ങളായിട്ടും പലവിധത്തിൽ ഉണ്ടാകുന്നു. ബീജകാണ്ഡരുഹകളായും, പ്രതാനങ്ങളായിട്ടും, വല്ലികമായിട്ടും തീരുന്നു.

49. തമസാബഹുരൂപേണ വേഷ്ടിതാഃകർമ്മഹേതുനാ
അന്തസ്സംജ്ഞാഭവന്ത്യേതേ സുഖദുഃഖസമന്വിതാഃ

കർമ്മഹേതുവാൽ പാപകർമ്മകാരണമായ അനേക രൂപതമോഗുണത്താൽ ചുററപ്പെട്ട ഈ സ്ഥാവരജാതികൾ ഉള്ളറിവുള്ളവയായി സുഖദുഃഖങ്ങളോടുകൂടിയിരിക്കുന്നു.

50. ഏതദന്താസ്തുഗതയോ ബ്രഹ്മാദ്യാസ്സമുദാഹൃതാഃ
ഘോരേസ്മിൻഭൂതസംസാരേ നിത്യംസതതയായിനി.

ബ്രഹ്മോൽപത്തി മുതൽ വൃക്ഷോൽപത്തി വരെ ഈ ഘോരമായ സംസാരസാഗരത്തിന്റെ ഉൽപത്തി പറഞ്ഞിരിക്കുന്നു.

## ദിനപ്രളയകാലവിജ്ഞാനം

51. ഏവംസർവംസൃഷ്ട്വേദം മാംചാചിന്ത്യപരാക്രമഃ
ആത്മന്യന്തർദ്ദധേഭൂയ: കാലം കാലേന പീഡയൻ.

ഇപ്രകാരം ബ്രഹ്മാവു് എല്ലാ ലോകവും എന്നെയും സൃഷ്ടിച്ചു. തന്റെ പകൽ അവസാനിച്ചപ്പോൾ ഈ ലോകം പ്രളയത്തോടുകൂടി അവസാനിപ്പിച്ച്, താനും അന്തർദ്ധാനം ചെയ്തു.

52. യദാസദേവോജാഗത്തി തദേദംചേഷ്ടതേജഗൽ
യദാസ്വപിതിശാന്താത്മാ തദാസർവംനിമീലതി.

ഇതിനു ശേഷം എപ്പോൾ ബ്രഹ്മാവു് ഈ ലോകം സൃഷ്ടിക്കുന്നതിന് ആഗ്രഹിക്കുന്നോ അപ്പോൾ ഈ ലോകം ഉണ്ടാകുന്നു. എപ്പോൾ അതു് നശിപ്പിക്കുന്നതിനായി നിദ്രപ്രാപിക്കുന്നുവോ അപ്പോൾ നശിക്കുന്നു.

53. തസ്മിൻസ്വപതിസുസ്ഥേത്തു കർമ്മാത്മാനശ്ശരീരണഃ
സ്വകർമ്മഭ്യോനിവത്തന്തേ മനശ്ചഗ്ലാനമൃച്ഛതി.

ബ്രഹ്മാവ് നിദ്രപ്രാപിക്കുമ്പോൾ കർമ്മത്തിനാൽ ശരീരികളായി ഭവിക്കുന്ന പ്രാണികൾ ആ കർമ്മത്തിൽനിന്നും വേർപെട്ട് സ്ഥൂല ദേഹം കൂടാതെയായിത്തീരുന്നു. മനസ്സ് കാര്യശക്തിയോടു കൂടാതെയിരിക്കും.

## മഹാപ്രളയ വിജ്ഞാനം

54. യുഗപത്തുപ്രലീയന്തേ യദാതസ്മിൻമഹാത്മനി
തദായം സർവഭൂതാത്മാ സുഖംസ്വപിതിനിർവൃതഃ

ബ്രഹ്മാവിൻെറ വയസ്സവസാനിച്ചപ്പോൾ സർവ്വാന്തര്യാമിയായ പരമാത്മാവിൽ ബ്രഹ്മാവ് മുതലായ സകല പ്രാണികളും ആകാശാദി ഭൂതങ്ങളും വിലയംപ്രാപിച്ചു. അപ്പോൾ ആ പരാമാത്മാവ് സകല പ്രാണികളെയും സുഖമായി ഉദരത്തിൽ വഹിച്ച് നിദ്ര പ്രാപിച്ചതുപോലെ സുഖം പ്രാപിച്ചിരുന്നു.

## ജീവോൽക്രമണം

55. തമോയന്തുസമാശ്രിത്യ ചിരന്തിഷ്ഠതിസേന്ദ്രിയഃ
നചസ്വം കുരുതേകർമ്മ തദോൽക്രാമതി മൂർത്തിതഃ

ഒരു ജീവൻ തമോഗുണത്തിനാൽ അഭിവ്യാപ്തനായി പഞ്ചേന്ദ്രിയത്തോടു കൂടിയ ഒരു ദേഹം അവലംബിച്ച് ദീർഘകാലമിരുന്ന് എപ്പോൾ ശ്വാസോച്ഛ്വാസം തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതിന് അശക്തനായി തീരുന്നോ അപ്പോൾ സ്ഥൂലദേഹം വിട്ട് സൂക്ഷ്മരൂപത്തോടെ വെളിപ്പെടുന്നു.

## ദേഹാന്തരപ്രാപ്തി

56. യഥാണമാത്രികോഭൂത്വാ ബീജംസ്ഥാസ്നുചരിഷ്ണു ച
സമാവിശതിസംസൃഷ്ട സ്തദാമൂർത്തിംവിമുംചതി.

ആ ജീവൻ പഞ്ചമഹാഭൂതങ്ങൾ പഞ്ചേന്ദ്രിയങ്ങൾ മനസ്സ് ബുദ്ധി ജന്മാന്തരവാസന കർമ്മം പ്രാണവായു അവിദ്യ ഇവയോടുകൂടി സ്ഥാവര ജംഗമബീജത്തെ പ്രാപിക്കുമ്പോൾ, അവന് സ്ഥൂലശരീരമുണ്ടാകുന്നു.

57. ഏവംസജാഗ്രത്സ്വപ്നാഭ്യാ മിദംസർവ്വം ചരാചരം
സംജീവയതിചാജസ്രം പ്രമാപയതിചാവ്യയഃ

ഇങ്ങനെ ബ്രഹ്മാവ് തൻെറ ഉന്മീലനകാലത്തിൽ സ്ഥാവരജംഗമത്തെയുണ്ടാക്കിയും നിമീലനകാലത്തിൽ അവയെ നശിപ്പിച്ചും അനശ്വരനാകുന്നു.

58. ഇദംശാസ്ത്രന്തുകൃത്വാസൗ മാമേവസ്വയമാദിതഃ
വിധിവൽഗ്രാഹയാമാസ മരീച്യാദീംസ്ത്വഹമ്മുനീൻ.

ബ്രഹ്മാവു് ഈ ശാസ്ത്രം നിർമ്മിച്ചു് വിധിപ്രകാരം എനിക്കുപദേശിച്ചു. ഞാൻ മരീചി മുതലായ ഋഷികാംക്കു് അവ ഉപദേശിച്ചു.

59. ഏതദ്വേയംഭൃഗുശ്ശാസ്ത്രം ശ്രാവയിഷ്യത്യശേഷതഃ
ഏതദ്ധിമത്തോധിജഗേ സർവ്വമേഷോഖിലമ്മുനിഃ

ഈ ശാസ്ത്രം എന്നിൽനിന്നു് വഴിയാംവണ്ണം ഗ്രഹിച്ച ഭൃഗുമഹർഷി നിങ്ങാംക്കു സവിസ്തരം എല്ലാം ഉപദേശിക്കും.

60. തതസ്തഥാസതേനോക്തോ മഹർഷിർമനുനാഭൃഗുഃ
താനബ്രവീദ്ധ്യഷീൻസർവ്വാൻ പ്രീതാത്മാശ്രൂയതാമിതി.

ഇതിനുശേഷം മനുപ്രജാപതി നിയമിച്ച ഭൃഗുമഹർഷി ആ മഹർഷിമാരെ നോക്കി കേട്ടാലും എന്നു് സന്തോഷത്തോടുകൂടി പറയാൻ തുടങ്ങി.

61. സ്വായംഭുവസ്യാസ്യമനോഃ ഷഡ്വംശാമനവോപരെ
സൃഷ്ടവന്തഃപ്രജാസ്സ്വാസ്വാ മഹാത്മാനോമഹൗജസഃ

ബ്രഹ്മവംശത്തിലുണ്ടായ മനുപ്രജാപതിയുടെ വംശത്തിൽ ജാതരായ ആറു മനുക്കളും അവരവരുടെ ആധിപത്യകാലത്തു് ഏററവും കാന്തിയുള്ള പ്രാണികളെ സൃഷ്ടിച്ചു.

62. സ്വാരോചിഷ ശ്ചൗത്തമശ്ച താമസോരൈവതസ്ഥഥാ
ചാക്ഷുഷശ്ചമഹാതേജാ വിവസ്വൽസുതഏവ ച.

സ്വാരോചിഷൻ, ഉത്തമൻ, താമസൻ, രൈവതൻ, ചാക്ഷുഷൻ, അധിക തേജസ്സുള്ള വൈവസ്വതൻ എന്നു് ഇവർ ആറുപേരാകുന്നു.

63. സ്വായംഭുവാദ്യാസ്സപ്തൈതേ മനവോഭൂരിതേജസഃ
സ്വേസ്വേന്തരേസർവ്വമിദ മുല്പാദ്യായുശ്ചരാചരം.

ഭൂരിതേജസ്സുകളായ ഈ ആറു മനുക്കളും സ്വായംഭുവമനുവും അവരവരുടെ ആധിപത്യകാലത്തു പ്രജകളെ സൃഷ്ടിച്ചു രക്ഷിച്ചുവന്നു.

## കാലപരിമാണവിജ്ഞാനം

64. നിമേഷാദശചാഷ്ടൗച കാഷ്ഠാത്രിംശന്തുതാഃകലാ
ത്രിംശൽ കലാമുഹൂർത്തസ്സ്യാദഹോരാത്രന്തുതാവതഃ

പതിനെട്ടു നിമേഷംകൂടിയതു് ഒരു കാഷ്ഠ; മുപ്പതു കാഷ്ഠകൂടിയതു് ഒരു കലാ; മുപ്പതു കലകാം കൂടിയതു് ഒരു മുഹൂർത്തം മുപ്പതു മുഹൂർത്തം കൂടിയതു് ഒരുദിവസം.

65. അഹോരാത്രേ വിഭജതേ സൂര്യോമാനുഷദൈവികേ
രാത്രിസ്സ്വപ്നായ ഭൂതാനാം ചേഷ്ടായൈകർമ്മണാമഹഃ

മനുഷ്യർക്കും ദേവന്മാർക്കും സൂര്യൻ രാവും പകലും വിഭജിക്കുന്നു. അവയിൽ രാത്രികാലം നിദ്രയ്ക്കായിട്ടും പകൽ പ്രവൃത്തിക്കായും വിഭജിച്ചിരിക്കുന്നു.

66. പിത്ര്യേരാത്ര്യഹനീമാസഃ പ്രവിഭാഗസ്തുപക്ഷയോഃ
കർമ്മചേഷ്ടാസ്വഹഃകൃഷ്ണഃശുക്ലസ്സ്വപ്നായശർവ്വരീ.

മുപ്പതു് അഹോരാത്രം ഒരു മാസമാണു്. അതിൽ പതിനഞ്ചു ദിവസം കൃഷ്ണപക്ഷവും പതിനഞ്ചു ദിവസം ശുക്ലപക്ഷവും ആകുന്നു. ഈ രണ്ടു പക്ഷങ്ങളും കൂടിയ ഒരു മാസം പിതൃക്കൾക്കു് ഒരു അഹോരാത്രമാകുന്നു. അതിനാൽ കൃഷ്ണപക്ഷം പകലും ശുക്ലപക്ഷം രാത്രിയുമാകുന്നു.

67. ദേവൈരാത്ര്യഹനീവർഷം പ്രവിഭാഗസ്തയോഃപുനഃ
അഹസ്തത്രോദഗയനം രാത്രിസ്സ്യാദക്ഷിണായനം.

മനുഷ്യരുടെ പന്ത്രണ്ടുമാസം കൂടിയതായ ഒരു വത്സരം ദേവന്മാർക്കു് ഒരു അഹോരാത്രമാകുന്നു. ഇതിൽ ആറുമാസക്കാലമായ ഉത്തരായനകാലം ദേവന്മാർക്കു പകലും ബാക്കി ആറു മാസക്കാലമായ ദക്ഷിണായനകാലം രാത്രിയുമാകുന്നു. മുപ്പതു് അഹോരാത്രം ഒരു മാസവും പന്ത്രണ്ടുമാസം കൂടിയതു് ഒരു വത്സരവും ആകുന്നു.

68. ബ്രാഹ്മസ്യതുക്ഷപാഹസ്യ യൽപ്രമാണംസമാസതഃ
ഏകൈകശോയുഗാനാന്തു ക്രമശസ്തന്നിബോധത.

ബ്രഹ്മാവിന്റെ രാപ്പകലുകൾ അറിയുന്നതിന്നു് യുഗത്തിന്റെ കണക്കുകൾ ക്രമമായിപ്പറയാം.

69. ചത്വാര്യാഹുസ്സഹസ്രാണി വർഷാണാന്തുകൃതംയുഗം
തസ്യതാവച്ഛതീസന്ധ്യാ സംന്ധ്യാംശശ്ചതഥാവിധഃ

നാലായിരം ദേവവർഷംകൂടുന്നതു് കൃതയുഗമാകുന്നു. കൃതയുഗത്തിൽ പ്രാതസ്സന്ധ്യാകാലം ദേവവർഷം നാനൂറും, സായംസന്ധ്യാകാലം നാനൂറും ഇങ്ങനെ ആകെ കൃതയുഗം നാലായിരത്തിയെണ്ണൂറു ദിവ്യ സംവത്സരമാണു്.

70. ഇതരേഷു സസന്ധ്യേഷു സസന്ധ്യാംശേഷുചത്രിഷു
ഏകാപായേന വർത്തന്തെ സഹസ്രാണിശതാനിച.

മററു മൂന്നു യുഗങ്ങളിൽ പ്രഭാതകാലത്തു നൂറും സായംകാലത്തു നൂറും യുഗകാലത്തിൽ ആയിരവും ഇങ്ങനെ ക്രമേണ കുറഞ്ഞുവരുന്നു. ഈ ക്രമത്തിൽ ത്രേതായുഗം മൂവായിരത്തി അറുനൂറും ദ്വാപരയുഗം രണ്ടായിരത്തി നാനൂറും കലിയുഗം ആയിരത്തി ഇരുനൂറും ദിവ്യസംവത്സരമാകുന്നു.

71. യദേതൽപരിസംഖ്യാത മാദാവേവചതുർയുഗം
ഏതദ്വാദശസാഹസ്രം ദേവാനാംയുഗമുച്യതെ.

പന്തീരായിരം ദിവ്യവത്സരം കൂടുന്നതു് ഒരു ചതുർയുഗമാകുന്നു. ഇതു് ദേവകൾക്കു് ഒരു യുഗമാണു്.

72. ദൈവികാനാം യുഗാനാന്തു സഹസ്രംപരി സംഖ്യയാ
ബ്രാഹ്മമേക മഹർജ്ഞേയം താവതിരാത്രിരേവച.

ദിവ്യയുഗം ആയിരമാകുന്നതു് ബ്രഹ്മാവിന്നു് ഒരു പകലാകുന്നു. ഇങ്ങനെ ആയിരം ദിവ്യയുഗം ബ്രഹ്മാവിന്നു് ഒരു രാത്രിയാണു്. (2000— ദിവ്യയുഗം ബ്രഹ്മാവിന്നു് ഒരു ദിവസം.)

73. തദ്വൈയുഗ സഹസ്രന്തു ബ്രാഹ്മാപുണ്യമഹർവിദുഃ
രാത്രിഞ്ചതാവതീമേവ തെഹോരാത്രവിദോജനാഃ

ആയിരം ദിവ്യയുഗം ബ്രഹ്മാവിന്റെ പ്രവൃത്തികാലമായ പകലാണെന്നും, അപ്രകാരം ആയിരം ദിവ്യയുഗം സ്വപ്നകാലമായ രാത്രിയാണെന്നും മഹാന്മാർ പറയുന്നു.

74. തസ്യസോഹർന്നിശസ്യാന്തേ പ്രസുപ്തഃപ്രതിബുദ്ധ്യതെ
പ്രതിബുദ്ധശ്ചസൃജതി മനസ്സദസദാത്മകം.

ബ്രഹ്മാവു രാത്രിയുടെ അവസാനത്തിൽ ഉണർന്നെഴുന്നേററു് സത്തായും, അസത്തായുമിരിക്കുന്ന മനസ്സുകൊണ്ടു് ഈ ലോകം സൃഷ്ടിക്കണമെന്നുള്ള ഇച്ഛയോടുകൂടിയവനാകുന്നു.

75. മനസ്സ്സൃഷ്ടിംവികുരുതേ ചോദ്യമാനംസിസൃക്ഷയാ
ആകാശംജായതേതസ്മാ ത്തസ്യശബ്ദംഗുണംവിദുഃ

ആ മനസ്സു് ബ്രഹ്മാവിൻെറ ഇച്ഛയുടെ പ്രേരണയാൽ തന്നിൽനിന്നും ആകാശത്തെയുണ്ടാക്കുന്നു. ഈ ആകാശത്തിൻെറ ഗുണമാണു് ശബ്ദമെന്നു പറയാം.

76. ആകാശത്തുവികുർവാണാ ത്സർവ്വഗന്ധവഹശ്ശുചിഃ
ബലവാൻ ജായതേ വായുസ്സതൈസ്പർശഗുണോമതഃ

ആകാശത്തിൽനിന്നും സകല ഗന്ധത്തെ വഹിക്കുന്നതായും, പരിശുദ്ധമായും, ബലമുള്ളതായും ഇരിക്കുന്ന വായു ഉണ്ടാകുന്നു. അതിൻെറ ഗുണം സ്പർശമാണെന്നു നിശ്ചയിച്ചിരിക്കുന്നു.

77. വായോരപിവികുർവാണാ ദ്വിരോചിഷ്ണുതമോനുദം
ജോതിരുല്പദ്യതേഭാസ്വത്തദ്രൂ പഗുണമുച്യതേ.

ആ വായുവിൽനിന്നും പ്രകാശമുള്ളതും ഇരുട്ടു നശിപ്പിക്കുന്നതും ആയ അഗ്നിയുണ്ടാകുന്നു. അതിൻെറ ഗുണം രൂപമാണെന്നു പറയുന്നു.

78. ജ്യോതിഷശ്ചവികുർവാണാ ദാപോരസഗുണാഃ
സ്മൃതാഃ
അത്ഭ്യോഗന്ധഗുണാഭൂമി രിത്യേഷാസൃഷ്ടിരാദിതഃ

അഗ്നിയിൽനിന്നും ജലം ഉണ്ടാകുന്നു. അതിൻെറ ഗുണം രസമാകുന്നു. ആ ജലത്തിൽനിന്നു് പൃഥ്വിയുണ്ടാകുന്നു. അതിൻെറ ഗുണം ഗന്ധമാകുന്നു. ദിനപ്രളയാദിയിലെ സൃഷ്ടി ഇതാകുന്നു.

79. യൽപ്രാഗ്ദ്വാദശസാഹസ്ര മുദിതംദൈവികംയുഗം
തദേക സപ്തതിഗുണം മന്വന്തരമിഹോച്യതേ.

പന്തീരായിരം ദിവ്യവത്സരം ഒരു ചതുർയുഗമെന്നു പറഞ്ഞു. ഇങ്ങനെയുള്ള എഴുപത്തൊന്നു ചതുർയുഗം കൂടുമ്പോൾ ഒരു മനുവിൻെറ കാലം അവസാനിക്കുന്നു. ഇതിനെ ഒരു മന്വന്തരമെന്നു പറയുന്നു.

80. മന്വന്തരാണ്യസംഖ്യാനി സർഗ്ഗംസംഹാരഏവച.
ക്രീഡന്നിവൈതൽകുരുതേ പരമേഷ്ഠീപുനഃ പുനഃ

മനുക്കളുടെ അധികാരകാലങ്ങളായ മന്വന്തരങ്ങളേയും, സൃഷ്ടിയേയും, സംഹാരത്തേയും അസംഖ്യമായി ബ്രഹ്മാവു് ക്രീഡാമനുഷ്യനെപ്പോലെ തുടരെത്തുടരെയുണ്ടാക്കുന്നു.

81. ചതുഷ്പാത്സകലോധർമ്മഃ സത്യംചൈവകൃതേയുഗേ
നാധർമ്മേണാഗമഃ കശ്ചിന്മനുഷ്യാൻ പ്രതിവർത്തതേ.

കൃതയുഗത്തിൽ ധർമ്മവും സത്യവും നാലു പാദമായിരുന്നു. അതിൽ മനുഷ്യരെ അധർമ്മത്താൽ ഉണ്ടാകുന്ന ദുഃഖം പീഡിപ്പിച്ചില്ല.

82. ഇതരേഷ്വാഗമാദ്ധർമ്മഃ പാദശസ്ത്വവരോപിതഃ
ചാരികാനൃതമായാഭിർ ധർമ്മശ്ചാപൈതിപാദശഃ

മററു യുഗങ്ങളിൽ മോഷണം, അസത്യം, വഞ്ചന ഈ കൃത്യങ്ങാം കൊണ്ടു് അധർമ്മമായി സമ്പാദിച്ച ധനം, വിദ്യ മുതലായവയുണ്ടാകുന്നു. ധർമ്മവും, സത്യവും ഓരോ പാദമായിക്കുറയുന്നു.

83. അരോഗാസ്സർവസിദ്ധാൎത്ഥാ ശ്ചതുർവർഷശതായുഷഃ
കൃതേത്രേതാദിഷ്വഹേഷാ മായുർഹ്രസതിപാദശഃ

കൃതയുഗത്തിൽ മനുഷ്യർ ദീനഹിതന്മാരായും ഇഷ്ടസിദ്ധി പ്രാപിക്കുന്നവരായും സ്വഭാവമായി നാനൂറുവർഷം ജീവിക്കുന്നവരായും തീരുന്നു. തപസ്സു് മുതലായതിനാൽ ഇതിൽക്കൂടുതൽ വയസ്സു ചെന്നവരായിത്തീരും. ത്രേതാദിയായ മററു യുഗങ്ങളിൽ ഇവർക്കു മേല്പറഞ്ഞ നാനൂറു വയസ്സിൽ നിന്നു നൂറു വയസ്സുവീതം കുറയുന്നു. അങ്ങനെ കലിയുഗത്തിൽ നൂറു വയസ്സു മാത്രമാകുന്നു.

84. വേദോക്തമായുർമർത്ത്യാനാ മാശിഷശ്ചൈവകർമ്മണാം
ഫലന്ത്യനുയുഗംലോകേ പ്രഭാവശ്ചശരീരിണാം.

മനുഷ്യർക്കു വേദത്തിൽ പറയപ്പെട്ട ആയുസ്സും, ഇഷ്ടസിദ്ധിയും, ബ്രാഹ്മണരുടെ ശാപാനുഗ്രഹങ്ങളും ധർമ്മത്തിന്നനുസരണമായി യുഗന്തോറും ഫലിക്കുന്നു.

85. അന്യേകൃതയുഗേധർമ്മ സ്ത്രേതായാം ദ്വാപരേപരേ
അന്യേകലിയുഗേനൃണാം യുഗഹ്രാസാനുരൂപതഃ

കൃതയുഗധർമ്മം ഒരു വിധത്തിലും ത്രേതായുഗധർമ്മം മറെറാരു വിധവും ദ്വാപരയുഗധർമ്മം വേറൊരു വിധവും കലിയുഗധർമ്മം മറെറാരു വിധവും യുഗത്തിൻെറ കുറവിനനുരൂപമായി മനുഷ്യർക്കു പ്രാപ്തമാകുന്നു.

86. തപഃപരഃകൃതയുഗേ ത്രേതായാംജ്ഞാനമുച്യതേ
ദ്വാപരേയജ്ഞമേവാഹു ദാനമേകം കലൗയുഗേ.

കൃതയുഗത്തിൽ തപസ്സും ത്രേതായുഗത്തിൽ ആത്മജ്ഞാനവും ദ്വാപരയുഗത്തിൽ യജ്ഞവും, കലിയുഗത്തിൽ ദാനവും ഏററവും മുഖ്യധർമ്മങ്ങളായി വിധിച്ചിരിക്കുന്നു.

87. സർവസ്യാസ്യതുസർഗസ്യ ഗുപ്ത്യൎത്ഥം സമഹാദ്യുതിഃ
മുഖബാഹൂരുപാജ്ജാനാം പൃഥക്കർമ്മാണ്യകല്പയൽ

ബ്രഹ്മാവു് ഈ ലോകം പരിരക്ഷിക്കുന്നതിനായി തൻെറ മുഖം, ബാഹു, ഊരു, പാദം ഈ സ്ഥാനങ്ങളിൽനിന്നും ജനിച്ചവരായ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രരെന്ന നാലു വർണ്ണങ്ങാംക്കു കർമ്മങ്ങാം വേറെ വേറെ വിഭജിച്ചു.

88. അധ്യാപനം ചാധ്യയനം യജനംയാജനംതഥാ
ദാനംപ്രതിഗ്രഹഞ്ചൈവ ബ്രാഹ്മണാനാമകല്പയൽ.

വേദം അഭ്യസിപ്പിക്കുക, അഭ്യസിക്കുക, യജ്ഞംചെയ്യുക, യജ്ഞം ചെയ്യിക്കുക. ദാനം ചെയ്യുക, ദാനം വാങ്ങുക ഈ ആറു കർമ്മങ്ങളും ബ്രാഹ്മണർക്കായി നിശ്ചയിച്ചിരിക്കുന്നു.

89. പ്രജാനാം ഭക്ഷണംദാന മിജ്യാധ്യയനമേവച
വിഷയേഷ്വപ്രസക്തിശ്ച ക്ഷത്രിയസ്യസമാസതഃ

പ്രജകളെ ധർമ്മപരിപാലനം ചെയ്യുക, ദാനംചെയ്യുക, വേദമോതുക, പാട്ടു് കൂത്തു് സ്ത്രീ മുതലായ വിഷയങ്ങളിൽ വിരക്തിയുണ്ടാകുക, ഈ നാലു കർമ്മങ്ങളും ക്ഷത്രിയർക്കായി നിശ്ചയിച്ചിരിക്കുന്നു. അവർക്കു യജ്ഞം ചെയ്യുക മുതലായ ധർമ്മങ്ങളാകാം.

90. പശൂനാംരക്ഷണംദാന മിജ്യാധ്യയനമേവച
വണിക്പഥം കുസീദഞ്ച വൈശ്യസ്യകൃഷിമേവച.

പശു മുതലായ കാലികളെ രക്ഷിക്കൽ, ദാനം ചെയ്യൽ, വേദമോതൽ, ജലത്തിലും ഭൂമിയിലും ഉണ്ടാകുന്ന രത്നം, നെല്ലു മുതലായവ വ്യാപാരം ചെയ്യൽ, പലിശ വാങ്ങിക്കൽ, കൃഷി ചെയ്യൽ, ഈ ആറു കർമ്മങ്ങളും കൽപിച്ചിരിക്കുന്നു.

91. ഏകമേവതു ശൂദ്രസ്യ പ്രഭുഃകർമ്മസമാദിശൽ
ഏതേഷമേവവർണ്ണാനാം ശുശ്രൂഷമനസൂയയാ.

ശൂദ്രനു ഈ മൂന്നു വർണ്ണങ്ങൾക്കും വൈമനസ്യം കൂടാതെ ശുശ്രൂഷ ചെയ്യുന്നതുതന്നെ മുഖ്യധർമ്മമായി കൽപിച്ചിരിക്കുന്നു. അതിനാൽ ശൂദ്രർക്കു് ദാനം മുതലായവയുണ്ടാകുന്നു.

92. ഊദ്ധ്വന്നാഭേർമ്മേദ്ധ്യതരഃ പുരുഷഃപരികീർത്തിതഃ
തസ്മാന്മേധ്യതമംത്വസ്യ മുഖമുക്തംസ്വയംഭുവാ.

പുരുഷശരീരം പരിശുദ്ധമായിരിക്കുന്നു. അതിൽ നാഭിക്കു മുകളം ഭാഗം അധികം പരിശുദ്ധതരമാണു്. അതുകൊണ്ടു് ബ്രഹ്മാവിന്റെ മുഖം അത്യധികം പരിശുദ്ധമായിരിക്കുന്നു.

93. ഉത്തമാംഗോത്ഭവാജ്ജ്യൈഷ്ഠ്യദ് ബ്രഹ്മണശ്ചൈവ—
ധാരണാൽ
സർവ്വസ്യൈവാസ്യസർഗസ്യ ധർമ്മതോ ബ്രാഹ്മണഃ പ്രഭുഃ

ബ്രഹ്മാവിന്റെ മുഖത്തിൽനിന്നു ജനിച്ചതിനാലും, വേദത്തെ ധരിക്കുന്നതിനാലും, ക്ഷത്രിയാദിവർണ്ണങ്ങൾക്കു് ധർമ്മം ഉപദേശിക്കുന്നതിനാലും ഈ ലോകത്തിൽ ബ്രാഹ്മണൻ ധർമ്മമായി ഉൽകൃഷ്ടത പ്രാപിക്കുന്നു.

94. തംഹിസ്വയംഭൂസ്സ്വാദ്യാസ്യാ ത്തപസ്തപ്ത്വാദിതോസൃജൻ
ഹവ്യകവ്യാദിവാഹായ സർവ്വസ്യാസ്യചഗുപ്തയേ.

ബ്രാഹ്മണനെ സ്വയംഭുവായ ബ്രഹ്മാവു് ദേവപിതൃക്കൾക്കു യജ്ഞം, ശ്രാദ്ധം മുതലായ കർമ്മങ്ങളാൽ തൃപ്തി ചെയ്യുന്നതിനായിട്ടും, മററു വർണ്ണങ്ങളെ ധർമ്മോപദേശം ചെയ്തു രക്ഷിക്കുന്നതിനായിട്ടും തന്റെ മുഖത്തിൽ നിന്നു് ആദ്യമായി ജനിപ്പിച്ചു.

95. യസ്യാസ്യേനസദാശ്നന്തി ഹവ്യാദിത്രിദിവൗകസഃ
കവ്യാനി ചൈവപിതരഃ കിംഭൂതമധികംതതഃ

ഏതു ബ്രാഹ്മണൻ ഓതിയ മന്ത്രബലത്താൽ ദേവന്മാരും പിതൃക്കളും അവരവരുടെ ഹവിർഭാഗം സ്വീകരിക്കുന്നുവോ, ആ ബ്രാഹ്മണനല്ലാതെ ആരു് ശ്രേഷ്ഠനായിതീരും.

96. ഭൂതാനാം പ്രാണിനശ്രേഷ്ഠാഃ പ്രാണിനാംബുദ്ധിജീവിനഃ
ബുദ്ധിമൽസുനരാശ്രേഷ്ഠാഃ നരേഷുബ്രാഹ്മണാസ്മൃതാഃ

സകല ചരാചരങ്ങളിൽവച്ചു് പ്രാണനുള്ള ചരങ്ങൾ ഉൽകൃഷ്ടങ്ങളാ

കുന്നു. അവയിൽ അറിവോടുകൂടി ജീവിക്കുന്ന പശു മുതലായവ ശ്രേഷ്ഠ മാകുന്നു. ഇവയിൽ മനുഷ്യർ ശ്രേഷ്ഠരാകുന്നു. മനുഷ്യരിൽവച്ച് ബ്രാഹ്മ ണൻ ഉൽകൃഷ്ടനാകുന്നു.

97. ബ്രാഹ്മണേഷുചവിദ്വാംസോ വിദ്വൽസുകൃതബുദ്ധയാഃ
ബുകൃതദ്ധിഷുകർത്താരാഃ കർത്തൃഷുബ്രഹ്മവേദിനഃ

അവരിൽ വേദാൎത്ഥതത്വങ്ങൾ അറിഞ്ഞ പണ്ഡിതന്മാർ ഉൽകൃഷ്ടന്മാ രാണു്. അവരിൽ വിധി വിലക്കുകൾ ദൃഢമായറിഞ്ഞവർ ഉത്തമന്മാരാ കുന്നു. അവരിൽ വിധിനിഷിദ്ധങ്ങളൊഴിച്ചു കൃത്യമായ വിധി ചെയ്യുന്ന വർ ഉത്തമന്മാരാകുന്നു. അവരിൽ എല്ലാ ജീവികളിലും സമബുദ്ധിയായി വൎത്തിക്കുന്ന ബ്രഹ്മജ്ഞാനികൾ ഉത്തമന്മാരാണു്.

98. ഉല്പത്തിരേവവിപ്രസ്യ മൂർത്തിർധർമ്മസ്യശാശ്വതീ
സഹിധർമ്മാൎത്ഥമുല്പന്നോ ബ്രഹ്മഭൂയായകല്പതേ.

ബ്രാഹ്മണജന്മം ശാശ്വതമായിരിക്കുന്ന ധർമ്മം മൂൎത്തീകരിച്ചതാകുന്നു. ധർമ്മപ്രകാശത്തിനായി ഉൽഭവിച്ച ബ്രാഹ്മണൻ ജ്ഞാനംകൊണ്ടു മോക്ഷ ത്തിനവകാശിയായിത്തീരുന്നു.

99. ബ്രാഹ്മണോജാ യമാനോഹീ പൃഥിവ്യാമധിജായതേ
ഈശ്വരസ്സർവഭൂതാനാം ധർമ്മകോശസ്യഗുപ്തയേ.

ഭൂമിയിൽ ജനിച്ച ബ്രാഹ്മണൻ ഉൽകൃഷ്ടജന്മാവായി സൎവ്വവൎണ്ണങ്ങൾ ക്കുമുള്ള ധർമ്മം എന്ന നിധി, സകല പ്രജകളേയും രാജാവു് എന്നപോലെ രക്ഷിക്കുന്നു.

100. സർവ്വംസ്വം ബ്രാഹ്മണസ്യേദം യൽകിഞ്ചിജ്ജഗതീഗതം
ശ്രൈഷ്ഠ്യേനാഭിജനേധേദംസർവ്വം വൈബ്രാഹ്മണോഹ്റതി.

ബ്രാഹ്മണൻ ജാതിയിൽ ആദ്യനാകയാലും ബ്രഹ്മാവിന്റെ മുഖമായ ഉൽകൃഷ്ടസ്ഥാനത്തിൽനിന്നും ജനിച്ചവനാകയാലും ഈ ലോകത്തിൽ ഉണ്ടാ യിരിക്കുന്ന സകല വൎണ്ണങ്ങളുടെയും സ്വത്തു് ദാനം വാങ്ങുന്നതിനു് അ ൎഹനായിത്തീരുന്നു.

101. സ്വമേവബ്രാഹ്മണോഭുങ്ക്തേ സ്വംവസ്തേസ്വന്ദദാ—
തിച
ആനൃശംസ്യാദ് ബ്രാഹ്മണസ്യ ഭുംജതേഹീതരേജനാഃ

ബ്രാഹ്മണൻ ഒരുവനോടു ദാനം വാങ്ങിയാലും തന്റെ സ്വത്തുതന്നെ അവൻ ദാനം ചെയ്യുന്നു. മററുള്ളവർ ബ്രാഹ്മണകൃപകൊണ്ടാണു് അവ അനുഭവിക്കുന്നതു്.

102. തസ്യകർമ്മവിവേകാൎത്ഥം ശേഷാണാമനു പൂൎവ്വശഃ
സ്വായംഭുവോമനുർദ്ധീമാ നിദംശാസ്ത്രമകല്പയൽ.

ബ്രാഹ്മണന്റെയും മററുള്ളവരുടേയും ധർമ്മാനുഷ്ഠാനങ്ങളെ വിഭജിച്ച റിയുന്നതിനായി ഈ ശാസ്ത്രം അയോനിജനും ധീമാനുമായ സ്വായംഭുവമനു കല്പിച്ചിരിക്കുന്നു.

103. വിദുഷാബ്രാഹ്മണേനേദ മധ്യേതവ്യംപ്രയത്നതഃ
ശിഷ്യേഭ്യശ്ചപ്രവക്തവ്യം സമ്യങ്നാന്യേനകേനചിൽ

ഈ ശാസ്ത്രത്തിൻെറ മാഹാത്മ്യം അറിഞ്ഞ ബ്രാഹ്മണൻവഴി ഈ ശാസ്ത്രം അധ്യയനം ചെയ്യണം. ശിഷ്യന്മാർക്കും ഉപദേശിക്കണം. മററു വർണ്ണങ്ങൾക്ക് ഇതു് ഉപദേശിക്കരുതു്.

104. ഇദംശാസ്ത്രമധീയാനോ ബ്രാഹ്മണശ്ശംസിതവ്രതഃ
മനോവാഗ്ദേഹജൈർന്നിത്യം കർമ്മദോഷൈർന്ന—
ലിപ്യതേ.

വ്രതാനുഷ്ഠാനത്തോടുകൂടി ഈ ശാസ്ത്രം ഉപദേശിക്കുന്ന ബ്രാഹ്മണന്ന് കായവാങ്മാനസങ്ങളാൽ ഉണ്ടാകുന്ന കർമ്മദോഷങ്ങൾ ഒരിക്കലും ഉണ്ടാകുന്നില്ല.

105. പുനാതിപംക്തിംവംശ്യാംശ്ച സപ്തസപ്തപരാവരാൻ
പൃഥിവീമപിചൈവേമാം കൃത്സ്നാമേകോപിസോർഹതി.

ഈ ശാസ്ത്രം പറയുന്ന ബ്രാഹ്മണൻ ഒരുത്തനാണെങ്കിലും തൻെറ പങ്ക്തിയിലിരിക്കുന്ന എല്ലാവരേയും പരിശുദ്ധമാക്കുന്നു. തൻെറ വംശത്തിനേയും അതിൽ മുൻപും പിൻപുമുള്ള ഏഴേഴ ജന്മത്തിൽ ഉള്ളവരെയും സൽഗതിക്ക് അർഹരാക്കുന്നു. അവൻ ഈ ഭൂമി മുഴുവനും ദാനം വാങ്ങിയ്ക്കുന്നതിനു് യോഗ്യനാകുന്നു.

106. ഇദംസ്വസ്ത്യയനംശ്രേഷ്ഠ മിദംബുദ്ധിവിവർദ്ധനം
ഇദംയശസ്യമായുഷ്യമിദം നിശ്ശ്രേയസംപരം

ഈ ശാസ്ത്രം ഓതുന്നവർ മങ്ഗലവും, ബുദ്ധിയും, കീർത്തിയും, ആയുസ്സും പരമായിരിക്കുന്ന മോക്ഷവും പ്രാപിക്കുന്നു.

107. അസ്മിന്ധർമ്മോഖിലേനോക്തോ ഗുണദോഷൗചകർമ്മണാം
ചതുർണ്ണാമപിവർണ്ണാനാം ആചാരശ്ചൈവശാശ്വതഃ

ഈ ശാസ്ത്രത്തിൽ എല്ലാ ധർമ്മങ്ങളും, കർമ്മങ്ങളുടെ ഗുണദോഷങ്ങളും, നാലു വർണ്ണങ്ങളുടേയും ശാശ്വതമായുള്ള ആചാരങ്ങളും പറഞ്ഞിരിക്കുന്നു.

108. ആചാരഃ പരമോധർമ്മഃ ശ്രുത്യുക്തസ്മാർത്തഏവച
തസ്മാദസ്മിൻ സദായുക്തോ നിത്യംസ്യാദാത്മവാൻദ്വിജഃ

വേദത്തിലും സ്മൃതിയിലും പറഞ്ഞിരിക്കുന്ന ആചാരം എല്ലാവർക്കും മുഖ്യധർമ്മമായി പറഞ്ഞിരിക്കുന്നു. ആകയാൽ യോഗ്യനായിതീരണമെന്നു് ആഗ്രഹമുള്ളവൻ ഇതിൽ സദാ താല്പര്യമുള്ളവനായിരിക്കണം.

109. ആചാരാദ്വിച്യുതോവിപ്രോ നവേദഫലമശ്നുതേ
ആചാരേണതുസംയുക്ത സ്സമ്പൂർണ്ണഫലഭാഗ്ഭവേൽ.

ജാതിമര്യാദപ്രകാരം പ്രവർത്തിക്കാത്ത ബ്രാഹ്മണന്നു് വേദത്തിൽ പറയപ്പെട്ട ഫലം ലഭിക്കുകയില്ല. ജാതിമര്യാദ അനുസരിച്ചു നടക്കുന്ന ബ്രാഹ്മണന്നു് വേദോക്തപ്രകാരമുള്ള ഫലം പൂർണ്ണമായി ലഭിക്കുന്നു.

110. ഏവമാചാരതോദൃഷ്ട്വാ ധർമ്മസ്യമുനയോഗതിം
സർവ്വസ്യതപസോമൂല മാചരംജഗൃഹുഃപരം.

മുനിമാർ ആചാരത്തിനാൽ ധർമ്മത്തിൻെറ ഫലം അറിഞ്ഞു് എല്ലാ തപസ്സിനും ആചാരം പ്രധാന കാരണമായി പറയുന്നു.

## വിഷയസംഗ്രഹം

111. ജഗതശ്ചസമുല്പത്തിം സംസ്കാരവിധിമേവച
വ്രതചര്യോപചാരംച സ്നാനസ്യചപരംവിധിം.

ഈ ശാസ്ത്രത്തിൽ ലോകത്തിൻെറ ഉല്പത്തിയേയും, ജാതകർമ്മം മുതലായ സംസ്കാരങ്ങളേയും ബ്രഹ്മചാരികളുടെ വ്രതാനുഷ്ഠാനങ്ങളേയും ഗുരുശുശ്രൂഷയേയും വേദാഭ്യസനം കഴിഞ്ഞു് ചെയ്യേണ്ട മങ്ഗളസ്നാനവിധിയേയും;

112. ദാരാധിഗമനം ചൈവ വിവാഹാനാഞ്ചലക്ഷണം
മഹായജ്ഞവിധാനം ചശ്രാർദ്ധകല്പം ചശാശ്വതം.

വിവാഹത്തേയും വിവാഹഭേദങ്ങളേയും പഞ്ചമഹായജ്ഞവിധിയേയും ശ്രാദ്ധത്തിൻെറ ശാശ്വതമായിരിക്കുന്ന വിധിയേയും;

113. വൃത്തീനാംലക്ഷണഞ്ചൈവ സ്നാതകസ്യവ്രതാനിച
ഭക്ഷ്യാഭക്ഷ്യംചശൗചഞ്ച ദ്രവ്യാണാംശുദ്ധിമേവച.

സകലരുടേയും ജീവനോപായത്തേയും, ഗൃഹസ്ഥൻെറ ധർമ്മവ്രതങ്ങളേയും ഭക്ഷ്യത്തേയും, അഭക്ഷ്യത്തേയും, ശൗചത്തേയും, സുവർണ്ണം മുതലായ പഞ്ചലോഹശുദ്ധിയേയും;

1'4. സ്ത്രീധർമ്മയോഗന്താപസ്യം മോക്ഷംസന്യാസമേവച
രാജ്ഞശ്ചധർമ്മമഖിലം കാര്യാണാഞ്ചവിനിർണ്ണയം.

സ്ത്രീകളുടെ ധർമ്മത്തെയും, വാനപ്രസ്ഥന്മാരുടെ ധർമ്മത്തേയും, മോക്ഷത്തിനു കാരണമായ സന്യാസത്തേയും: അവരുടെ ധർമ്മത്തേയും, കടം കൊടുക്കുക വാങ്ങുക മുതലായ വ്യവഹാരങ്ങളുടെ തീരുമാനത്തേയും;

115. സാക്ഷിപ്രശ്നവിധാനഞ്ച ധർമ്മംസ്ത്രീപുംസയോരപി
വിഭാഗധർമ്മന്ദ്യൂതഞ്ച കംടകാനാശ്ചശോധനം.

സാക്ഷിവിചാരണയുടെ ക്രമത്തേയും സ്ത്രീപുരുഷന്മാരുടെ ധർമ്മത്തേയും ഭാഗം ചെയ്യുന്ന ക്രമത്തേയും, ചൂതുകളിയേയും മോഷണം മുതലായ കൃത്യം ചെയ്യുന്നവരെ ദണ്ഡിക്കുന്ന ക്രമത്തേയും;

116. വൈശ്യശൂദ്രോപചാരംച സങ്കീർണ്ണാനാശ്ചസംഭവം
ആപദ്ധർമ്മംചവർണ്ണാംനാം പ്രായശ്ചിത്തവിധിംതഥാ.

വൈശ്യശൂദ്രധർത്തേയും, അനുലോമർ മുതലായ സങ്കരജാതികളുടെ ഉല്പത്തിക്രമത്തേയും, സകല വർണ്ണങ്ങളുടേയും ആപത്തുകാലത്തിലുള്ള ധർമ്മത്തേയും, പ്രായശ്ചിത്തത്തേയും;

117. സംസാരഗമനം ചൈവ ത്രിവിധംകർമ്മസംഭവം
നിശ്ശ്രേയസംകർമ്മണാംച ഗുണദോഷപരീക്ഷണം.

അന്യദേഹസ്വീകരണത്തിനു കാരണമായ കർമ്മത്തേയും, ഉത്തമ മധ്യമ അധമരൂപമായ ശുഭാശുഭ കർമ്മങ്ങളുടെ വിഭാഗത്തേയും, മോക്ഷമാർഗ്ഗമായ ആത്മജ്ഞാനത്തേയും, ഗുണദോഷങ്ങളെ വിഭാഗിച്ചറിയുന്നതിനേയും;

118. ദേശധർമ്മാൻജാതിധർമ്മാൻ കുലധർമ്മാംശ്ചശാശ്വതാൻ
പാഷണ്ഡഗണധർമ്മാംശ്ച ശാസ്ത്രേസ്മിന്നുക്തവാന്മനുഃ

പുരാതനമായ ദേശാചാരത്തേയും. ജാത്യാചാരത്തേയും, വംശാചാരത്തേയും വേദധർമ്മത്തെ നിരസിച്ചു നടക്കുന്ന പാഷണ്ഡരുടെ ആചാരത്തേയുംപററി മനുപ്രജാപതി ഈ ശാസ്ത്രത്തിൽ ക്രമമായി പറഞ്ഞിരിക്കുന്നു.

119. യഥേദമുക്തവാൻശാസ്ത്രം പുരാപൃഷ്ടോമനുർമയാ
തഥേദംയൂയമപ്യദ്യമൽ പ്രകാശാന്നിബോധത.

ആ മനുപ്രജാപതി ഈ ശാസ്ത്രം ഞാൻ ആവശ്യപ്പെട്ടപ്പോൾ എന്നോടു എപ്രകാരം ഉപദേശിച്ചുവോ അപ്രകാരംതന്നെ ഞാൻ നിങ്ങളോടും ശരിയായി പറയാം കേട്ടുകൊണ്ടാലും.

# രണ്ടാം അദ്ധ്യായം

## ധർമ്മലക്ഷണം

1. വിദ്വത്ഭിസ്സേവിതം സദ്ഭിർന്നിത്യമദ്വേഷരാഗിഭിഃ
ഹൃദയേനാഭ്യനുജ്ഞാതോ യോധർമ്മസ്തന്നിബോധത.

വേദതത്വങ്ങളെഅറിഞ്ഞവരായും, ധർമ്മവാന്മാരായും, കാമക്രോധ രഹിതന്മാരായും ഇരിക്കുന്ന ബ്രാഹ്മണരാൽ, യാതൊരു ധർമ്മം ശ്ലാഘ്യമായ നുഷ്ഠിക്കപ്പെട്ടിരിക്കുന്നുവോ, ആ ധർമ്മം പറയാം കേട്ടാലും.

2. കാമാത്മതാനപ്രശസ്താ നചൈവേഹാസ്ത്യകാമതാ
കാമ്യോഹിവേദാധിഗമഃ കർമ്മയോഗശ്ച വൈദികഃ

സ്വർഗ്ഗം മുതലായ ഫലം കാംക്ഷിച്ച് തപസ്സ് മുതലായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതു് നല്ലതല്ല. എന്നാൽ അതിൽ പ്രവേശിക്കാതെ ഈ ലോകത്തിൽ വേദമോതുന്നതും യജ്ഞം ചെയ്യുന്നതും കാമ്യമായിരിക്കുന്നു.

3. സംകല്പമൂലഃ കാമോവൈ യജ്ഞാസ്സംകല്പസംഭവാഃ
വ്രതാനിയമ ധർമ്മാശ്ച സർവ്വേ സംകല്പജാഃസ്മൃതാഃ

ഒരു പ്രവൃത്തിയാൽ ഒരു പ്രത്യേക ഫലം ലഭിക്കും എന്നു പറയുന്നതു് സങ്കല്പമാകുന്നു. അതിനാൽ ഇച്ഛയുണ്ടാകുന്നു. അതുകൊണ്ടു് യജ്ഞങ്ങളും, വ്രതങ്ങളും നിയമങ്ങളും ആചാരങ്ങളും ചെയ്യുന്നു.

4. അകാമസ്യ ക്രിയാ കാചിദൃശ്യതേനേഹകർഹിചിൽ
യദ്യദ്ധികുരുതേ കിഞ്ചിത്തത്തൽകാമസ്യ ചേഷ്ടിതം.

ഇച്ഛ വെടിഞ്ഞവനു് ഈ ലോകത്തിൽ യാതൊരിക്കലും യാതൊന്നിലും യാതൊരു പ്രവൃത്തിയും ലക്ഷ്യമാകുന്നില്ല. അല്പമായിപോലും ഏതു പ്രവൃത്തി ചെയ്യുന്നുവോ അതു മുഴുവനും കാമത്തിന്റെ പ്രവൃത്തിതന്നെ യാകുന്നു.

5. തേഷുസമ്യഗ്വർത്തമാനോ ഗച്ഛത്യമരലോകതാം
യഥാസങ്കല്പിതാംശ്ചേഹ സർവ്വാൻകാമാൻ സമശ്നുതേ

യജ്ഞാദികർമ്മങ്ങൾ ഫലാപേക്ഷകൂടാതെ ചെയ്യുന്നവൻ മോക്ഷം പ്രാപിക്കുന്നു. അവൻ സങ്കൽപിച്ചവിധമുള്ള സകലാഭീഷ്ടങ്ങളും പ്രാപിക്കുന്നു.

6. വേദോഖിലോധർമ്മമൂലം സ്മൃതിശീലേ ചതദ്വിദാം
ആചാരശ്ചൈവ സാധൂനാമാത്മനസ്തുഷ്ടിരേവച.

ഋക്ക മുതലായ നാലു വേദങ്ങളും ഈ വേദജ്ഞന്മാരായ ഋഷികളുടെ സ്മൃതിയും അനുഷ്ഠാനവും, സാധുക്കളുടെ ആചാരവും, തന്റെ മനസ്സന്തോഷവും ധർമ്മത്തിനു് കാരണമായിരിക്കുന്നു.

7. യഃകശ്ചിൽകസ്യചിദ്ധർമ്മോ മനുനാ പരികീർത്തിതഃ
സസർവോഭിഹിതോ വേദേ സർവ്വജ്ഞാനമയോഹിസഃ

മനുപ്രജാപതിയാൽ ഏതു ജാതിക്കു് ഏതു ധർമ്മം വിധിക്കപ്പെട്ടുവോ അതു മുഴുവനും വേദത്തിൽ പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം എല്ലാ വേദങ്ങളുടെ തത്വാർത്ഥത്തേയും സമഗ്രമായിട്ടു് അറിഞ്ഞ ആളല്ലയോ.

8. സർവ്വന്തുസമവേക്ഷ്യേദം നിഖിലംജ്ഞാനചക്ഷുഷാ
ശ്രുതിപ്രാമാണ്യതോ വിദ്വാൻസ്വധർമ്മനിവിശേതവൈ.

വിദ്വാൻ ഈ ശാസ്ത്രം ജ്ഞാനദൃഷ്ടികൊണ്ടു് അറിഞ്ഞു. ഇതിൽ പറഞ്ഞിരിക്കുന്ന ധർമ്മങ്ങൾ വേദത്തിൽ പറഞ്ഞിരിക്കുന്നതായി വിചാരിച്ചു തൻെറ ധർമ്മം നടത്തേണ്ടതാണു്.

9. ശ്രുതിസ്മൃത്യുദിതം ധർമ്മ മനുതിഷ്ഠൻഹിമാനവഃ
ഇഹകീർത്തിമവാപ്നോതി പ്രേത്യചാനുത്തമംസുഖം.

ശ്രുതിയിലും സ്മൃതിയിലും പറഞ്ഞിരിക്കുന്ന ധർമ്മം അനുഷ്ഠിക്കുന്നവൻ ഈ ലോകത്തിൽ കീർത്തി പ്രാപിക്കുന്നു. മരിച്ചശേഷം നിസ്തുല്യമായ സ്വർഗ്ഗസുഖം പ്രാപിക്കുന്നു.

10. ശ്രുതിസ്തുവേദോവിജ്ഞേയോ ധർമ്മശാസ്ത്രന്തുവൈസ്മൃതിഃ
തേസർവാർത്ഥേഷ്വമീമാംസ്യേ താഭ്യാംധർമ്മോഹി നിർബഭൗ

വേദശാസ്ത്രം ശ്രുതിയെന്നും, ധർമ്മശാസ്ത്രം സ്മൃതിയെന്നും അറിയേണ്ടതാണു്. ഇവ രണ്ടും വിരോധമായ തർക്കശാസ്ത്രയുക്തികൊണ്ടു് ആക്ഷേപിക്കരുതു്. ഇവകൊണ്ടു ധർമ്മം പ്രകാശിക്കുന്നു.

11. യോവമന്യേതതേമൂലേ ഹേതുശാസ്ത്രാശ്രയാദ്വിജഃ
സസാധുഭിർബഹിഷ്കാര്യോ നാസ്തികോ വേദനിന്ദകഃ

ധർമ്മത്തിനു കാരണമായ ആ രണ്ടിനെയും തർക്കശാസ്ത്രയുക്തിയാൽ ആരു അവമാനിക്കുന്നുവോ അവൻ മഹാന്മാരാൽ കർമ്മാനുഷ്ഠാനങ്ങളിൽ നിന്നും തള്ളപ്പെടേണ്ടവനാണു്. വേദത്തെ നിന്ദിക്കുന്നതിനാൽ അവൻ നാസ്തികനാകുന്നു.

12. വേദസ്മൃതിസമാചാര സ്സ്വസ്യച പ്രിയമാത്മനഃ
തസ്മാച്ചതുർവ്വിധംപ്രാഹുഃ സ്സാക്ഷാദ്ധർമ്മസ്യ ലക്ഷണം.

വേദം, സ്മൃതി, അനുഷ്ഠാനം, മനസ്സന്തോഷം, ഈ നാലും ധർമ്മത്തിൻെറ അടയാളമാണെന്നു പറയുന്നു.

13. അർത്ഥകാമേഷ്വസക്താനാം കർമ്മജ്ഞാനംവിധിയതേ
ധർമ്മംജിജ്ഞാസമാനാനാം പ്രമാണം പരമം ശ്രുതിഃ

അർത്ഥം, കാമം ഇവയിൽ സംബന്ധിക്കാത്തവർക്കു് ധർമ്മോപദേശം വിധിച്ചിരിക്കുന്നു. ധർമ്മം അറിയണമെന്നു താല്പര്യമുള്ളവർക്കു് വേദം മുഖ്യ പ്രമാണമായിരിക്കുന്നു.

14. ശ്രുതിദ്വൈധന്തു യത്രസ്യാത്തത്രാ ധർമ്മാവുഭൗസ്മൃതൗ
ഉഭാവപിഹിതൗ ധർമ്മൗ സമ്യഗുക്തൗമനീഷിഭിഃ

ഏതു വിഷയത്തിൽ വേദം ഒന്നിനൊന്നു വിരോധമായിരിക്കുമോ ആ രണ്ടും ധർമ്മമെന്നു പറയുന്നു. ആ രണ്ടു ധർമ്മങ്ങളും മഹാന്മാരാൽ വഴിയാംവണ്ണം പറയപ്പെട്ടതാണു്.

15. ഉദിതേനുദിതേചൈവ സമയാധ്യുഷിതേതഥാ
സര്‍വ്വഥാവര്‍ത്തതേയജ്ഞ ഇതീയം വൈദികീശ്രുതിഃ

സൂര്യൻ ഉദിച്ചതിനു പിൻപും ഉദയത്തിനു മുൻപും, സൂര്യനും നക്ഷത്രങ്ങളും ഇല്ലാതിരിക്കുന്ന കാലത്തും യജ്ഞം ചെയ്യണമെന്നും വേദത്തിൽ പറഞ്ഞിരിക്കുന്നു. ആകയാൽ ഉദയാനന്തരം യജ്ഞം ഹോമിക്കണമെന്ന് വിധിക്കുന്ന വേദത്തിനും, ഉദയാൽ പൂര്‍വ്വം അവ ചെയ്യേണ്ടതാണെന്നു വിധിക്കുന്ന വേദത്തിനും, ഒന്നിനൊന്നു വിരോധമില്ല. എന്തെന്നാൽ അവ രണ്ടും ധര്‍മ്മമാണെന്നു പറഞ്ഞിരിക്കുന്നു.

16. നിഷേകാദിശ്മശാനാന്തോ മന്ത്രൈര്യസ്യോദിതോവിധിഃ
തസ്യശാസ്ത്രേധികാരോസ്മിൻ ജ്ഞേയോനാന്യസ്യകസ്യ–
ചിൽ.

ഗർഭാധാനം മുതൽ ദേഹസംസ്കാരംവരെ മന്ത്രത്താൽ ആർക്ക് അനുഷ്ഠാനം വിധിച്ചിരിക്കുന്നുവോ ആ ബ്രാഹ്മണനു് ഈ ശാസ്ത്രം പറയുന്നതിന്നധികാരമുണ്ട്. മററുള്ളവർക്കില്ല.

17. സരസ്വതീദൃഷദ്വത്യോർദ്ദേവനദ്യോര്യദന്തരം
തന്ദേവനിര്‍മ്മിതംദേശം ബ്രഹ്മാവര്‍ത്തം പ്രചക്ഷതേ

സരസ്വതിയെന്നും, ദൃഷദ്വതിയെന്നുംപറയുന്ന ദേവനദികളുടെ മദ്ധ്യപ്രദേശം ദേവന്മാരാൽ ഏർപ്പെട്ടത്തപ്പെട്ട 'ബ്രഹ്മാവര്‍ത്ത'മെന്നു പറയുന്നു.

18. തസ്മിൻദേശേയ ആചാരഃ പാരംപര്യക്രമാഗതഃ
വര്‍ണ്ണാനാം സാന്തരാളാനാം സസദാചാരഉച്യതെ.

ആ ദേശത്തു് എപ്പോഴും മഹാന്മാർ വസിക്കുന്നതുകൊണ്ട്, ബ്രാഹ്മണാദി വര്‍ണ്ണങ്ങൾക്കും, സങ്കരജാതികൾക്കും ശിഷ്ടാചാരം അനാദിയായി അവിടത്തിൽനിന്നുമുണ്ടാകുന്നു.

19. കുരുക്ഷേത്രം ചമത്സ്യാശ്ച പാഞ്ചാലശ്ശൂരസേനകാഃ
ഏഷബ്രഹ്മർഷിദേശോവൈ ബ്രഹ്മാവര്‍ത്താദനന്തരഃ.

കുരുക്ഷേത്രം, മത്സ്യദേശം, പാഞ്ചാലദേശം, ഉത്തരമധുര ഈ ദേശങ്ങൾ ബ്രഹ്മർഷികൾ വസിക്കുന്ന ദേശങ്ങളാണ്. ഈ സ്ഥലങ്ങൾ ബ്രഹ്മവർത്തദേശങ്ങളോളം ശ്ലാഘ്യങ്ങളാണ്.

20. ഏതദ്ദേശ്യ പ്രസൂതസ്യ സകാശാദഗ്രജന്മനഃ
സ്വംസ്വം ചരിത്രം ശിക്ഷേരൻ പൃഥിവ്യാംസര്‍വ്വമാനവാഃ

ഈ ദേശങ്ങളിൽ ജനിച്ച ബ്രാഹ്മണരിൽനിന്നു, സകലരും അവരവരുടെ ധര്‍മ്മങ്ങൾ അറിയണം.

21. ഹിമവദ്വിന്ധ്യയോർമധ്യം യൽപ്രാഗ്വിനശനാദപി
പ്രത്യഗേവപ്രയാഗാച്ച മധ്യദേശഃ പ്രകീര്‍ത്തിതഃ

ഹിമവൽപര്‍വ്വതത്തിനും, വിന്ധ്യപര്‍വ്വതത്തിനും മധ്യത്തിൽ സരസ്വതി മറഞ്ഞ വിഭജനദേശത്തിനു കിഴക്കായി പ്രയാഗയ്ക്കു പടിഞ്ഞാറായി ഇരിക്കുന്ന പ്രദേശത്തെ മദ്ധ്യദേശമെന്നു പറയുന്നു.

22. ആസമുദ്രാത്തുവൈ പൂര്‍വ്വാദാ സമുദ്രാച്ച പശ്ചിമാൽ
തയോരേവാന്തരം ഗിര്യോരാര്യാവര്‍ത്തം വിദുർബുധാഃ

കിഴക്കേ സമുദ്രംതുടങ്ങി പടിഞ്ഞാറെ സമുദ്രംവരെയുള്ള മുൻപറഞ്ഞ പവ്വതങ്ങളുടെ മധ്യപ്രദേശത്തെ മഹാന്മാർ അധിവസിക്കുന്ന ആര്യാവത്ത മെന്നു പറയുന്നു.

23. കൃഷ്ണസാരസ്തുചരതി മൃഗോയത്ര സ്വഭാവതഃ
സജ്ഞേയോയജ്ഞിയോദേശോ മ്ലേച്ഛദേശസ്ത്വതഃ പരഃ

കൃഷ്ണസാരമെന്ന മാൻ ഏതു സ്ഥലത്തു സ്വഭാവികമായി സഞ്ചരിക്കുന്നോ ആ സ്ഥലം യാഗം ചെയ്യുന്നതിനു് യോഗ്യമാകുന്നു. മററു ദേശങ്ങൾ അശുദ്ധമായ മ്ലേച്ഛദേശങ്ങളാണെന്നു പറയുന്നു.

24. ഏതാൻദ്വിജാതയോദേശാൻ സംശ്രിയേരൻപ്രയത്നതഃ
ശൂദ്രസ്തു യസ്മിൻകസ്മിൻവാ നിവസേദ്വൃത്തികർശിതഃ

ഇപ്രകാരമുള്ള പുണ്യദേശങ്ങൾ ബ്രാഹ്മണർ അന്യദേശജാതന്മാരാണെങ്കിലും പ്രാപിക്കേണ്ടതാണു്. അല്ലെങ്കിൽ ശൂദ്രൻ ശുശ്രൂഷാവൃത്തി വിട്ടു് മററു വൃത്തികൾ എവിടെ ചെയ്യുന്നില്ലയോ അവിടെ വസിക്കണം.

25. ഏഷാ ധർമ്മസ്യവോയോനിഃ സമാസേന പ്രകീർത്തിതാ
സംഭവശ്ചാസ്യ സവ്വസ്യ വണ്ണധർമ്മാന്നിബോധത.

ലോകോത്ഭവത്തെയും, ധർമ്മത്തിനു് കാരണങ്ങളായ വേദശാസ്ത്ര പുണ്യക്ഷേത്രങ്ങളെയും നിങ്ങളോടു് സംഗ്രഹമായിപ്പറഞ്ഞു. ഇനി വണ്ണാശ്രമധർമ്മങ്ങൾ പറയാം; കേട്ടാലും

26. വൈദികൈഃ കമ്മഭിഃ പുണ്യൈർന്നിഷേകാദിർദ്വി—
ജന്മനാം
കാര്യശ്ശരീരസംസ്കാരഃ പാവനഃ പ്രേത്യചേഹച

ദ്വിജാതികൾ വേദത്തിൽ പറഞ്ഞിരിക്കുന്ന പരിശുദ്ധങ്ങളായ മന്ത്ര കർമ്മങ്ങളാൽ ഗർഭാധാനം മുതലായി ശരീരത്തിനു പരിശുദ്ധിയും മരണ ശേഷം പുണ്യലോകവും കൊടുക്കുന്ന ശരീരശുദ്ധി ചെയ്യണം.

27. ഗാർഭൈർഹോമൈർജാതകമ്മചൗളമൗഞ്ജിനിബന്ധനൈഃ
വൈജികംഗാർഭികം ചൈനോ ദ്വിജാനാമപമൃജ്യതേ.

ഗർഭാധാനമന്ത്രത്താലും സീമന്തഹോമത്താലും ജാതകർമ്മം, നാമകരണം, അന്നപ്രാശനം, ചൗളം ഉപനയനം, ഈ ക്രിയകളാലും, ദ്വിജന്മാർക്കു സംഭോഗം ചെയ്യുവാൻ അയോഗ്യമായ ദിനത്തിൽ ചെയ്കതിനാലുണ്ടായ ദോഷവും അമ്മയുടെ ഗർഭത്തിൽ വസിച്ച ദോഷവും പരിഹരിക്കപ്പെടുന്നു.

28. സ്വാധ്യായേന വ്രതൈർഹോമൈഃ ത്രൈവിദ്യേനേജ്യാ—
യാസുതൈഃ
മഹായജ്ഞൈശ്ചയജ്ഞൈശ്ച ബ്രാഹ്മീയം ക്രിയതേതനുഃ

വേദം ഉച്ചരിക്കുന്നതിനാലും മധുമാംസഭക്ഷണം ചെയ്യാതിരിക്കുന്ന വ്രതാദികളാലും, ഔപാസനഹോമങ്ങളാലും, ദേവർഷി പിതൃതർപ്പണത്താലും പഞ്ചമഹായജ്ഞത്താലും, അഗ്നിഷ്ടോമാദികളാലും ദേഹം മോക്ഷത്തിനു് അർഹമായി ഭവിക്കുന്നു.

## ജാതകർമ്മാദിസംസ്കാരം

29. പ്രജ്ഞാഭിവർദ്ധനാൽ പുംസോ ജാതകർമ്മവിധീയതേ
മന്ത്രവൽപ്രാശനംചാസ്യ ഹിരണ്യമധുസർപ്പിഷാം

ജനിക്കുന്ന ശിശു ആണായിരുന്നാൽ പൊക്കിൾക്കൊടിയറുക്കുന്നതിനുമുൻപ് ജാതകർമ്മമെന്ന സംസ്കാരം ചെയ്യേണ്ടതാണ്. അപ്പോൾ ആ പ്രജയ്ക്ക് നെയ്യ് തേൻ ഇവയിൽ സ്വർണ്ണം മന്ത്രോച്ചാരണത്തോടെ ഉരച്ച് നാക്കിൽ തേയ്ക്കണം.

30. നാമധേയന്ദശ്യമ്യാന്തു ദ്വാദശ്യാംവാസ്യകാരയേത്
പുണ്യേതിഥൗ മുഹൂർത്തേവാ നക്ഷത്രേവാഗ്ഗുണാന്വിതേ

ഈ ശിശുവിന് ജനിച്ചതുമുതൽ പത്താമത്തെയോ പന്ത്രണ്ടാമത്തെയോ ദിവസം പുണ്യതിഥിയിൽ ശുഭമുഹൂർത്തത്തിൽ ശുഭനക്ഷത്രത്തിൽ നാമകരണം ചെയ്യണം.

31. മംഗള്യംബ്രാഹ്മണസ്യസ്യാൽ ക്ഷത്രിയസ്യബലാന്വിതം
വൈശ്യസ്യധനസംയുക്തം ശൂദ്രസ്യതുജ്ജുഗുപ്സിതം.

ഈ നാമകരണം ബ്രാഹ്മണനു മംഗളവും, ക്ഷത്രിയനു് ബലവും, വൈശ്യനു് ധനവും, ശൂദ്രനു് താഴ്ചയും സൂചിപ്പിക്കുന്നവിധമായിരിക്കണം.

32. ശർമ്മവദ്ബ്രാഹ്മണസ്യസ്യാ ദ്രാജ്ഞോരക്ഷാസമന്വിതം
വൈശ്യസ്യപുഷ്ടിസംയുക്തം ശൂദ്രസ്യപ്രൈഷ്യസംയുതം.

ബ്രാഹ്മണനു് ''ശർമ്മാ''വെന്നും ക്ഷത്രിയനു് ''വർമ്മാ''വെന്നും വൈശ്യന്നു് ''പൂതി''യെന്നും ശൂദ്രനു് ''ദാസ''നെന്നും ജാതിദ്യോതകമായി നാമകരണം ചെയ്യേണ്ടതാണ്.

33. സ്ത്രീണാം സുഖോദ്യമക്രൂരം വിസ്പഷ്ടാർത്ഥമനോഹരം
മംഗള്യന്ദീർഘവർണ്ണാന്ത മാശീർവ്വാദാഭിദാനവൽ.

സ്ത്രീകൾക്ക് ശബ്ദിക്കുന്നതിനു സുഖമുള്ളതായും, അക്രൂരമായും സ്പഷ്ടാർത്ഥമുള്ളതായും, മനോജ്ഞമായും മംഗളമായും, ദീർഘാക്ഷരത്തോടു കൂടിയതായും അനുഗ്രഹം കൊടുക്കുന്നതായും ഇരിക്കുന്ന പേർ വിളിക്കേണ്ടതാണ്.

34. ചതുർത്ഥേമാസികർത്തവ്യം ശിശോർന്നിഷ്ക്രമണം—
ഗൃഹത്താൽ
ഷഷ്ഠേന്നപ്രാശനമ്മാസി യദ്വേഷ്ടംമംഗളം കുലേ.

പ്രസവംകഴിഞ്ഞു നാലാം മാസത്തിൽ, പ്രസവിച്ച ഗൃഹത്തിനകത്തുനിന്നും വെളിയിൽകൊണ്ടുവന്നു സൂര്യനെ കാണിക്കണം. ആറാം മാസത്തിൽ അന്നപ്രാശനം ചെയ്യിയ്ക്കേണ്ടതാണ്. അല്ലെങ്കിൽ അവരുടെ വംശപാരമ്പര്യത്തെ അനുസരിച്ച് മൂന്നാം മാസംമുതൽ എപ്പോഴെങ്കിലും ഈ രണ്ടു കർമ്മവും ചെയ്യാം.

35. ചൂഡാകർമ്മ ദ്വിജാതീനാം സർവ്വേഷാമേവ ധർമ്മതഃ
പ്രഥമേബ്ദേ തൃതീയേവാ കർത്തവ്യം ശ്രുതിചോദനാൽ.

ദ്വിജാദികൾക്ക് ജനിച്ച വത്സരത്തിലോ മൂന്നാമത്തെ വത്സരത്തിലോ, വേദത്തിൽ പറഞ്ഞപ്രകാരം ധർമ്മമായി, ചൗളകർമ്മം ചെയ്യണം,

36. ഗർഭാഷ്ടമേബ്ദേ കുർവ്വീത ബ്രാഹ്മണസ്യോപനായനം
ഗർഭാദേകാദശേ രാജ്ഞോ ഗർഭാത്തുദ്വാദശേവിശഃ

ബ്രാഹ്മണർക്കു് ഗർഭമായതുമുതൽ എട്ടാമത്തെ വയസ്സിലും, ക്ഷത്രിയർക്കു് ഗർഭാരംഭംമുതൽ പതിനൊന്നാമത്തെ വയസ്സിലും, വൈശ്യർക്കു് ഇപ്രകാരം പന്ത്രണ്ടാമത്തെ വയസ്സിലും, ഉപനയനം ചെയ്യണം.

37. ബ്രഹ്മവർച്ചസകാമസ്യ കാര്യം വിപ്രസ്യപഞ്ചമേ
രാജ്ഞോ ബലാർത്ഥിനഷ്ഷഷ്ഠേ വൈശ്യസ്യേഹാർത്ഥി–
നോഷ്ടമേ

ബ്രഹ്മതേജസ്സു് ഇച്ഛിക്കുന്ന ബ്രാഹ്മണനു് അഞ്ചാമത്തെ വയസ്സിലും ബലം ആഗ്രഹിക്കുന്ന ക്ഷത്രിയനു് ആറാമത്തെ വയസ്സിലും ധനത്തെ ആഗ്രഹിക്കുന്ന വൈശ്യനു് എട്ടാമത്തെ വയസ്സിലും ഉപനയനം ചെയ്യണം.

38. ആഷോഡശാൽ ബ്രാഹ്മണസ്യ സാവിത്രിർനാതിവർത്തതേ
ആ ദ്വാവിംശാൽ ക്ഷത്രബന്ധോരാ ചതുർവിംശതേർവിശഃ

ബ്രാഹ്മണനു് പതിനാറു വയസ്സുവരെയും ക്ഷത്രിയനു് ഇരുപത്തിരണ്ടു വയസ്സുവരെയും വൈശ്യനു് ഇരുപത്തിനാലു വയസ്സുവരെയും ഉപനയനകർമ്മം ചെയ്യാമെന്നു് ഒരു പക്ഷാന്തരമുണ്ടു്.

39. അത ഊർദ്ധ്വം ത്രയോപ്യേതേ യഥാകാലമസംസ്കൃതാഃ
സാവിത്രീപതിതാ വ്രാത്യാ ഭവന്ത്യാര്യവിഗർഹിതാഃ

ഈ മൂന്നു വർണ്ണങ്ങളും ഈ പറഞ്ഞകാലത്തിൽ ഉപനയനം മുതലായ സംസ്കാരം ചെയ്യാതിരുന്നാലും ഗായത്രിമന്ത്രത്തിൽനിന്നും ഭ്രഷ്ടരായാലും വ്രാത്യന്മാരെന്നു പേരോടുകൂടിയവരായും മഹാന്മാരാൽ വൈദികകർമ്മത്തിൽനിന്നു ഭ്രഷ്ടു കല്പിക്കപ്പെട്ടവരായും തീരുന്നു.

40. നൈതൈരപൂതൈർവിധിവദാ പദ്യപി ഹി കർഹിചിൽ
ബ്രാഹ്മാൻ യൗനാംശ്ച സംബന്ധാന്നചരേദബ്രാഹ്മ–
ണസ്സഹഃ

പരിശുദ്ധന്മാരല്ലാത്ത ഇവർക്കു് വേദം ഉപദേശിക്കരുതു്. കഷ്ടകാലത്തിലും അവരിൽനിന്നും സ്ത്രീകളെ സ്വീകരിക്കയോ അവർക്കു കൊടുക്കുകയോ ചെയ്യരുതു്.

41. കാഷ്ണരൗരവബാസ്താനി ചർമ്മാണി ബ്രഹ്മചാരിണഃ
വസീരന്നാനു പൂർവ്വേണ ശാണക്ഷൗമാവികാനിച.

ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ ഇവരിലെ ബ്രഹ്മചാരികൾ ജാതിക്രമമനുസരിച്ചു് കൃഷ്ണമൃഗം, പുള്ളിമാൻ, വെള്ളാടു് ഇവയുടെ തോലു് ഉത്തരീയമായും; ചണമ്പുനാർ, പട്ടുനൂൽ, ചെമ്പുലിരോമം, ആട്ടുരോമം ഇവകൊണ്ടു് നെയ്യപ്പെട്ടതിനെ അരയിൽ ചുററുന്നതിനും സ്വീകരിക്കേണ്ടതാകുന്നു.

42. മൗഞ്ജീത്രിവൃത്സമാശ്ലക്ഷ്ണാ കാര്യാവിപ്രസ്യമേഖലാം
ക്ഷത്രിയസ്യതു മൗർവ്വീ ജ്യാ വൈശ്യസ്യശണതാന്തവീ

ബ്രാഹ്മണനു് മുഞ്ജമെന്ന പുല്ലിനാലും ക്ഷത്രിയനു് വില്ലിൻെറ ഞാണപോലുള്ള മൂർവ്വാ എന്ന പുല്ലിനാലും, വൈശ്യനു ചണം എന്ന നാരിനാലും ഒരേ ക്രമമായും മേനിയായും സൂക്ഷ്മതന്തുക്കളായും മുറുക്കപ്പെട്ട നൂൽ ബ്രഹ്മചാരികളുടെ അരയിൽ മൂന്നു ഇഴവീതം കെട്ടേണ്ടതാകുന്നു.

43. മുഞ്ജാലഭേത്തുകർത്തവ്യാഃ കുശാശ്മാന്തകബൽബജൈഃ
ത്രിവൃതാഗ്രന്ഥിനൈകേന ത്രിഭിഃ പഞ്ചഭിരേവവാ.

ഈ മൂന്നു സാധനങ്ങളും ലഭിക്കാതെവരുമ്പോൾ മൂന്നു ജാതിയിലുള്ള ബ്രഹ്മചാരികൾക്കു ക്രമമായി കുശപ്പുല്ലിനാലും, ഞാണൽ പുല്ലിനാലും, ബൽബജമെന്ന ആററുദർഭപ്പുല്ലിനാലും എടുത്ത നാരു് മുറുക്കി മുമ്മൂന്നു ഇഴകളാക്കിയോ വംശക്രമം അനുസരിച്ചു് അഞ്ചു ഇഴകളാക്കിയോ ഒരു കെട്ടോടുകൂടി ധരിക്കണം.

44. കാർപ്പാസമുപവീതം സ്യാ ദ്വിപ്രസ്യോർദ്ധ്വവൃതം ത്രിവൃൽ
ശണസൂത്രമയം രാജ്ഞോ വൈശ്യസ്യാവികസൗത്രികം.

ബ്രാഹ്മണൻ പരുത്തിനൂലിനാലും, ക്ഷത്രിയൻ ചണമ്പുനാരിനാലും, വൈശ്യൻ വെള്ളാട്ടുരോമത്താലും മുറുക്കി മുമ്മൂന്നു ഇഴകളാക്കി പൂണുനൂൽ ധരിക്കേണ്ടതാകുന്നു.

45. ബ്രാഹ്മണോ ബൈലപാലാശൗ ക്ഷത്രിയോ വാട—
ഖാദിരൗ
പൈലവൗദുംബരൗ വൈശ്യോ ദണ്ഡാനർഹന്തി ധർമ്മതഃ

ബ്രാഹ്മണന് കൂവളവും പ്ലാശും, ക്ഷത്രിയനു് ആലും കരിങ്ങാലിയും, വൈശ്യനു് ഉകവൃക്ഷവും അത്തിയും ദണ്ഡാ (വടി) യി വിധിച്ചിരിക്കുന്നു. ഇവയിൽ ഇഷ്ടംപോലെ ഒന്നു ധരിക്കണം.

46. കേശാന്തികോ ബ്രാഹ്മണസ്യ ദണ്ഡഃ കാര്യഃ പ്രമാണതഃ
ലലാടസമ്മിതോ രാജ്ഞഃ സ്യാത്തു നാസാന്തികോ വിശഃ

ബ്രാഹ്മണൻ തൻെറ തലയളവായും, ക്ഷത്രിയൻ തൻെറ നെററിയളവായും, വൈശ്യൻ മൂക്കളവായുമുള്ള ദണ്ഡു ധരിക്കണം.

47. ഋജവസ്തേ തു സർവ്വേസ്യുരവ്രണാഃ സ്സൗമ്യദർശനാഃ
അനുദ്വേഗകരാ നൃണാം സത്വചോനാഗ്നിദൂഷിതാഃ

ഈ ദണ്ഡുകൾ വളവില്ലാത്തവയും, വെട്ടോ ഒടിവോകൊണ്ടുള്ള പാടുകളില്ലാത്തവയും, കാഴ്ചയ്ക്കു സൗന്ദര്യമുള്ളവയും, കണ്ടാൽ ഭയം നേരിടാത്തവയും അതതുകളുടെ തൊലികളോടു കൂടിയവയും തീയിൽ ചുടുകയോ, വാട്ടുകയോ ചെയ്യാത്തവയും ആയിരിക്കണം.

48. പ്രതിഗൃഹ്യേപ്സിതാന്ദണ്ഡമുപാസ്ഥായ ച ഭാസ്കരം
പ്രദക്ഷിണം പരീത്യാഗ്നിം ചരേദ്ബ്ഭൈക്ഷം—
യഥാവിധി

ഒരു ദണ്ഡു് എടുത്തിട്ടു് സൂര്യനെ നമസ്കരിച്ചു്, അഗ്നി പ്രദക്ഷിണം ചെയ്തു്, വിധിപ്രകാരം ഭിക്ഷയെടുക്കണം.

49. ഭവൽപൂർവ്വം ചരേദ്ഭൈക്ഷമുപനീതോ ദ്വിജോത്തമഃ
ഭവന്മദ്ധ്യന്തു രാജന്യോ വൈശ്യസ്തു ഭവദുത്തരം

ബ്രഹ്മചാരികളായ മൂന്നു വർണ്ണങ്ങളിൽ ബ്രാഹ്മണൻ ഭവതിഭിക്ഷാം ദേഹിയെന്നും, ക്ഷത്രിയൻ ഭിക്ഷാംഭവതിദേഹിയെന്നും, വൈശ്യൻ ദേഹി ഭിക്ഷാം ഭവതിയെന്നുമുള്ള വചനങ്ങൾ ഉച്ചരിച്ചു് ഭിക്ഷ ചോദിക്കണം,

50. മതരം വാ സ്വസാരം വാമാതുവ്വാ ഭഗിനീം നിജാം
ഭിക്ഷേത ഭിക്ഷാം പ്രഥമം യച്ചൈനന്നാവമാനയേൽ

ഉപനയനം കഴിഞ്ഞ ഉടനെ അതിൻെറ അങ്ഗഭൂതയായ ഭിക്ഷ അമ്മയോടോ, അമ്മയുടെ അനുജത്തിയോടോ, ജ്യേഷ്ഠത്തിയോടോ, തൻെറ മൂത്ത സഹോദരിയോടോ, അല്ലെങ്കിൽ തന്നോടു സ്നേഹമുള്ളവരോടോ ആദ്യമായി വാങ്ങേണ്ടതാകുന്നു.

51. സമാഹൃത്യതുത ഭൈക്ഷം യാവദന്നമമായയാ
നിവേദ്യഗുരവേശ് നീയാദാചമ്യ പ്രാങ്മുഖശ്ശുചിഃ

വിധിപ്രകാരം മൂന്നു പ്രാവശ്യം തനിക്കു മതിയാകത്തക്കവണ്ണം ഭിക്ഷ മേടിച്ച്, അതു തൻെറ ഗുരുവിനു നിവേദിച്ച്, കിഴക്കു മുഖമായിരുന്ന് ആചമനം ചെയ്തു ഭുജിക്കണം.

52. ആയുഷ്യം പ്രാങ്മുഖോഭുങ്ക്തേ യശസ്യന്ദക്ഷിണാമുഖഃ
ശ്രിയം പ്രത്യങ്മുഖോഭുങ്ക്തേ ഋതംഭുങ്ക്തേഹ്യു—
ദങ്മുഖഃ

ആയുസ്സ് ഇഛിക്കുന്നവൻ കിഴക്കു മുഖമായും, കീൎത്തി ഇഛിക്കുന്നവൻ തെക്കു മുഖമായും, ജന്മം ഇഛിക്കുന്നവൻ പടിഞ്ഞാറു മുഖമായും, സത്യം ഇഛിക്കുന്നവൻ വടക്കു മുഖമായും ഇരുന്നു ഭക്ഷിക്കേണ്ടതാണ്.

53. ഉപസ്പൃശ്യദ്വിജോനിത്യ മന്നമദ്യാത്സമാഹിതഃ
ഭുക്ത്വാചോപസ്പൃശേത്സമ്യ ഗത്ഭിഖോനിച
സംസ്പൃശേൽ

ദ്വിജൻ ആഹാരം കഴിക്കുമ്പോൾ കൈകാൽ ശുദ്ധിചെയ്ത്, ആചമനം ചെയ്ത്, അന്നം പൂജിക്കണം. അനന്തരം പരിഷേചനം ചെയ്ത്, ഭക്ഷിക്കണം. പിന്നീട് കണ്ണും, കാതും, മൂക്കും ഇവയെത്തുടച്ച് ആചമനം ചെയ്യേണ്ടതാകുന്നു.

54. പൂജയേദശനന്നിത്യ മദ്യാച്ചൈതദകുത്സയൻ
ദൃഷ്ട്വാഹൃഷ്യേൽ പ്രസീദേച്ച പ്രതിനന്ദേച്ചസൎവ്വശഃ

ദിവസംതോറും ഭക്ഷിക്കുന്ന അന്നം പരബ്രഹ്മസ്വരൂപമാകയാൽ അതു നിന്ദിക്കാതെ പൂജിച്ചിട്ട്, സന്തോഷത്തോടുകൂടി നന്നായി നോക്കി ശ്ലാഘ്യമായി ഭക്ഷിക്കണം.

55. പൂജിതം ഹ്യശനം നിത്യം ബലമൂർജ്ജം പ്രയച്ഛതി
അപൂജിതന്തുയത്ഭുക്ത മുഭയന്നാശയേദിദം

അന്നം പൂജിച്ചു ഭുജിച്ചാൽ ധൈര്യം, ബലം, ഇവയുണ്ടാകുന്നു. നിന്ദിച്ചാൽ ഇവ രണ്ടും നശിക്കുന്നു.

56. നോച്ഛിഷ്ടം കസ്യചിദ്ദദ്യാ ന്നാദ്യാച്ചൈവതഥാന്തരാ
നചൈവാത്യശനം കുര്യാന്നചോ ഛിഷ്ടഃ കചചിദ്വ്രജേൽ.

ദാനത്തിൽ ഭക്ഷിച്ചുശേഷിച്ച അന്നം ആർക്കും കൊടുക്കരുത്. രാത്രിയും പകലും രണ്ടു പ്രാവശ്യമല്ലാതെ ഭക്ഷിക്കരുത്. ക്രമത്തിലധികം ഭക്ഷിക്കരുത്. ഭക്ഷിക്കുന്ന മദ്ധ്യേ എഴുന്നേൽക്കേണ്ടിവന്നാൽ പിന്നീടും ഇരുന്ന് അതു ഭക്ഷിക്കരുത്. കൈകഴുകുന്നതിനു മുൻപേ അശുദ്ധന്മാരെ കാണരുത്.

57. അനാരോഗ്യമനായുഷ്യ മസ്വർഗ്യം ചാതിഭോജനം
അപുണ്യം ലോകവിദ്വിഷ്ടം തസ്മാൽ തൽ പരിവർജ-
യേൽ

അധികമായി ഭക്ഷിച്ചാൽ വയററിൽ വേദനയും, ആയുർക്ഷയവും, സ്വർഗ്ഗാദി ഭോഗക്കുറവും, സുകൃതക്കുറവും, ലോകനിന്ദയും ഉണ്ടാകും. അതിനാൽ അതിഭക്ഷണശീലം ഉപേക്ഷിക്കേണ്ടതാണ്.

58. ബ്രാഹ്മേണ വിപ്രസ്തീർത്ഥേന നിത്യകാലമുപസ്പൃശേൽ
കായത്രൈദശികാഭ്യാംവാ നപിത്ര്യേണകദാചന

വിപ്രൻ ബ്രഹ്മതീർത്ഥത്താലോ, കായതീർത്ഥത്താലോ, ദേവതീർത്ഥത്താലോ ആചമനം ചെയ്യേണ്ടതാണ്. പിതൃതീർത്ഥത്താൽ ഒരിക്കലും ചെയ്യരുത്.

59. അങ്ഗുഷ്ഠമൂലസ്യതലേ ബ്രാഹ്മന്തീർത്ഥം പ്രചക്ഷതേ
കായമങ്ഗുളിമൂലേഗ്രേ ദൈവം പിത്ര്യന്തയോരധഃ

പെരുവിരലിൻെറ മധ്യപ്രദേശം ബ്രഹ്മതീർത്ഥമെന്നും, ചൂണ്ടുവിരലിൻെറ അടിപ്രദേശം കായതീർത്ഥമെന്നും, വിരലുകളുടെ അഗ്രഭാഗം ദേവതീർത്ഥമെന്നും, പെരുവിരലിനും ചൂണ്ടുവിരലിനും മധ്യഭാഗം പിതൃതീർത്ഥമെന്നും പറയുന്നു.

60. ത്രിരാചമേദപഃ പൂർവ്വം ദ്വിഃപ്രമൃജ്യാത്തതോമുഖം
ഖാനിചൈവസ്പൃംശദത്ഭി രാത്മാനം ശിര ഏവച

ആദ്യം ജലം മന്ത്രത്തോടുകൂടി മൂന്നുപ്രാവശ്യം കുടിച്ചശേഷം ജലംകൊണ്ടു മുഖം രണ്ടുപ്രാവശ്യവും നേത്രം, ശ്രോത്രം, നാസാ, തോൾ, മാർവ്, ശിരസ് ഈ സ്ഥാനങ്ങൾ ഒരു പ്രാവശ്യവും തുടക്കണം. ഈ ക്രിയയെ ആചമനം എന്നു പറയുന്നു.

61. അനുഷ്ണാഭിം രഫേനാഭി രത്ഭിസ്തീർത്ഥേ ധർമ്മവിൽ
ശൌചപ്സുസ്സർവ്വദാചാമേ ദേകാന്തേ പ്രാഗുദങ്മുഖഃ

ധർമ്മത്തെ അറിഞ്ഞും, ആചാരം ഇച്ഛിച്ചും ഇരിക്കുന്നവൻ ചൂടും നുരയും ഇല്ലാത്ത ജലത്താൽ രഹസ്യമായി കിഴക്കോ വടക്കോ മുഖമായിട്ട് ഇരുന്ന് ആചമനം ചെയ്യേണ്ടതാകുന്നു.

62. ഹൃദ്ഗാഭിഃ പൂയതേവിപ്രഃ കണ്ഠഗാഭിസ്തുഭൂമിപഃ
വൈശോത്ഭിഃ പ്രാശിതാഭിസ്തു ശൂദ്രസ്പൃഷ്ടാഭിരന്തതഃ

ബ്രാഹ്മണൻ മാറുവരെയും, ക്ഷത്രിയൻ കണ്ഠംവരെയും, വൈശ്യൻ അണ്ണാക്കുവരെയും, ശൂദ്രൻ നാവുവരെയുമുള്ള ജലത്തിൽനിന്ന് ആചമനം ചെയ്താൽ പരിശുദ്ധനാകും.

63. ഉദ്ധൃതേദക്ഷിണേ പാണാ വുപവീത്യുച്യതേദ്വിജഃ
സവ്യേ പ്രാചീന ആവീതീ നീവീതഃ കണ്ഠസജ്ജനേഃ

ദ്വിജന്മാർ ഉത്തരീയം പൂണനൂൽ ഇവയെ ഇടതുതോളിലും വലതുകൈയുടെ കീഴമായി ധരിച്ചാൽ ''ഉപവീത''മെന്നും, വലതു തോളിലും ഇടതുകൈയിൻ കീഴമായി ധരിച്ചാൽ ''പ്രാചീന ആവീത''മെന്നും, കണ്ഠത്തിൽ മാലയായി ധരിച്ചാൽ ''നീവീത''മെന്നും പറയുന്നു.

64. മേഖലാമജിനന്ദണ്ഡ മുപവീതം കമണ്ഡലും
അപ്സുപ്രാസ്യവിനഷ്ടാനി ഗൃഹ്ണീതവ്യാനിമന്ത്രവൽ

ഈ മൂന്നു വർണ്ണത്തിലുള്ള ബ്രഹ്മചാരികളും മേഖലാ, ഉത്തരീയം, ദണ്ഡം, പൂണനൂൽ, കമണ്ഡലു ഇവ അപരിശുദ്ധമായാലും അല്ലെങ്കിലും വെള്ളത്തിൽ താഴ്ത്തിയിട്ടു് അതതിന്റെ മന്ത്രത്താൽ ഗ്രഹിക്കണം.

65. കേശാന്തഷ്ഷോഡശേവർഷേ ബ്രാഹ്മണസ്യവിധീയതേ
രാജന്യബന്ധോർദ്വാവിംശേ വൈശ്യസ്യ ദ്വ്യധികേതരഃ

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ ഇവർ ക്രമമായി പതിനാറു്, ഇരുപത്തിരണ്ടു്, ഇരുപത്തിനാലു് വയസ്സുകളിൽ കേശാന്തം എന്നുള്ള വ്രതം ആചരിക്കേണ്ടതാകുന്നു.

66. അമന്ത്രികാതുകാര്യേയം സ്ത്രീണാമാവൃദശേഷതഃ
സംസ്കാരാത്ഥം ശരീരസ്യ യഥാകാലം യഥാക്രമം

സ്ത്രീകൾക്കു് ജാതകർമ്മം മുതലായ കർമ്മങ്ങൾ അതതു കാലത്തിൽ ശരീരശുദ്ധിക്കായി വേദമന്ത്രമില്ലാതെ തന്ത്രത്താൽ ചെയ്യേണ്ടതാകുന്നു.

67. വൈവാഹികോ വിധിഃ സ്ത്രീണാം സംസ്കാരോ
വൈദികസ്മൃതഃ
പതിസേവാഗുരൗവാസോ ഗൃഹാത്ഥോഗ്നി പരിക്രിയാ

സ്ത്രീകൾക്കു് വിവാഹം ഉപനയനമായിട്ടും, ഭർത്തൃശുശ്രൂഷണം ഗുരുകുലത്തിൽ വേദമോതുന്നതായിട്ടും, ഗൃഹരക്ഷണത്തെ സമിദാധാനമായിട്ടും പറയുന്നു.

68. ഏഷപ്രോക്തോദ്വിജാതീനാ മൌപനായനികോവിധിഃ
ഉല്പത്തിവ്യഞ്ജകഃ പുണ്യഃ കർമ്മയോഗം നിബോധത

ദ്വിജാതികൾക്കു് ഉപനയനവിധി പറഞ്ഞവസാനിപ്പിച്ചു. രണ്ടാമതു് ജനനം പ്രകാശപ്പെടുത്തുന്നതായും പുണ്യമായുമിരിക്കുന്ന കർമ്മയോഗത്തെ വിവരമായി കേട്ടുകൊണ്ടാലും.

69. ഉപനീയഗുരുശ്ശിഷ്യം ശിക്ഷയേച്ഛൌചമാദിതഃ
ആചാരമഗ്നികാര്യാശ്ചസന്ധ്യോപാസന മേവച

ഗുരു അല്ലെങ്കിൽ പിതാവു്, ശിഷ്യൻ അല്ലെങ്കിൽ പുത്രനു് ഉപനയനം ചെയ്യിച്ചിട്ടു് ആദ്യം ആചാരത്തേയും, ശൗചത്തേയും, സമിദാധാനത്തെയും, സന്ധ്യാവന്ദനത്തെയും ഉപദേശിക്കണം.

70. അധ്യേഷ്യമാണസ്ത്വാ ചാന്തോ യഥാശാസ്ത്രമുദങ്മുഖഃ
ബ്രഹ്മാഞ്ജലികൃതോ ധ്യാപ്യോ ലഘുവാസാജിതേന്ദ്രിയഃ

വേദാധ്യയനം ചെയ്‌വാൻ തുടങ്ങുന്ന ശിഷ്യൻ ശാസ്ത്രപ്രകാരം ആചമനം ചെയ്തു്, പരിശുദ്ധമായ വസ്ത്രമുള്ളവനായി, ജിതേന്ദ്രിയനായി വടക്കു മുഖമായിട്ടല്ലെങ്കിൽ കിഴക്കു മുഖമായി കൈ കെട്ടിയിരുന്നു് അദ്ധ്യയനം ചെയ്യണം.

71. ബ്രഹ്മാരംഭേവസാനേച പാദൗഗ്രാഹ്യൌ ഗുരോസ്സദാ
സംഹത്യഹസ്താവധ്യേയസ്സഹി ബ്രഹ്മാഞ്ജലിസ്മൃതഃ

വേദാദ്ധ്യയനം ചെയ്യുവാൻ തുടങ്ങുമ്പോഴും, അവസാനിക്കുമ്പോഴും ശിഷ്യൻ ഗുരുവിന്റെ പാദങ്ങൾ തൊട്ടു നമസ്കരിക്കേണ്ടതാകുന്നു,

അദ്ധ്യയനം ചെയ്യുമ്പോൾ രണ്ടു കൈകളും കെട്ടണം. ഇങ്ങനെ ചെയ്യുന്നതിനു ബ്രഹ്മാജ്ഞലിയെന്നു പറയുന്നു.

72. വ്യത്യസ്ത പാണിനാകാര്യ മുപസംഗ്രഹണംഗുരോഃ
സവ്യേനസവ്യഃസ്പൃഷ്ടവ്യോ ദക്ഷിണേനച ദക്ഷിണഃ

ഗുരുവിനെ നമസ്കരിക്കുമ്പോൾ രണ്ടു കൈകളും മാററിവച്ചുകൊണ്ടു് തന്റെ വലതു കൈയാൽ ഗുരുവിന്റെ വലതു പാദത്തേയും, ഇടതു കൈയാൽ ഗുരുവിന്റെ ഇടതു പാദത്തേയും സ്പർശിക്കേണ്ടതാണ്.

73. അധ്യേഷ്യമാണന്തുഗുരു ർന്നിത്യകാലമതന്ദ്രിതഃ
അധീഷ്വഭോ ഇതിബ്രൂയാ ദ്വിരാമോസ്ത്വിതിചാരമേൽ

ഗുരു, ശിഷ്യനെ വേദാദ്ധ്യയനം ചെയ്യിക്കുന്നതിനു് മടികൂടാതെ ആരംഭിക്കുമ്പോൾ അവനോടു തുടങ്ങെന്നും, അവസാനിക്കുമ്പോൾ നിറുത്തെന്നും പറയണം.

74. ബ്രാഹ്മണഃ പ്രണവം കുര്യാ ദാദാവന്തേചസർവ്വദാ
പ്രവത്യനോം കൃതം പൂർവ്വം പരസ്താച്ചവിശീര്യതേ

ബ്രാഹ്മണൻ വേദോച്ചാരണം ചെയ്യുന്നതിനു തുടങ്ങുമ്പോഴും, അവസാനിക്കുമ്പോഴും പ്രണവം ഉച്ചരിക്കേണ്ടതാണ്. ആദ്യം അങ്ങനെ ചെയ്യാഞ്ഞാൽ ഉച്ചരിച്ച വേദം അല്പാല്പമായി മറന്നുപോകും. അവസാനത്തിൽ ഉച്ചരിക്കാഞ്ഞാൽ ഓർമ്മയിൽ നിലനിൽക്കുകയില്ല.

75. പ്രാക്കൂലാൻപര്യപാസീനഃ പവിത്രൈശ്ചൈവപാവിതഃ
പ്രാണായാമൈസ്ത്രിഭിഃ പൂതഃ സ്തതഓങ്കാരമർഹതി

പൂർവാഭിമുഖമായി ദർഭവിരിച്ച് അതിലിരുന്നു രണ്ടു കൈകളിലും പവിത്രം ധരിച്ച് മൂന്നു പ്രാണായാമം ചെയ്തശേഷം പ്രണവം ഉച്ചരിക്കണം.

76. അകാരം ചാപ്യുകാരംച മകാരംച പ്രജാപതിഃ
വേദത്രയാന്നിരദ്ദുഹത്ഭൂർഭുവസ്സ്വരിതേതിച.

ബ്രഹ്മാവ് പ്രണവത്തിന്റെ അവയവങ്ങളായ അകാര, ഉകാര, മകാരങ്ങളെയും, ഗായത്രിക്കു മുൻപു പറയുന്ന ഒരു മന്ത്രവിശേഷമായ മൂന്നു വ്യാഹൃതിയേയും മൂന്നുവേദത്തിൽനിന്നും ക്രമമായി സൃഷ്ടിച്ചു.

77. ത്രിഭ്യഃ ഏവതുവേദേഭ്യഃ പാദപാദമ ദൂദഹൽ
തദിത്യചോസ്യസ്സോവിത്ര്യാഃ പരമേഷ്ഠീ പ്രജാപതി

''തത'' എന്ന ആരംഭത്തോടുകൂടിയ ഗായത്രിയുടെ മൂന്നു പാദങ്ങളെയും വേദത്തിൽനിന്നും സൃഷ്ടിച്ചു.

78. ഏതദക്ഷരമേതാഞ്ച ജപൻ വ്യാഹൃതി പൂർവികാം
സന്ധ്യയോർവ്വേദ വിദ്വിപ്രോ വേദപുണ്യേനയുജ്യതേ

ഈ പ്രണവത്തെയും, മൂന്നു വ്യാഹൃതിയെ തുടർന്നിരിക്കുന്ന ഈ ഗായത്രിയേയും, സന്ധ്യാകാലങ്ങളിൽ ജപിക്കുന്ന ബ്രാഹ്മണന്നു് മൂന്നു വേദങ്ങളെയും ഉച്ചരിച്ചാലുണ്ടാകുന്ന പുണ്യം ലഭിക്കുന്നു.

79. സഹസ്രകൃത്വസ്ത്വഭ്യസ്യ ബഹിരേതത്രികം ദ്വിജഃ
മഹതോപ്യേനസോമാസാ ത്ത്വചമേവാഹിർവിമുച്യതേ

ഈ ഗായത്രി നാട്ടിനുപുറമേ, നദീതീരം, വനം ഈ സ്ഥലങ്ങളിൽ ഇരുന്നു് ഒരു മാസക്കാലം പ്രതിദിനം ആയിരം ഉരു ജപിക്കുന്ന ബ്രാഹ്മണൻ മഹാപാതകത്തിൽനിന്നും, സർപ്പം തോൽ ഉരിക്കുന്നതുപോലെ മോചിക്കുന്നു.

80 ഏതയർച്ചാവിസംയുക്തഃ കാലേചക്രിയയാസ്വയാ
ബ്രഹ്മക്ഷത്രിയ വിഡ്യോനിർഗ്ഗഹണാം യാതിസാധുഷു

ഈ ജപം, ഉപനയനം തുടങ്ങിയ കർമ്മം ഇവയില്ലാത്ത മൂന്നു വർണ്ണങ്ങളും സാധുക്കളിൽനിന്നു് നിന്ദയെ പ്രാപിക്കുന്നു,

81. ഓംകാരപൂർവികാസ്തിസ്രോ മഹാവ്യാഹൃതയോവ്യയാഃ
ത്രിപദാചൈവസാവിത്രീ വിജ്ഞേയം ബ്രഹ്മണോമുഖം

പ്രണവത്തെയും, മഹാവ്യാഹൃതിയെയും മുൻനിറുത്തിയിട്ടുള്ള ഗായത്രി മോക്ഷം പ്രാപിക്കുന്നതിനുള്ള മാർഗ്ഗമാണെന്നു പറയുന്നു.

82. യോധീതെഹന്യഹന്യേതാം ത്രീണിവർഷാണ്യതം ദ്രിതഃ
സബ്രഹ്മപരമഭ്യേതി വായുഭ്രതഃഖ മൂർത്തിമാൻ

മടികൂടാതെ മൂന്നുവർഷക്കാലം ഇടവിടാതെ ഈ മന്ത്രങ്ങൾ ജപിക്കുന്നവൻ വായു എന്നപോലെ ആകാശത്തിൽ കാമചാരിയായി ബ്രഹ്മസായൂജ്യം പ്രാപിക്കുന്നു.

83. ഏകാക്ഷരം പരബ്രഹ്മ പ്രാണായാമഃ പരന്തപഃ
സാവിത്ര്യാസ്തുപരന്നാസ്തി മൌനാത്സത്യം വിശിഷ്യതേ

പ്രണവം പരബ്രഹ്മമായും, പ്രാണായാമം ചാന്ദ്രായണം മുതലായവയെക്കാൾ പ്രധാന തപസ്സായും പറയുന്നു. ഗായത്രി ജപിക്കുന്നവനു പാപമില്ല. സത്യംമാത്രം പറയുന്നവർക്കു മൌനവ്രതം ആവശ്യമില്ല.

84. ക്ഷരന്തിസർവാവൈദിക്യോ ജുഹോതിയജതിക്രിയാഃ
അക്ഷരന്ദുഷ്കരം ജ്ഞേയം ബ്രഹ്മചൈവപ്രജാപതിഃ

വേദത്തിൽ പറയുന്ന യജ്ഞയാഗാദി കാര്യങ്ങൾ നശ്വരങ്ങളായ ഫലം കൊടുക്കുന്നവയാകയാൽ അവയെ നശ്വരങ്ങളെന്നും, പ്രണവം പരമാത്മസ്വരൂപത്തെ മനസ്സിലാക്കി മോക്ഷം നൽകുന്നതാകയാൽ അവ അനശ്വരങ്ങളാണെന്നും ബ്രഹ്മാവു പറഞ്ഞിട്ടുണ്ടു്.

85. വിധിയജ്ഞാജ്ജപയജ്ഞോ വിശിഷ്ടോദശഭിർഗ്ഗുണൈഃ
ഉപാംശുഃസ്യാച്ഛതഗുണഃ സാഹസ്രോമാനസഃസ്മൃതഃ

അമാവാസ്യയിലും, പൗർണ്ണമിയിലും ചെയ്യേണ്ടതായ സ്ഥാലിപാകം മുതലായ വിധി യജ്ഞത്തേക്കാൾ ജപയജ്ഞം പത്തുഗുണം മഹിമയുള്ളതാകുന്നു. അതു രഹസ്യത്തിൽ ചെയ്യപ്പെട്ടാൽ നൂറു ഗുണമായും മനസ്സിൽ അതിന്റെ സാരം ഗ്രഹിച്ചു് ഏകാഗ്രമായി ജപിച്ചാൽ ആയിരം ഗുണമായി ഭവിക്കുമെന്നു പറയാം.

86. യെപാകയജ്ഞാശ്ചതവാരോ വിധിയജ്ഞസമന്വിതാഃ
സർവേതേജപയജ്ഞസ്യ കലാന്നാർഹന്തിഷോഡശീം

വിധി യജ്ഞത്തോടുകൂടിയ നാലു പാകയജ്ഞങ്ങളും, ഗായത്രിജപത്തിന്റെ പതിനാറിലൊരു ഭാഗത്തോടു സമമല്ലാത്ത മഹിമയോടു കൂടിയ

താകുന്നു. (പഞ്ചമഹായജ്ഞത്തിൽ ബ്രഹ്മയജ്ഞം ഒഴികെ അന്നത്താൽ ചെയ്യത്തക്ക മററു നാലും പാകയജ്ഞമാണ്.)

87. ജപ്യേനൈവതുസംസിദ്ധ്യേദ് ബ്രാഹ്മണോനാത്രസംശയഃ
കുര്യാദന്ന്യന്നവാകുര്യാ ന്മൈത്രോബ്രാഹ്മണഉച്യതേ

ബ്രാഹ്മണൻ ഗായത്രിജപത്താൽതന്നെ മോക്ഷസിദ്ധി പ്രാപിക്കുന്നു. ഇതിൽ സംശയമില്ല. മററു യാഗാദികൾ ചെയ്യുകയും വിടുകയും ചെയ്യാം. യാഗം ചെയ്തേതീരൂ എന്നു നിർബ്ബന്ധമില്ല. അതിനാൽ ബ്രാഹ്മണൻ എല്ലാ പ്രാണികൾക്കും മിത്രമാകുന്നു.

88. ഇന്ദ്രിയാണാം വിചരതാം വിഷയേഷ്വപഹാരിഷു
സംയമേയത്നമാതിഷ്ഠേ ദ്വിദ്വാൻയന്തേവ വാജിനാം

മനസ്സിനെ അപഹരിക്കുന്ന സ്വഭാവത്തോടുകൂടിയ ശബ്ദാദി വിഷയങ്ങളിൽ പ്രവേശിക്കാത്ത ഇന്ദ്രിയങ്ങളെ, വിഷയത്തിൽനിന്ന് തേരാളി കുതിരകളെ സ്വാധീനിക്കുന്നതുപോലെ, അറിവുള്ളവൻ സ്വാധീനിക്കേണ്ടതാകുന്നു.

89. ഏകാദശേന്ദ്രിയാണ്യാഹുര്യാനി പൂർവേമനീഷിണഃ
താനിസമ്യക്പ്രവക്ഷ്യാമി യഥാവദനു പൂർവ്വശഃ

മഹാന്മാർ പതിനൊന്നായി വിഭജിച്ചിരിക്കുന്ന ഇന്ദ്രിയങ്ങളെ ക്രമമായി പറയാൻ തുടങ്ങുന്നു.

90. ശ്രോത്രംത്വക്ചക്ഷുഷീജിഹ്വാ നാസികാചൈവപഞ്ചമീ
പായൂപസ്ഥംഹസ്തപാദാ വാക്ചൈവദശമീസ്മൃതാഃ

ചെവി, ത്വക്, കണ്ണ്, നാക്ക്, മൂക്ക് ഇങ്ങനെ അഞ്ചും, ആസനം, ഉപസ്ഥം, കൈ, കാൽ, വാക്ക് ഇങ്ങനെ അഞ്ചും.

91. ബുദ്ധീന്ദ്രിയാണിപഞ്ചൈഷാം ശ്രോത്രാദീന്യനുപൂർവശഃ
കർമ്മേന്ദ്രിയാണിപഞ്ചൈഷാം പായ്വാദീനിപ്രചക്ഷതെ.

ഇവയിൽ ചെവിമുതൽ മൂക്കുവരെ ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും, ആസനം മുതൽ നാക്കുവരെ കർമ്മേന്ദ്രിയം അഞ്ചും ആകുന്നു.

92. ഏകാദശമ്മനോജ്ഞേയം സ്വഗുണേനോ ഭയാത്മകം
യസ്മിൻജിതേജിതാവേതൌ ഭവതഃ പഞ്ചകൌഗണൌ.

തന്റെ കർമ്മത്തിനു തക്കവണ്ണം ഈ പത്ത് ഇന്ദ്രിയങ്ങളേയും ചേഷ്ടിപ്പിക്കുന്ന മനസ്സിനെ പതിനൊന്നാമത്തെ ഇന്ദ്രിയമെന്നു അറിയേണ്ടതാണ്. ആ മനസ്സിനെ ജയിച്ചാൽ മററ് എല്ലാ ഇന്ദ്രിയങ്ങളും ജയിച്ചതാകും.

93. ഇന്ദ്രിയാണാം പ്രസങ്ഗേന ദോഷമൃച്ഛത്യസംശയം
സന്നിയമ്യതുതാന്യേവ തതസ്സിദ്ധിംനിയച്ഛതി.

ഇന്ദ്രിയങ്ങൾ വിഷയത്തിൽ സഞ്ചരിക്കുന്നതിനാൽ ദോഷമുണ്ടാകുന്നു. അവയെ നിഗ്രഹം ചെയ്യുന്നതുകൊണ്ടു മോക്ഷം മുതലായവ സിദ്ധിക്കുന്നു. അതിനു സന്ദേഹമില്ല.

94. നജാതുകാമഃ കാമാനാ മുപഭോഗേന ശാമ്യതി
ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവദ്ധതേ.

ആഗ്രഹം അനുഭോഗത്തിനാൽ ഒരിക്കലും ശമം പ്രാപിക്കുന്നില്ല. നെയ്യാൽ അഗ്നിയെന്നതുപോലെ, അനുഭോഗത്തിനാൽ ആഗ്രഹം വൃദ്ധി പ്രാപിക്കും.

95. യശ്ചൈതാൻ പ്രാപ്നുയാത്സർവാൻ യശ്ചൈതാൻ
കേവലാം സ്ത്യജേൽ
പ്രാപണാത്സർവകാമാനാം പരിത്യാഗോ വിശിഷ്യതേ.

ഒരുവൻ സകല ഭോഗങ്ങളും അനുഭവിക്കുന്നു. ഒരുവൻ ആ ഭോഗങ്ങളെ അല്പമെന്നു വിചാരിച്ച് നിവൃത്തനായ് ഭവിക്കുന്നു. ഇതിൽ അനുഭവിക്കുന്നവനേക്കാൾ ഉത്തമൻ നിവൃത്തിചെയ്യുന്നവനാണ്.

96. നതഥൈതാനി ശക്യന്തേ സന്നിയന്തുമസേവയാ
വിജയേഷു പ്രജുഷ്ടാനി യഥാജ്ഞാനേനനിത്യശഃ

വിഷയസംബന്ധികളായ ഇന്ദ്രിയങ്ങൾ ജ്ഞാനത്താൽ ജയിക്കപ്പെടുന്നു. അതുപോലെ വിഷയത്തോടുള്ള അടുപ്പം അകററി ശമത്വം സാധിക്കുന്നു.

97. വേദാസ്ത്യാഗശ്ചയജ്ഞാശ്ച നിയമാശ്ചതപാംസിച
നവിപ്രദുഷ്ടഭാവസ്യ സിദ്ധിംഗച്ഛന്തികർഹിചിൽ.

വേദമോതുന്നതു്, ദാനം ചെയ്യുന്നതു്, യജ്ഞം ചെയ്യുന്നതു്, അനുഷ്ഠാനങ്ങൾ നടത്തുന്നതു്, തപസ്സ ചെയ്യുന്നതു് ഇവയൊന്നും വിഷയാസക്തമായ മനസ്സോടു കൂടിയവനു് ഫലം കൊടുക്കുന്നില്ല.

98. ശ്രുത്വാസ്പൃഷ്ട്വാച ദൃഷ്ട്വാച ഭുക്ത്വാഘ്രാത്വാചയോനരഃ
നഹൃഷ്യതിഗ്ലായതിവാ സവിജ്ഞേയോജിതേന്ദ്രിയഃ

ഇഷ്ടാനിഷ്ടങ്ങളെ ശ്രോത്രംകൊണ്ടു ശ്രവിച്ചും ദേഹംകൊണ്ടു സ്പർശിച്ചും, നേത്രംകൊണ്ടു കണ്ടും, നാവുകൊണ്ടു രുചിച്ചും, മൂക്കുകൊണ്ടു ഘ്രാണിച്ചും, സുഖദുഃഖം ഉണ്ടാകാത്തവൻ ആരാണോ അവൻതന്നെയാണു് ജിതേന്ദ്രിയൻ.

99. ഇന്ദ്രിയാണാന്തുസർവേഷാം യദ്യേകം ക്ഷരതീന്ദ്രിയം
തേനാസ്യക്ഷരതിപ്രജ്ഞാ ദൃതേഃ പാദാദിവേദകം.

ഇന്ദ്രിയങ്ങളിൽ ഏതെങ്കിലുമൊന്നു് സ്വാധീനിക്കാതെ പോയാൽ ജ്ഞാനം പച്ചക്കുടത്തിലെ ജലംപോലെ അൽപാൽപമായി നശിച്ചുപോകുന്നു.

100. വശേകൃത്വേന്ദ്രിയഗ്രാമം സംയമ്യചമനസ്തഥാ
സർവാൻ സംസാധയേദർത്ഥാ നക്ഷിണ്വൻ യോഗതസ്തനും

എല്ലാ ഇന്ദ്രിയങ്ങളെയും സ്വാധീനിച്ചിട്ടു്, മനസ്സിനെ സ്വാധീനപ്പെടുത്തി തന്റെ ശരീരത്തെ സ്വാധീനിക്കാതെ ഇഹപരസുഖങ്ങൾക്കു് ഹേതുവായ സർവാർത്ഥങ്ങളെ സാധിക്കേണ്ടതാകുന്നു.

101. പൂർവാം സന്ധ്യാം ജപംസ്തിഷ്ഠേത് സാവിത്രീമർക്ദേശ്—
നാൽ
പശ്ചിമാന്തുസമാസീനഃ സമ്യഗൃക്ഷവിഭാവനാൽ.

പ്രഭാതസന്ധ്യയിൽ സൂര്യോദയംവരെ നിന്നും, സായംസന്ധ്യയിൽ നക്ഷത്രം കാണുന്നതുവരെ ഇരുന്നും ജപിക്കേണ്ടതാകുന്നു.

102. പൂർവാംസന്ധ്യാ ജപംസ്തിഷ്ഠന്നൈശമേനോവ്യപോഹതി
പശ്ചിമാന്തുസമാസീനോ മലംഹന്തിദിവാകൃതം.

പ്രാതസ്സന്ധ്യയിൽ നിന്നു ജപിക്കുന്നകൊണ്ടു് രാത്രിയിൽ ചെയ്ത പാപവും, സായംസന്ധ്യയിൽ ഇരുന്നു ജപിക്കുന്നകൊണ്ടു് പകലിൽ ചെയ്ത പാപവും നശിക്കുന്നു.

103. നതിഷ്ഠതിതുയഃപൂർവ്വാം നോപാസ്തേയപശ്ചപശ്ചിമാം
സശൂദ്രവദ്ബഹിഷ്ക്കാര്യഃ സർവസ്മാദ്വിജകർമ്മണഃ

യാതൊരുത്തൻ ഇങ്ങനെ അനുഷ്ഠിക്കുന്നില്ലയോ അവൻ സകല ബ്രാഹ്മണപൂജാകാര്യങ്ങളിൽനിന്നും ബഹിഷ്ക്കരിക്കപ്പെടണം.

104. അപാംസമീപേനിയതോ നൈത്യകം വിധിമാസ്ഥിതഃ
സാവിത്രീമപ്യധീയിത ഗത്വാരണ്യംമാഹിതഃ

ജലതീരത്തിലാകട്ടെ, ജലമില്ലാത്ത സ്ഥലങ്ങളിലാകട്ടെ ഇരുന്നു് ഏകാഗ്രചിത്തനായിട്ടു് പ്രതിദിനം ചെയ്യേണ്ടതായ ബ്രഹ്മയജ്ഞം ചെയ്തു പരിസമാപ്തിയാകുമ്പോൾ ഗായത്രി മുതലായവ ജപിക്കണം.

105. വേദോപകരണേചൈവ സ്വാധ്യായേ ചൈവനൈത്യകേ
നാനുരോധോസ്ത്യനധ്യായേ ഹോമമന്ത്രേഷുചൈവഹി.

വേദാംഗം, നിത്യം ജപിക്കപ്പെടുവാൻ യോഗ്യമായ ഗായത്രി ജപം, ബ്രഹ്മയജ്ഞം, ഔപാസനം, വൈശ്യദേവം ഇവക്കു് അനധ്യയന ദിവസമില്ല.

106. നൈത്യകേനാസ്ത്യനധ്യായോ ബ്രഹ്മസത്രം ഹിതൽ—
സ്മൃതം
ബ്രഹ്മാഹുതിഹുതംപുണ്യ മനധ്യായവഷട്കൃതം.

നിത്യം അനുഷ്ഠേയങ്ങളായ ഗായത്രി മുതലായ കർമ്മങ്ങളെ പര ബ്രഹ്മവിഷയമായ യാഗമെന്നു് പറയുന്നു. അതുകൊണ്ടു് അവ അനധ്യയനത്തിൽ ചെയ്യപ്പെട്ടാലും പുണ്യദങ്ങളായി തീരുന്നു.

107. യസ്സ്വാധ്യായമധീതേബ്ദം വിധിനാനിയതശ്ശുചിഃ
തസ്യനിത്യം ക്ഷരത്യേഷ പയോദധിഘൃതംമധു.

ഒരുവൻ ഒരു വത്സരംവരെ പരിശുദ്ധനായ് ബ്രഹ്മയജ്ഞം ചെയ്താൽ, ആ ബ്രഹ്മയജ്ഞത്തിലെ പാൽ, തൈർ, നെയ്യ്, തേൻ ഇവയെ സ്വീകരിച്ചിട്ടു് അവൻെറ പിതൃക്കൾക്കു് സന്തുഷ്ടിയുണ്ടാകുന്നു.

108. അഗ്നീന്ധനംഭൈക്ഷചര്യാ മധശ്ശയ്യാംഗുരോർഹിതം
ആസമാവത്തനാൽകുര്യാൽ കൃതോപനയനോദ്വിജഃ

അഗ്നിയിൽ സമിത്തിനാൽ ഹോമം ചെയ്യുന്നതും, അന്ന ഭിക്ഷയെടുക്കുന്നതും, തറയിൽ കിടക്കുന്നതും, ഗുരു ശുശ്രൂഷചെയ്യുന്നതും ബ്രഹ്മചാരിക്കു വേദാധ്യയനം പൂർത്തിയായി തിരിച്ചു വരുന്നതു പര്യന്തമുള്ള കൃത്യങ്ങളാകുന്നു.

109. ആചാര്യപുത്രശ്ശുശ്രൂഷുർ ജ്ഞാനദോധാർമ്മികശ്—
ശുചിഃ
ആപ്തശ്ശക്തോത്ഥദസ്സാധു സ്വോധ്യാപ്യാദശകർമ്മതഃ

ഗുരുവിൻെറ പുത്രൻ, ശിഷ്യൻ, മററൊരു ജ്ഞാനം തനിക്കുപദേശിക്കുന്നതിനു യോഗ്യനായവൻ, ധർമ്മത്തെയറിഞ്ഞവൻ, ആചാരമുള്ളവൻ പറഞ്ഞുകൊടുക്കുന്നതിനെ ഗ്രഹിക്കത്തക്ക ബുദ്ധിശക്തിയുള്ളവൻ, ചോദിക്കപ്പെടുന്ന ദ്രവ്യം കൊടുക്കുന്നവൻ, ബന്ധവിഭാഗിസത്യവാദി ഇവർ വേദാധ്യയനം ചെയ്യിപ്പിക്കാൻ യോഗ്യന്മാരാകുന്നു.

110. നാപൃഷ്ടഃകസ്യചിദ്ബ്രൂയാ ന്നചാന്യയേനപൃച്ഛതഃ
ജാനന്ന പിഹിമേധാവീ ജഡവല്ലോക ആചരേത്.

ധർമ്മോപദേശം ആവശ്യപ്പെടാത്തവനോട് ഉപദേശിക്കരുത്. അക്രമമായി ആവശ്യപ്പെടുന്നവനും ഉപദേശിക്കരുത്. സകല ധർമ്മത്തെയും അറിഞ്ഞിരുന്നാലും വാഗവികലനെപ്പോലെ ലോകത്തിൽ സഞ്ചരിക്കേണ്ടതാണ്.

111. അധർമ്മേണചയഃപ്രാഹ യശ്ചാധർമ്മേണപൃഛതി
തയോരന്യതരഃപ്രൈതി വിദ്വേഷം വാധിഗച്ഛതി.

അധർമ്മമായി ഉപദേശിക്കുന്നവൻ, അധർമ്മമായി കേൾക്കുന്നവൻ, ആ രണ്ടുപേരിൽ ഒരുത്തൻ അൽപായുസ്സാകും. അല്ലെങ്കിൽ അവർക്കു തമ്മിൽ വിദ്വേഷം പ്രാപിക്കും.

112. ധർമ്മാത്ഥൌയത്രനസ്യാതാം ശുശ്രൂഷാവാപിതദ്വിധാ
തത്രവിദ്യാനവപ്തവ്യാ ശുഭം ബീജമിവോഷരെ.

ധർമ്മം, അർത്ഥം, ശുശ്രൂഷ ഇവയില്ലാത്ത ശിഷ്യന് വിദ്യ ഉപദേശിച്ചാൽ, കളകളാൽ വ്യാപ്തമായിട്ടുള്ള നിലത്തിൽ നല്ല വിത്തു വിതക്കുന്നതുപോലെ നിഷ്ഫലമായിത്തീരുന്നു.

113. വിദ്യയൈവസമം കാമം മത്തവ്യം ബ്രഹ്മവാദിനാ
ആപാദ്യപിഹിഘോരായാം സതേ്വനാമിരണേവപേൽ.

വേദം അഭ്യസിച്ചവൻ ഒരുത്തനെയും, അഭ്യസിപ്പിക്കാതിരുന്നാൽ വിദ്യയോടെ മരിച്ചാലും മരിക്കും എന്നല്ലാതെ തദ്വിധന്മാരായ ശിഷ്യന്മാർക്കുപദേശിക്കാൻ പാടില്ല.

114. വിദ്യാബ്രാഹ്മണമേത്യാഹ സേവകസ്തേസ്മിരക്ഷമാം
അസൂയകായമാന്മാദം സ്തഥാസ്യാം വീര്യവത്തമാ.

വിദ്യാദേവതയാകട്ടെ വേദോപദേശം ചെയ്യുന്ന ബ്രാഹ്മണനോടു പറഞ്ഞു; ഞാൻ നിനക്ക് ആശ്രയമായിരിക്കാം. നീ എന്നെ രക്ഷിക്കണം. അധർമ്മചാരിയായവർക്ക് ഉപദേശിക്കാതെയിരുന്നാൽ നിനക്കു വേണ്ട ഫലം തരാം.

115. യമേവതു ശുചിംവിദ്യാ ന്നിയതബ്രഹ്മചാരിണം
തസ്മൈമാം ബ്രൂഹിവിപ്രായ നിധിപായാപ്രമാദിനേ.

പരിശുദ്ധനായും, അനുഷ്ഠാനമുള്ളവനായും, വിദ്യാധനത്തെ രക്ഷിക്കുന്നവനായും, ജാഗ്രതയുള്ളവനായും ഇരിക്കുന്ന ശിഷ്യൻ ആരാണോ അവന് ഉപദേശിച്ചാലും.

116. ബ്രഹ്മയസ്ത്വനനുജ്ഞാത മധീയാനാദവാപ്നുയാൽ
സബ്രഹ്മസ്തേയ സംയുക്തോ നരകംപ്രതിപദ്യതേ.

ഗുരു അറിയാതെ അധ്യായികളോട് വിദ്യപ്രാപിക്കുന്നവൻ വേദമോഷ്ടാവായിട്ട് നരകംപ്രാപിക്കുന്നു.

117. ലൗകികം വൈദികം വാപി തഥാധ്യാത്മികമേവച
ആദദീതയതോജ്ഞാനം തം പൂർവ്വമഭിവാദയേൽ.

തർക്കശാസ്ത്രം, വേദശാസ്ത്രം, വേദാന്തശാസ്ത്രം ഇവയിൽ ഒന്നിനെയെങ്കിലും ആരിൽനിന്നു് ഗ്രഹിക്കുന്നുവോ, അവനെ മുൻപറഞ്ഞവർ നമസ്കരിക്കേണ്ടതാകുന്നു.

118. സാവിത്രീമാത്രസാരോപി വരം വിപ്രസ്സുയംത്രിതഃ
നായന്ത്രിതസ്ത്രിവേദോപി സർവ്വാശീസർവ്വവിക്രയീ.

ബ്രാഹ്മണൻ അനുഷ്ഠാനമുള്ളവനായ ഗായത്രിമാത്രമേ അറിഞ്ഞിട്ടുള്ളു എന്നിരുന്നാലും ഉത്തമനാകുന്നു. മൂന്നു വേദം അദ്ധ്യയനം ചെയ്തിരുന്നുവെങ്കിലും, അനുഷ്ഠാനമില്ലാതെ കണ്ട സ്ഥലങ്ങളിൽ ഉണ്ണുന്നവനായും കണ്ടവന്നൊക്കെ ഉപദേശം ചെയ്യുന്നവനായും ഇരുന്നാൽ ഒരിക്കലും ഉത്തമനായി തീരുകയില്ല.

## ഗുരുശുശ്രൂഷാ

119. ശയ്യാസനേദ്ധ്യാചരിതേ ശ്രേയസാന സമാവിശേൽ
ശയ്യാസനസ്ഥശ്ചൈവൈനം പ്രത്യുത്ഥായാഭിവാദയേൽ.

ഗുരുവിൻെറ ആസനത്തിലും, ശയ്യയിലും, ഇരിക്കുകയോ കിടക്കുകയോ ചെയ്യരുതു്. താൻ കിടക്കുമ്പോഴും ഇരിക്കുമ്പോഴും ഗുരു വന്നാൽ ഉടൻ എഴുന്നേററു് വന്ദിക്കേണ്ടതാകുന്നു.

129. ഊർദ്ധ്വം പ്രാണാഹ്യുൽക്രമന്തി യൂനഃസ്ഥവിര ആയതി
പ്രത്യുത്ഥാനാഭിവാദാഭ്യം പുനസ്താൻ പ്രതിപദ്യതേ.

വയസ്സിലും, പഠിത്തത്തിലും ഉയർന്നവൻ വരുമ്പോറം, താൻ ഇരുന്നാൽ അവൻെറ പ്രാണവായു ഉൽഗമിക്കുന്നതിനു് യത്നിക്കുന്നു. എഴുന്നേററു വന്ദിക്കുന്നതായാൽ അതു് യഥാസ്ഥിതി പ്രാപിക്കുന്നു.

121. അഭിവാദന ശീലസ്യ നിത്യം വൃദ്ധോപസേവിനഃ
ചത്വാരിതസ്യവർദ്ധന്തേ ആയുർവിദ്യായശോബലം.

മഹാന്മാരെ നിത്യവും വന്ദിക്കുന്നവനായും, ഉപചരിക്കുന്നവനായും ഇരിക്കുന്നവനു് ആയുസ്സു്, വിദ്യ, കീർത്തി, ബലം ഇവ അഭിവൃദ്ധി പ്രാപിക്കുന്നു.

122. അഭിവാദാല്പരം വിപ്രോ ജ്യായാംസമഭിവാദയൻ
അസൗനാമാഹമസ്മീതി സ്വന്നാമ പരികീർത്തയേൽ.

മഹാന്മാരെ വന്ദിക്കുമ്പോറം ഇന്നയാറം വന്ദിക്കുന്നു എന്നു് അഭിവാദനം ചെയ്യേണ്ടതാകുന്നു.

123. നാമധേയസ്യയേകേചി ദഭിവാദന്നജാനതേ
താൻ പ്രാജ്ഞോഹമിതിബ്രൂയാൽ സ്ത്രീയസ്സർവ്വാസ്ത—
ഥൈവച.

യാതൊരുത്തൻ പ്രത്യഭിവാദനമെന്ന ആശീർവ്വാദത്തെക്കുറിച്ചു് അജ്ഞന്മാരായിരിക്കുന്നുവോ അവരെയും, മാതാക്കന്മാരെയും തൻെറ പേർമാത്രം പറഞ്ഞു വന്ദിക്കേണ്ടതാകുന്നു.

124. ഭോ! ശബ്ദം കീർത്തയേദന്തേ സ്വസ്യനാമിനോഭിവാദനേ
നാമ്നാം സ്വരൂപഭാവോഹി ഭോഭാവഋഷിഭിഃസ്മൃതഃ

താൻ വന്ദിച്ച് അഭിവാദനം പറയുമ്പോൾ തൻെറ പേരിൻെറ അവസാനത്തിൽ ''ഭോ!'' എന്ന ശബ്ദം പറയേണ്ടതാകുന്നു. ആ ശബ്ദം നാമങ്ങളുടെ സ്വരൂപമെന്ന് ഋഷിമാർ പറഞ്ഞിരിക്കുന്നു.

125. ആയുഷ്മാൻഭവ സൗമ്യേതി വാച്യേവിപ്രോഭിവാദനേ
അകാരാശ്ചാസ്യനാമ്നോന്തേ വാച്യഃപൂർവാക്ഷരഃ—
പ്ലുതഃ

ചെറിയ ആളുകൾ വണങ്ങുമ്പോൾ അവൻെറ പേരു് അതിൻെറ അന്തത്തിൽ അകാരത്തെ മൂന്നുമാത്ര(പ്ലുത)യാക്കിയും പറഞ്ഞു് ആയുഷ്മാൻ ആയി ഭവിക്ക എന്നു് അനുഗ്രഹിക്കേണ്ടതാകുന്നു.

126. യോനവേത്ത്യഭിവാദിന്യ വിപ്രഃപ്രത്യദിവാദനം
നാഭിവാദ്യസ്സവിദുഷാ യഥാശൂദ്രസ്തഥൈവസഃ

മേൽ പറഞ്ഞവിധം ഏതു ബ്രാഹ്മണനു് ആശീർവ്വാദം പറയുന്നതിനു് അറിവില്ലയോ അവനു് അഭിവാദനം ചെയ്യരുതു്. അവൻ ശൂദ്രനോടു തുല്യൻതന്നെയാണു്.

127. ബ്രാഹ്മണം കുശലം പൃച്ഛേൽ ക്ഷത്രബന്ധുമനാമയം
വൈശ്യം ക്ഷേമം സമാഗമ്യ ശൂദ്രമാരോഗ്യമേവച.

വണങ്ങിയശേഷം ബ്രാഹ്മണനോടു കുശലംതന്നെയാണോ എന്നും; ക്ഷത്രിയനോടു് സുഖക്കേടൊന്നുമില്ലല്ലോ എന്നും; വൈശ്യനോടു് ക്ഷേമമായിരിക്കുന്നോ എന്നും; ശൂദ്രനോടു് സുഖംതന്നെയാണോ എന്നും ചോദിക്കേണ്ടതാകുന്നു.

128. അവാച്യോദിക്ഷിതോ നാമ്നാ യവീയാനപിയോഭവേൽ
ഭോഭവൽ പൂർവകംത്വേന മഭിഭാഷേത ധർമ്മവിൽ.

യാഗം ചെയ്യുന്നതിനു ദീക്ഷയോടുകൂടിയിരിക്കുന്നവൻ ചെറുപ്പക്കാരനായിരുന്നാലും ധർമ്മമറിഞ്ഞവൻ അവൻെറ പേർ പറഞ്ഞു വിളിച്ചുകൂടാത്തതാണു്. ഭോ! എന്നും ഭവാൻ എന്നും പറയേണ്ടതാണു്. ഈ രണ്ടു വാക്കും മര്യാദ സൂചിപ്പിക്കുന്നവയാണു്.

129. പരപത്നീതുയാസ്ത്രീസ്യാ ദസംബന്ധാചയോനിതഃ
താംബ്രൂയാൽ ഭവതീത്യേവം സുഭഗേഭഗിനീതിച.

അന്യൻെറ ഭാര്യയേയും, തനിക്കു ബന്ധുവല്ലാത്ത സ്ത്രീകളേയും ''ഭവതി'' ''സുഭഗെ'' ''ഭഗിനി'' എന്നു വിളിക്കേണ്ടതാകുന്നു.

130. മാതുലാംശ്ച പിതൃവ്യാംശ്ച ശ്വശുരാനൃത്വിജോഗുരുൻ
അസാവഹമിതിബ്രൂയാൽ പ്രത്യുത്ഥായയവീയസഃ

അമ്മാവൻ, ചിററപ്പൻ, വലിയച്ഛൻ, ഭാര്യയുടെയോ ഭർത്താവിൻെറയോ അച്ഛൻ, യാഗപുരോഹിതൻ, ഗുരു ഇവർ വന്നാൽ എഴുന്നേററു വന്ദിച്ച് അഭിവാദനം പറയേണ്ടതാകുന്നു.

131. മാതൃഷ്വസാമാതുലാനി ശ്വശ്രൂരഥപിതൃഷ്വസാ
സംപൂജ്യാഗുരുപത്നീവൽ സമാസ്താഗുരുഭാര്യയാ.

അമ്മയുടെ അനുജത്തി, അമ്മാവന്റെ ഭാര്യ, ഭാര്യയുടേയോ ഭർത്താവിന്റെയോ അമ്മ, അച്ഛന്റെ സഹോദരി ഇവർ ഗുരുവിന്റെ പത്നിയോടു തുല്യരാകയാൽ ഗുരുപത്നിയേപ്പോലെ പൂജിക്കേണ്ടതാണ്.

132. ഭ്രാതുർഭാര്യോപ സംഗ്രാഹ്യ സവർണ്ണാഹന്യഹന്യപി
വിപ്രോഷ്യരുപ സംഗ്രാഹ്യാ ജ്ഞാതിസംബന്ധി—
യോഷിതഃ

തന്റെ ജാതിയിൽ വിവാഹം ചെയ്യപ്പെട്ടിരിക്കുന്ന ജ്യേഷ്ഠന്റെ ഭാര്യയെ നിത്യവും വണങ്ങേണ്ടതാകുന്നു. ജ്ഞാതി, സംബന്ധി ഇവരുടെ പത്നിമാരെ ദേശാന്തരം പോയി വന്നശേഷംമാത്രം വണങ്ങേണ്ടതാണ്.

133. പിതുർഭഗിന്യാം മാതുശ്ച ജ്യായസ്യാം ചസ്വസര്യപി
മാതൃവദ്വൃത്തിമാതിഷ്ഠേ ന്മാതാതാഭ്യോഗരീയസീ.

അച്ഛന്റെ ഉടപ്പിറന്നവരം, വലിയമ്മ, ഇളയമ്മ ഇവരോട് അമ്മയോടുള്ള മര്യാദ ചെയ്യേണ്ടതാകുന്നു. മാതാവ് ഇവരിൽനിന്നും ഉൽകൃഷ്ട പൂജയ്ക്ക് അർഹയാകുന്നു.

134. ദശാബ്ദാഖ്യം പൗരസഖ്യം പംചാദ്ബ്ദാഖ്യംകലാഭൃതാം
ത്ര്യബ്ദപൂർവം ശ്രോത്രിയാണാം സ്വല്പേനാപിസ്വയോ—
നിഷു.

നഗരം, ഗ്രാമം, ഈ സ്ഥലങ്ങളിൽ വസിക്കുന്നവർ പത്തു വയസ്സ് മൂപ്പുള്ളവനോടും, അതിൽ ഗാനം മുതലായ വിദ്യയറിഞ്ഞിരുന്നാൽ അഞ്ചു വയസ്സ് മൂത്തവനോടും, വേദമറിഞ്ഞവനായാൽ മൂന്നുവയസ്സ് മൂത്തവനോടും തന്റെ ജ്ഞാതികളിൽ അൽപകാലമെങ്കിലും മൂത്തവനോടും സ്നേഹം പ്രകടിപ്പിക്കേണ്ടതാകുന്നു.

135. ബ്രാഹ്മണന്ദശവർഷന്തു ശതവർഷന്തുഭൂമിപം
പിതാപുത്രൗ വിജാനീയാദ് ബ്രാഹ്മണസ്തുതയോഃപിതാ.

പത്തു വയസ്സുള്ള ബ്രാഹ്മണനെയും, നൂറു വയസ്സുള്ള ക്ഷത്രിയനെയും അച്ഛനും പുത്രനും എന്നപോലെ അറിയേണ്ടതാകുന്നു. അതിൽ ബ്രാഹ്മണനെ അച്ഛനെന്നും ക്ഷത്രിയനെ പുത്രനെന്നും വിചാരിക്കത്തക്ക മര്യാദയോടുകൂടി നടക്കണം.

136. വിത്തം ബന്ധുർവയഃകർമ്മ വിദ്യാഭവതി പഞ്ചമീ
ഏതാനിമാന്യസ്ഥാനാനി ഗരീയോയദ്യദുത്തരം

ന്യായമായി സമ്പാദിച്ച ധനം, ചിററപ്പൻ മുതലായ ബന്ധുക്കൾ, ഉയർന്ന വയസ്സ്, സദാചാരം, വിദ്യ ഈ അഞ്ചു കാര്യങ്ങളും പൂജ്യതയ്ക്ക് ഹേതുവായിരിക്കുന്നു: എന്നാൽ ഇവ ക്രമമായി ഒന്നിനൊന്ന് ശ്ലാഘ്യത കൂടുന്നവയാകുന്നു.

137. പഞ്ചാനാം ത്രിഷുവർണ്ണേഷു ഭൂയാംസി ഗുണവന്തിച
യത്രസ്യുസ്സോത്രമാനാർഹ ശ്ശൂദ്രോപിദശമീംഗതഃ

മൂന്നു വർണ്ണങ്ങളിൽ യാതൊരുത്തനിൽ മേൽപറഞ്ഞ അഞ്ചു ഗുണങ്ങളിൽ രണ്ടു മൂന്നു ഗുണങ്ങൾ കാണുന്നുവോ അവനെ ഒരു ഗുണം മാത്രമുള്ളവൻ പൂജിക്കേണ്ടതാകുന്നു. തൊണ്ണൂറു വയസ്സു കഴിഞ്ഞ ശൂദ്രനെ പൂജിക്കണം.

138. ചക്രിണോദശമീസ്ഥസ്യ രോഗിണോഭാരിണസ്ത്രിയഃ
സ്നാതകസ്യ ചരാജ്ഞശ്ചപന്ഥാ ദേയോവരസ്യച.

വണ്ടി മുതലായ വാഹനത്തിൽ വരുന്നവൻ, തൊണ്ണൂറിനുമേൽ പ്രായമുള്ളവൻ. രോഗമുള്ളവൻ, ചുമട ചുമക്കുന്നവൻ, സ്ത്രീകരം, അനുഷ്ഠാനമുള്ള ബ്രാഹ്മണൻ, രാജാവു്, വിവാഹംചെയ്യുന്നതിനു് തുടങ്ങുന്ന വരൻ, ഇവർക്കു് മററുള്ളവർ വഴികൊടുക്കേണ്ടതാകുന്നു.

139. തേഷാന്തു സമവേതാനാം മാനൗസ്നാതക പാർത്ഥിവൗ
രാജാസ്നാതകയോശ്ചൈവ സ്നാതകോ നൃപമാനഭാക്.

മേൽപറഞ്ഞവരെല്ലാം ഒന്നായിവരികയാണെങ്കിൽ രാജാവു്, അനുഷ്ഠാനമുള്ള ബ്രാഹ്മണൻ ഇവർക്കു് ആദ്യം വഴികൊടുക്കേണ്ടതാകുന്നു. അവർ രണ്ടാളുംകൂടി വന്നാൽ രാജാവിനെക്കാളും അനുഷ്ഠാനമുള്ള ബ്രാഹ്മണനു് വഴികൊടുക്കേണ്ടതാകുന്നു.

140. ഉപനീയതുയഃ ശിഷ്യം വേദമദ്ധ്യാപയേദ്ദ്വിജഃ
സകല്പം സരഹസ്യംച തമാചാര്യം പ്രചക്ഷതേ.

യാതൊരുത്തൻ ഉപനയനം ചെയ്യിച്ച യാഗമന്ത്രങ്ങളെയും, വേദവേദാന്തങ്ങളെയും അധ്യയനം ചെയ്യിക്കുന്നുവോ അവനെ ആചാര്യനെന്നു പറയുന്നു.

141. ഏകദേശന്തു വേദസ്യ വേദാംഗാന്യപിവാപുനഃ
യോധ്യാപയതി വൃത്യർത്ഥ മുപാധ്യായസ്സ ഉച്യതേ.

യാതൊരുത്തൻ വേദത്തെയും യാഗാദിമന്ത്രങ്ങളെയും പ്രതിഫലം വാങ്ങിക്കൊണ്ടു് അഭ്യസിപ്പിക്കുന്നുവോ, അവനെ ഉപാധ്യായനെന്നു പറയുന്നു.

142. നിഷേകാദീനികർമ്മാണി യഃ കുരോതി യഥാവിധി
സംഭാവയതി ചാന്നേന സവിപ്രോ ഗുരുരുച്യതേ.

യാതൊരുത്തൻ ഗർഭാധാനം മുതലായ ക്രിയകരം വിധിപ്രകാരം ചെയ്യിച്ചിട്ടു് ജീവനോപായം കൽപിക്കുന്നുവോ ആ വിപ്രനെ ഗുരുവെന്നു പറയുന്നു.

143. അഗ്ന്യാധേയം പാകയജ്ഞാ നഗ്നിഷ്ടോമാദികാൻമഖാൻ
യഃകരോതിവൃതോയസ്യ സതസ്യർ ത്വിഗിഹോചതേ.

യാതൊരുത്തൻ അഗ്നിസന്ധനം, അഗ്നിഷ്ടോമം പാകയജ്ഞം മുതലായ മഖങ്ങരം ചെയ്യിക്കണമെന്നു് ആവശ്യപ്പെട്ട ചെയ്യിക്കുന്നുവോ അവൻതന്നെ 'ഋത്വിക്' എന്നു പറയപ്പെടുന്നതു്.

144. യആവൃണോത്യവിതഥം ബ്രാഹ്മണാശ്രുവണാവുഭൗ
സമാതാസ പിതാജ്ഞേയ സ്തന്നദ്രുഹ്യേൽ കദാചന.

യാതൊരുത്തൻ സ്വരത്തോടുകൂടിയ വേദോച്ചാരണത്താൽ തൻെറ രണ്ടു കാതുകളെ പരിപൂർണ്ണമാക്കുന്നുവോ അവൻ മാതാപിതാക്കന്മാരോട സദൃശനാകുന്നു. അവനോട ഒരിക്കലും ദ്രോഹം പ്രവർത്തിക്കരുതു്.

145. ഉപാധ്യായാന്ദശാചാര്യ ആചാര്യാണാം ശതം പിതാ
സഹസ്രന്തു പിതൃന്മാതാ ഗൗരവേണാതിരിച്യതേ.

ഉപാധ്യായനെക്കാരം ആചാര്യൻ പത്തുമടങ്ങു വലിയവനാകുന്നു. ആചാര്യനെക്കാരം ഉപനയനാദിസംസ്കാരം ചെയ്യിച്ച പിതാവു് നൂറു മടങ്ങു വലിയവനാകുന്നു. ആ പിതാവിനേക്കാരം മാതാവു് തൻെറ മഹിമയാൽ ആയിരം മടങ്ങു വലിയവളാകുന്നു.

146. ഉല്പാദക ബ്രഹ്മദാത്രോർഗരീയാൻ ബ്രഹ്മദഃപിതാ
ബ്രഹ്മജന്മ ഹിവിപ്രസ്യ പ്രേത്യചേഹച ശാശ്വതം.

ഉല്പാദിപ്പിച്ച പിതാവിനെക്കാരം രണ്ടാമതു ബ്രാഹ്മണജന്മം വരത്തക്ക ബ്രഹ്മോപദേശംചെയ്യുന്ന ആചാര്യൻ വലിയവനാകുന്നു. വിപ്രനു ആ രണ്ടാമത്തെ ജന്മം ഇഹത്തിലും പരത്തിലും നശിക്കാത്തതാകുന്നു.

147. കാമാന്മാതാ പിതാചൈനം യദ്ഉല്പാദയ തോമിഥഃ
സംഭൂതിന്തസ്യതാം വിദ്യാ ദദ്യോനാവഭി ജായതേ.

മാതാവും പിതാവും കാമത്താൽ അന്യോന്യം പുണർന്നു് യോനിമാർഗ്ഗമായിട്ടു് യാതൊരു ജന്മം ഉണ്ടാക്കുന്നുവോ ആ ജന്മമാകട്ടെ മൃഗജാതിയെപ്പോലെ അവയവങ്ങളെ മാത്രം കൊടുക്കത്തക്ക സാമർത്ഥ്യമുള്ളതാകുന്നു.

148. ആചാര്യ സ്ത്വസ്യയാം ജാതിം വിധിവദ്വേദപാരഗഃ
ഉല്പാദയതി സാവിത്ര്യാ സാസത്യാ സാജരാമരം.

ആചാര്യൻ വിധിച്ചപ്രകാരം യാതൊരു രണ്ടാം ജന്മം ബ്രഹ്മോപദേശത്താൽ ഉണ്ടാക്കുന്നുവോ ആ ജന്മം അനശ്വരമായും, നിർജ്ജരമായും പുണ്യലോകത്തെ നൽകുന്നതായും ഇരിക്കുന്നു.

149. അല്പം വാബഹ്ഹുവായസ്യ ശ്രുതസ്യോപകരോതിയഃ
തമപീഹഗുരും വിദ്യാ ച്ഛ്റുതോപക്രിയയാതയാ.

ശാസ്ത്രവിഷയത്തിൽ അല്പമാകട്ടെ വളരെയാകട്ടെ യാതൊരുത്തൻ ഉപകാരം ചെയ്യുന്നുവോ അവനേയും ഗുരു എന്നറിയേണ്ടതാകുന്നു.

150. ബ്രഹ്മസ്യ ജന്മനഃ കർത്താ സ്വധർമ്മസ്യചശാസിതാ
ബാലോപിവിപ്രോ വൃദ്ധസ്യ പിതാഭവതി ധർമ്മതഃ

രണ്ടാം ജന്മകാരകനായും തൻെറ ജാതീധർമ്മം വേദോക്തപ്രകാരം അറിയിക്കുന്നവനായും ഇരിക്കുന്നവൻ; തന്നെക്കാരം ചെറിയവനായിരുന്നാലും ശാസ്ത്രപ്രകാരം പിതാവോടു സമനായി തീരുന്നു.

151. അധ്യാപയാമാസപിതൻ ശിശ്രുരാങ്ഗ് ഗിരസഃ കവിഃ
പുത്രകാ ഇതിഹോവാച ജ്ഞാനേന പരിഗൃഹ്യതാൻ.

ശിശുവായും വിദ്വാനായും ഇരിക്കുന്ന അംഗിരസ പുത്രൻ തൻെറ പിതാക്കന്മാർക്കു വേദാധ്യയനം ചെയ്യിച്ചു. അപ്പോരം അവരെ ജ്ഞാനത്താൽ ശിഷ്യന്മാരായി കരുതി അവരെ പുത്രന്മാരേ! എന്നു വിളിച്ചു.

152. തേതമത്ഥമ പൃഛന്തദേവാ നാഗതമന്യവഃ
ദേവാശ്ചൈതാൻ സമേത്യോ ചുർന്ന്യായംവശ്ശിശ്രുരുക്ത—
വാൻ.

ആ പിതൃക്കരം ഇതുകൊണ്ടു കോപത്തോടെ ഈ അവസ്ഥ ദേവന്മാരോടു പറഞ്ഞു. ദേവന്മാർ സഭകൂടി ന്യായം പറയുന്നതിനാരംഭിച്ചു. ''നിങ്ങരം പുത്രന്മാർതന്നെയാണു്; നിങ്ങളെ അങ്ങനെ വിളിച്ചതും ശരിതന്നെയാണു്.''

153. അജ്ഞോഭവതി വൈബാലഃ പിതാഭവതിമന്ത്രദഃ
അജ്ഞം ഹിബാല മിത്യാഹുഃ പിതേത്യേവതുമന്ത്രദം

പഠിക്കാത്തവൻ പുത്രനായും മന്ത്രോപദേശം ചെയ്യുന്നവൻ പിതാവായും ഭവിക്കുന്നു എന്നു പറയുന്നു. ഇപ്രകാരം ശാസ്ത്രത്തിലും, മഹാന്മാരും പറഞ്ഞിരിക്കുന്നു.

154. നഹായ നൈർന്ന പലിതൈ ർന്നവിത്തേനനബന്ധുഭിഃ
ഋഷയശ്ചക്രിരേ ധർമ്മം യോനൂചാനസ്സനോമഹാൻ.

വയോധികൃം, നര, വിത്തം, ബാന്ധവം ഇവകൊണ്ടു മഹിമയുള്ളവനായിതീരുന്നില്ല. വിദ്യയുള്ളവൻതന്നെ വലിയവനാകുന്നു എന്ന് ഋഷിമാർ ധർമ്മം ഏർപ്പെടുത്തിയിരിക്കുന്നു.

155. വിപ്രാണാം ജ്ഞാനതോ ജൈഷ്ഠ്യം ക്ഷത്രിയാണാന്തു—
വീര്യതഃ
വൈശ്യാനാം ധാന്യധനത ശ്ശൂദ്രാണാമേവ ജന്മതഃ

ബ്രാഹ്മണർക്ക് ജ്ഞാനത്താലും, ക്ഷത്രിയർക്ക് വീര്യത്താലും, വൈശ്യന് ധാന്യം ധനം ഇവയാലും, ശൂദ്രന് വയോധികൃത്താലും ശ്ലാഘ്യതയുണ്ടാകുന്നു.

156. നതേന വൃദ്ധോ ഭവതി യേനാസ്യ പലിതം ശിരഃ
യോവൈയുവാപ്യധീയാന സ്തന്ദേവാസ്ഥ വിരംവിദുഃ

ഒരുവൻ നരകൊണ്ടുമാത്രം വൃദ്ധനാവുകയില്ലാ. യുവാവായിരുന്നാലും വേദാത്ഥത്തെയറിഞ്ഞവനെ വൃദ്ധനാവുകയുള്ളൂ. ഇങ്ങനെ ദേവന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

157. യഥാകാഷ്ഠമയോഹസ്തീ യഥാ ചർമ്മമയോമൃഗഃ
യശ്ചവിപ്രോനധീയാന സ്ത്രയസ്തേനാമബിഭ്രതി.

തടികൊണ്ടു തീർത്ത ആന, തോലുകൊണ്ടുണ്ടാക്കിയ മൃഗം, വേദാധ്യയനം ചെയ്യാത്ത ബ്രാഹ്മണൻ, ഈ മൂന്നും ഉപയോഗമില്ലാത്തതാകുന്നു. അവ ആ പേരിനുമാത്രം അർഹമാണ്.

158. യഥാഷണ്ഡോഫലഃ സ്ത്രീഷു യഥാഗൗർഗ വിചാഫലൗ
യഥാചാജ്ഞേ ഫലന്ദാനം തഥാവിപ്രോനൃചോഫലഃ

സ്ത്രീകളിൽ നപുംസകനും പശുക്കളിൽ ഷണ്ഡമായ കാളകളും, മൂഢന്റെ കയ്യിൽ കൊടുത്ത ദാനവും, എങ്ങിനെ അഫലമാകുന്നുവോ അപ്രകാരം വേദാഭ്യസനം ചെയ്യാത്ത ബ്രാഹ്മണൻ നിഷ്ഫലനാകുന്നു.

159. അഹിംസയൈവ ഭൂതാനാം കാര്യം ശ്രേയോനുശാസനം
വാക്ചൈവമധുരാശ്ലക്ഷ്ണാ പ്രയോജ്യാധർമ്മമിച്ഛതാ.

ധർമ്മമറിഞ്ഞ ആചാര്യൻ ഹിതോപദേശം ചെയ്യുമ്പോൾ ശിഷ്യരെ വടി മുതലായവകൊണ്ട് കൂടുതൽ അടിക്കാതെയും, ക്രൂരമായ വാക്കു പറയാതെയും, മാതാവ് ശിശുക്കളോടെന്നപോലെ മൃദുവായും പ്രിയമായുമുള്ള വാക്കുകളോടുകൂടിയും ഇരിക്കേണ്ടതാകുന്നു.

160. യസ്യവാങ് മനസീശുദ്ധേ സമ്യഗ്ഗുപ്തേ ചസർവ്വദാ
സവൈസർവ്വമവാപ്നോതി വേദാന്തോപഗതം ഫലം.

യാതൊരുത്തൻ വാക്കും മനസ്സും, അസത്യം രാഗദ്വേഷം ഇവ കൂടാതെ പരിശുദ്ധമായി വച്ചുകൊണ്ടിരിക്കുന്നുവോ അവൻ വേദാന്തശാസ്ത്രത്തിൽപ്പറഞ്ഞ സകല ഫലവും പ്രാപിയ്ക്കുന്നു.

161. നാരുന്തുദസ്സ്യാദാർത്തോപി നപരദ്രോഹകർമ്മധീഃ
യയസ്യോ ദ്വിജതേ വാചാ നാലോക്യാന്താമുദീരയേൽ.

ഒരുത്തൻ താൻ ദുഃഖത്തിലായാലും അന്യനെനോക്കി ദുഃഖംവരുന്ന വിധം പറയാൻ പാടില്ല. പ്രവൃത്തികൊണ്ടും മനസ്സുകൊണ്ടും ഒരുത്തനും ദ്രോഹം ചെയ്യരുതാത്തതാണ്. ക്രൂരമായും അപ്രസന്നമായും സംസാരിക്കുന്നവർക്കു സ്വർഗ്ഗം തുടങ്ങിയ പുണ്യലോകങ്ങൾ ലഭിക്കുകയില്ല,

162. സമ്മാനാദ് ബ്രാഹ്മണോനിത്യ മുദ്വിജേത വിഷാദിവ
അമൃതസ്യേവചാകാംക്ഷേ ദവമാനസ്യ സർവ്വദാ

ബ്രാഹ്മണൻ തൻെറ അയൽക്കാർ തന്നോടു ചെയ്യുന്ന മര്യാദ വിഷംപോലെ ഭയപ്പെടുകയും അവമാനം അമൃതംപോലെ കാംക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു.

163. സുഖം ഹ്യവ മതശ്ശേതെ സുഖംചപ്രതിബുദ്ധ്യതേ
സുഖം ചരതിലോകേ സ്മിന്നവ മന്താവിനശ്യതി.

അപമാനത്താൽ ദുഃഖം പ്രാപിക്കാത്തവൻ സുഖമായി ഉറങ്ങിയെഴുന്നേൽക്കുന്നു; സുഖമായി ഈ ലോകത്തിൽ സഞ്ചരിക്കുന്നു. അവനെ അവമാനിച്ചവൻ തന്നത്താനെ നശിച്ചുപോകുന്നു.

164. അനേന ക്രമയോഗേന സംസ്കൃതാത്മാ ദ്വിജശ്ശനൈഃ
ഗുരൗവസൻ സഞ്ചിനുയാൽ ബ്രഹ്മാധി ഗമികന്തപഃ

ഇങ്ങനെ പറഞ്ഞ ജാതകർമ്മംമുതൽ ഉപനയനംവരെയുള്ള സംസ്കാരംകൊണ്ടു പരിശുദ്ധനാകുന്ന ബ്രാഹ്മണൻ ഗുരുവിനോടുകൂടി വസിച്ച് സാവധാനം വേദം ക്രമമായി അധ്യയനം ചെയ്യണം.

165. തപോ വിശേഷൈർവിവിധൈർ വ്രതൈശ്ചവിധി—
ചോദിതൈഃ
വേദഃ കൃത്സ്നോധി ഗന്തവ്യ സ്സരഹസ്യോ ദ്വിജന്മനാ.

വേദത്തിൽ പറയപ്പെട്ട പലപല നിയമങ്ങളാലും, അന്നഭിക്ഷ മുതലായ വ്രതത്താലും, പരിശുദ്ധനായ ബ്രാഹ്മണൻ വേദം മുഴവൻ പഠിക്കാൻ യോഗ്യനാകുന്നു. അനന്തരം വേദാന്തവും പഠിക്കണം.

166. വേദമേവ സദാഭ്യസ്യേ ത്തപസ്തപ്സ്യൻ ദ്വിജോത്തമഃ
വേദാഭ്യോസോ ഹിവിപ്രസ്യ തപഃ പരമിഹോച്യതേ.

തപസ്സ് ചെയ്യുന്നതിന് ആഗ്രഹമുള്ള ദ്വിജൻ വേദാധ്യയനം ചെയ്യണം. അതു് ആ ദ്വിജന് മഹത്തായ തപസ്സാകുന്നു.

167. ആഹൈവസനഖാഗ്രേഭ്യഃ പരമന്തപ്യതേതപഃ
യഃസ്രഗ്വ്യപിദ്വിജോധീതേ സ്വാധ്യായം ശക്തിതോ—
ന്വഹം.

യാതൊരുത്തൻ ദിവസംപ്രതി തൻെറ ശക്തിക്കു തക്കവിധം വേദത്തിൽ നാലു വാക്യമെങ്കിലും പഠിക്കുന്നുവോ അവൻ നഖാഗ്രങ്ങൾകൊണ്ടു തപസ്സുചെയ്യുന്നവനാണെന്നു പറയപ്പെടുന്നു.

168. യോനധീത്യ ദ്വിജോവേദ മന്യത്ര കുരുതേശ്രമം
സയീവന്നേവ ശൂദ്രത്വമാശു ഗച്ഛതി സാന്വയഃ

യാതൊരു ദ്വിജൻ വേദാദ്ധ്യയനം ചെയ്യാതെ തൻെറ ശ്രമം മററ് അർത്ഥശാസ്ത്രങ്ങളിൽ ആക്കുന്നുവോ ആ ദ്വിജൻ ജീവിച്ചിരിക്കുമ്പോഠം തന്നെ തൻെറ വംശത്തോടുകൂടി ശൂദ്രനായിത്തീരുന്നു.

169. മാതുരഗ്രേധി ജനനം ദ്വിതീയം മൗഞ്ജിബന്ധനെ
തൃതീയം യജ്ഞദീക്ഷായാം ദ്വിജസ്യശ്രുതിചോദനാൽ.

ദ്വിജന് ആദ്യജന്മം മാതാവിൽനിന്നും, രണ്ടാം ജന്മം ഉപനയനത്താലും, മൂന്നാം ജന്മം യജ്ഞദീക്ഷയാലും ഉണ്ടാകുന്നെന്ന് വേദത്തിൽ പറഞ്ഞിട്ടുണ്ട്.

170. തത്രയദ് ബ്രഹ്മജന്മാസ്യ മൗഞ്ജീബന്ധനചിഹ്നിതം
തത്രാസ്യമാതാസാവിത്രീ പിതാത്വാ ചാര്യഉച്യതേ.

ഉപനയനത്തിൽ പറഞ്ഞിട്ടുള്ള മൗഞ്ജീബന്ധനമെന്ന അടയാളത്തോടുകൂടിയ രണ്ടാം ജന്മത്തിൽ ഗായത്രിയെ അമ്മയെന്നും ആചാര്യനെ അച്ഛനെന്നും പറയാം.

171. വേദപ്രദാനാദാചാര്യം പിതരം പരിചക്ഷതേ
നഹ്യസ്മിൻ യുജ്യതേകർമ്മ കിഞ്ചിദാമൗഞ്ജിബന്ധനാൽ.

വേദാധ്യയനം ചെയ്യിക്കുന്ന ആചാര്യൻ ഒരു പിതാവാണെന്നു പറഞ്ഞിരിക്കുന്നു. ഉപനയനം ചെയ്തിട്ട് വേദാധ്യയനം ചെയ്യാതിരുന്നാൽ അവൻ ഒരു വൈദീകകാര്യത്തിനും യോഗ്യനാകുകയില്ല.

172. നാഭിവ്യാഹാരയെദ് ബ്രഹ്മ സ്വധാനി നയനാദൃതേ
ശൂദ്രേണഹി സമസ്താവ ദ്യാവദ്വേദേന ജായതേ.

ഉപനയനം ചെയ്യുന്നതിനുമുൻപ് ബ്രാഹ്മണൻ ശൂദ്രനു സമനാകുന്നു. എന്നാൽ മാതാപിതാക്കന്മാരുടെ കർമ്മത്തിനുമാത്രം ആ കർമ്മത്തിനുവേണ്ടതായ വേദമന്ത്രം പറയാവുന്നതാണ്.

173. കൃതോപനയനസ്യാസ്യ വ്രതാദേശന മിഷ്യതെ
ബ്രഹ്മണോ ഗ്രഹണഞ്ചൈവ ക്രമേണ വിധി പൂർവ്വകം.

ഉപനയനം കഴിഞ്ഞശേഷം സമിദാധാനം മുതലായ വ്രതാനുഷ്ഠാനങ്ങളും വേദാധ്യയനവും ക്രമമായി വിധിച്ചിരിക്കുന്നു.

174. യദ്യസ്യ വിഹിതംചർമ്മ യൽസൂത്രം യാചമേഖലാ.
യോദണ്ഡോയച്ചവസനം തത്തദസ്യ വ്രതേഷ്വപി.

ഏതു വർണ്ണങ്ങഠംക്ക് ഏതു മൃഗത്തിൻെറ ചർമ്മവും, ഏതു വിധത്തിലുള്ള പൂണുലും, ഏതു വിധത്തിലുള്ള മൗഞ്ജീബന്ധനവും, ഏതു വിധത്തിലുള്ള ദണ്ഡും ഏതു വിധത്തിലുള്ള വസ്ത്രവും വിധിക്കപ്പെട്ടിരിക്കുന്നുവോ അവ അതാതു വർണ്ണങ്ങളിലുള്ളവൻ വ്രതാനുഷ്ഠാനങ്ങളിൽ ധരിക്കണം.

## ബ്രഹ്മചര്യം

175. സേവേതേമാം സ്തൂനിയമാൻ ബ്രഹ്മചാരീ ഗുരൗവസൻ
സന്നിയമ്യേന്ദ്രിയഗ്രാമം തപോവൃദ്ധ്യർത്ഥമാത്മനഃ

ഗുരുകുലത്തിൽ വസിക്കുന്ന ബ്രഹ്മചാരി തന്റെ ഇന്ദ്രിയങ്ങളെല്ലാം അടക്കി തപസ്സ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി താഴെ പറയാൻപോകുന്ന നിയമങ്ങരം അനുഷ്ഠിക്കണം.

176. നിത്യം സ്നാത്വാശുചിഃകുര്യാ ദ്ദേവർഷി പിതൃതർപ്പണം
ദേവതാഭ്യർച്ചനം ചൈവ സമിദാധാനമേവച.

ഓരോ ദിവസവും സൂര്യോദയത്തിൽ നദീജലത്തിൽ സ്നാനംചെയ്ത് പരിശുദ്ധനായി ദേവ, ഋഷി, പിതൃതർപ്പണങ്ങളും തന്റെ ഇഷ്ടദേവതാ പൂജയും രണ്ടു പ്രാവശ്യം സമിദാധാനവും ചെയ്യണം.

177. വർജ്ജയേന്മധുമാംസഞ്ച ഗന്ധമാല്യം രസാൻസ്ത്രിയഃ
ശുക്താനിയാനി സർവാണി പ്രാണിനാം ചൈവ–
ഹിംസനം.

തേൻ, മാംസം, ഗന്ധം, പുഷ്പം, തെററിപ്പൂ, സ്ത്രീകരം, തയിർ, പാൽ, നെയ്യ്, മോർ, ജീവഹിംസ ഇവ വർജ്ജിക്കണം.

178. അഭ്യങ്ഗമഞ്ജനം ചാക്ഷ്ണോ രുപാനച്ഛത്രധാരണം
കാമം ക്രോധഞ്ചലോഭഞ്ച നർത്തനം ഗീതവാദനം.

എണ്ണതേച്ചുകുളി, കണ്ണിൽ അഞ്ജനമെഴുതൽ, ചെരുപ്പ്, കുട, കാമം, ക്രോധം, ലോഭം, നർത്തനം, ഗീതം;

179. ദ്യൂതഞ്ചജനവാദഞ്ച പരിവാദന്തഥാനൃതം
സ്ത്രീണാഞ്ച പ്രേക്ഷണാലംഭ മുപഘാതം പരസ്യച.

ചൂതുകളി, ദൂഷ്യം പറയൽ, പരിവാദം, അസത്യം, സ്ത്രീകളെ ആഗ്രഹത്തോടു നോക്കുന്നതിലുള്ള താല്പര്യം, ദ്രോഹപ്രവൃത്തി ഇവയും ഉപേക്ഷിക്കേണ്ടതാകുന്നു.

180. ഏകശ്ശയീത സർവ്വത്ര നരേതഃ സ്കന്ദയേൽ ക്വചിൽ
കാമാദ്ധി സ്കന്ദയന്റേതോ ഹിനസ്തിവ്രതമാത്മനഃ

ബ്രഹ്മചാരി എപ്പോഴും തനിച്ചു കിടക്കേണ്ടതാകുന്നു; കാമത്താൽ ഇന്ദ്രിയം ബഹിഷ്കരിക്കരുത്. അങ്ങനെ ചെയ്താൽ തന്റെ വ്രതത്തിനു ഹാനി വരുന്നതാണ്.

181. സ്വപ്നേസിക്ത്വാ ബ്രഹ്മചാരീ ദ്വിജശ്ശുക്രമകാമതഃ
സ്നാത്വാർക്കമർച്ചയിത്വാത്രിഃ പുനർമ്മാമാതൃ ചംജപേൽ.

ബ്രഹ്മചാരികൾ കാമമില്ലാതെ സ്വപ്നത്തിൽ ഇന്ദ്രിയം സ്ഖലിച്ചാൽ പ്രാതഃകാലത്തിൽ സ്നാനം ചെയ്തു സൂര്യനെ നമസ്കരിച്ച് ''പുനഃ''എന്ന മന്ത്രം മൂന്നു പ്രാവശ്യം ജപിക്കണം.

182. ഉദകുംഭം സുമനസോ ഗോശകൃൻ മൃത്തികാകുശാൻ
ആഹരേദ്യാവദർത്ഥാനി ഭൈക്ഷഞ്ചാഹരഹശ്ചരേൽ.

ജലം, പൂജാകുസുമം, ചാണകം, മണ്ണ്, ദർഭ ഇത്രയും സാധനങ്ങരം ഗുരുവിനു് ആവശ്യമുള്ളിടത്തോളം ശേഖരിച്ചുകൊടുക്കണം. താൻ എന്നും ഭിക്ഷയെടുത്തു ഭുജിക്കേണ്ടതാണ്.

183. വേദയജ്ഞൈരഹീനാനാം പ്രശസ്താനാം സ്വകർമ്മസു
ബ്രഹ്മചാര്യാഹരേദ് ഭൈക്ഷം ഗൃഹേഭ്യഃ പ്രയതോ–
ന്വഹം.

വേദം, യജ്ഞം ഇവയോടുകൂടി സന്ധ്യാവന്ദനം മുതലായി തങ്ങളുടെ കർമ്മങ്ങൾ ജാഗ്രതയായി ചെയ്യുന്ന ഗൃഹസ്ഥാശ്രമിയുടെ ഗൃഹത്തിൽ നിത്യവും ചെന്നു ഭിക്ഷ വാങ്ങണം.

184. ഗുരോഃ കുലേന ഭിക്ഷേത നജ്ഞാതികുല ബന്ധുഷു
അലാഭേത്വന്യഗേഹാനാം പൂർവ്വം പൂർവ്വം വിവർജ്ജയേൽ.

ഗുരുകുലത്തിലും, ഗുരുവിൻെറ വംശാവകാശികളുടെ കുലത്തിലും, ഗുരുവിൻെറ ബന്ധുകുലത്തിലുംചെന്നു ഭിക്ഷ വാങ്ങരുത്. എന്നാൽ മററു ഗൃഹങ്ങളില്ലാതിരുന്നാൽ ഗുരു ബന്ധുക്കളുടെ ഗൃഹത്തിൽനിന്നും അതുമില്ലാതിരുന്നാൽ ഗുരുവിൻെറ വംശാവകാശികളുടെ ഗൃഹത്തിൽനിന്നും അതുമില്ലാതിരുന്നാൽ ഗുരുകുലത്തിൽനിന്നും ഭിക്ഷ വാങ്ങാവുന്നതാണ്.

185. സർവ്വം വാപിചരേൽഗ്രാമം പൂർവ്വോക്താനാമ സംഭവേ
നിയമ്യപ്രയതോവാച മഭിശസ്താം സ്തുവർജയേൽ.

വേദയജ്ഞം മുതലായ അനുഷ്ഠാനമുള്ളവരില്ലാതിരുന്നാൽ ആ ഗ്രാമം മുഴുവനും മൌനമായി സഞ്ചരിച്ച് മഹാപാപികളുടെ വീടുകൾ വിട്ട് എവിടെയും കാണുന്ന ബ്രാഹ്മണഗൃഹത്തിൽനിന്നും ഭിക്ഷ വാങ്ങണം.

186. ദൂരാദാഹൃത്യ സമിധഃ സന്നിദധ്യാദ്വിഹായസി
സായം പ്രാതശ്ചജുഹുയാ ത്താഭിരഗ്നി മതന്ദ്രിതഃ

വനത്തിൽ പരിശുദ്ധമായ സ്ഥലത്തു പോയി വിധിപ്രകാരം പലാശം മുതലായ സമിത്തുകൾ കൊണ്ടുവന്നു കൈയിൽ വച്ച് വെയിലിൽ ഉണക്കേണ്ടതാകുന്നു. അതിനു ശക്തിയില്ലാതിരുന്നാൽ ഇറമ്പിൽ വച്ചു നിന്നുകൊണ്ടെങ്കിലും ഉണക്കേണ്ടതാകുന്നു. ആ സമിത്തുകളെക്കൊണ്ടു പ്രഭാതം, സായം ഈ രണ്ടു സന്ധ്യകളിലും അഗ്നിയിൽ ഹോമംചെയ്യണം. ഈ കർമ്മത്തെ സമിദാധാനം എന്നു പറയുന്നു.

187. അകൃത്വാ ഭൈക്ഷ ചരണ മസമിദ്ധ്യ ച പാവകം
അനാതുരസ്സപ്തരാത്ര മവകീർണ്ണിവ്രതം ചരേൽ.

ബ്രഹ്മചാരി താൻ അരോഗിയായിരിക്കുമ്പോൾ ഏഴു ദിവസം ഭിക്ഷയെടുക്കാതെയും സമിദാധാനം ചെയ്യാതെയും ഇരുന്നാൽ വ്രതത്തിൽനിന്നും ഭ്രഷ്ടനായിത്തീരും. അതിന് ''അവകീർണ്ണി'' വ്രതം ചെയ്യേണ്ടതാണ്.

188. ഭൈക്ഷേണവർത്തയേന്നിത്യം നൈകാന്നാദീഭ—വേദവ്രതീ
ഭൈക്ഷേണ വ്രതിനോ വൃത്തി രുപവാസ സമാസ്മൃതാ.

ബ്രഹ്മചാരി സദാ ഭിക്ഷയെടുത്തു ഭുജിക്കുന്നതല്ലാതെ മററു യാതൊരു ആഹാരവും കഴിക്കാൻ പാടില്ല. ഭിക്ഷയെടുത്ത് ഭക്ഷിക്കുന്നത് ഉപവാസത്തോടു തുല്യമാണെന്നു പറയാം.

189. വ്രതവദ്ദേവ ദൈവത്യേ പിത്ര്യേ കർമ്മണ്യ ഖർഷിവൽ
കാമമഭ്യർത്ഥിതോശ് നീയാ ദ്വതമസ്യനലുപ്യതെ.

യാഗാദി കാര്യത്തിലും ശ്രാദ്ധ കാര്യത്തിലും ഒരുത്തൻ അവൻെറ ഗൃഹത്തിൽ ഭുജിക്കണമെന്ന് അപേക്ഷിച്ചാൽ അപ്പോൾ തൻെറ നിയമപ്രകാരം ഋഷികളെപ്പോലെ മധുമാംസാദികൾ കൂടാതെ അന്നം മാത്രം ഭക്ഷിക്കണം. അങ്ങനെ ചെയ്താൽ ബ്രഹ്മചര്യവ്രതത്തിന് കോട്ടമുണ്ടാകയില്ല.

190. ബ്രാഹ്മണസ്യൈവകർമ്മേത ദുപദിഷ്ടമ്മനീഷിഭിഃ
രാജന്യ വൈശ്യയോസ്ത്വേവം നൈതൽകർമ്മവിധീയതേ.

ഒരുത്തന്റെ അന്നം ഭക്ഷിക്കുന്നതു് ബ്രാഹ്മണ ബ്രഹ്മചാരിക്കു മാത്രമല്ലാതെ മറ്റുള്ളവൎക്കു് പാടില്ലെന്നു മഹാന്മാർ പറയുന്നു.

191. ചോദിതോ ഗുരുണാനിത്യ മപ്രചോദിത ഏവവാ
കുര്യാദധ്യയനേ യത്നമാ ചാര്യസ്സഹിതേഷുച.

ഗുരു ആജ്ഞാപിച്ചാലും, ഇല്ലെങ്കിലും, വേദാധ്യയനത്തിലും ഗുരുശുശ്രൂഷയിലും താൻതന്നെ ദിവസന്തോറും പ്രയത്നിക്കേണ്ടതാണു്.

192. ശരീരം ചൈവവാചംച ബുദ്ധീന്ദ്രിയമനാംസിച
നിയമ്യപ്രാഞ്ജലി സ്തിഷ്ഠേ ദ്വീക്ഷമാണോ ഗുരോർമുഖം.

ശരീരം, വാക്കു്, ബുദ്ധി, പഞ്ചേന്ദ്രിയം, മനസ്സു് ഇവയെ അടക്കിക്കൊണ്ടു് തൊഴുതു് ഗുരുവിന്റെ മുഖത്തിനു നേരെ നില്ക്കേണ്ടതാകുന്നു.

193. നിത്യമുദ്ധൃത പാണിസ്സ്യാ ത്സാധ്വാചാരസ്സുസംയതഃ
ആസ്യതാമിതിചോക്തസ്സ ന്നാസീതാഭിമുഖംഗുരോഃ

സദാ ഉത്തരീയത്തിനു പുറമേ തന്റെ വലതുകരം വച്ചുകൊണ്ടിരിക്കേണ്ടതാകുന്നു. ഇരിക്കുന്നതിനു ഗുരുവിന്റെ അനുവാദം ലഭിച്ചാൽ, പരിശുദ്ധനായിട്ടു് ഗുരുവിനു് എതിരെ മറയ്ക്കേണ്ടതായ അവയവങ്ങൾ വസ്ത്രം കൊണ്ടു മറച്ചു് ഇരിക്കേണ്ടതാണു്.

194. ഹീനാന്നവസ്ത്രവേഷസ്സ്യാ ത്സർവദാ ഗുരുസന്നിധൗ
ഉത്തിഷ്ഠേൽ പ്രഥമം ചാസ്യചരമം ചൈവസം വിശേൽ.

ഗുരുവിന്റെ സന്നിധിയിൽ വസിക്കുമ്പോൾ നല്ല അന്നം ഭുജിക്കരുതു്. വില കൂടിയ വസ്ത്രം ധരിക്കരുതു്. സൂര്യോദയത്തിൽ ഗുരു എഴുന്നേല്ക്കുന്നതിനു മുൻപായി എഴുന്നേല്ക്കണം. രാത്രിയിൽ ഗുരു കിടന്നുറങ്ങിയശേഷം ഉറങ്ങേണ്ടതാകുന്നു.

195. പ്രതിശ്രവണ സംഭാഷേ ശയാനോന സമാചരേൽ
നാസീനോന ച ഭുഞ്ജാനോ നതിഷ്ഠന്ന പരാങ്മുഖഃ

ഗുരു വിളിക്കുമ്പോൾ ശിഷ്യൻ കിടന്നും, ഇരുന്നും, ഉണ്ടും, നടന്നും പരാങ്മുഖമായിരുന്നും വിളി കേൾക്കരുതു്. മറുത്തു് മറുപടിപറയരുതു്.

196. ആസീനസ്യ സ്ഥിതഃ കുര്യാ ദഭിഗച്ഛം സ്തുതിഷ്ഠതഃ
പ്രത്യുദമ്യത്വ വ്രജതഃ പശ്ചാദ്ധാവം സ്തുധാവതഃ

ഗുരു ഇരുന്നുകൊണ്ടു് എന്തെങ്കിലും പറയുമ്പോൾ ശിഷ്യൻ നിന്നുകൊണ്ടും ഗുരു നില്ക്കുമ്പോൾ ശിഷ്യൻ സമീപത്തു നിന്നുകൊണ്ടും ഗുരു എതിരേ വന്നു പറയുമ്പോൾ ശിഷ്യൻ പിന്നോക്കംവാങ്ങി നിന്നുകൊണ്ടും ഗുരു നടക്കുമ്പോൾ ശിഷ്യൻ പുറകേ നടന്നുകൊണ്ടും;

197. പരാങ്മുഖസ്യാഭിമുഖോ ദൂരസ്ഥസ്യേത്യ ചാന്തികം
പ്രണമ്യതു ശയാനസ്യ നിദേശേ ചൈവതിഷ്ഠതഃ

ഗുരു പരാങ്മുഖനായിരിക്കുമ്പോൾ താൻ എതിരേ വന്നു നിന്നും, ഗുരു ദൂരെയിരിക്കുമ്പോൾ അടുത്തു ചെന്നും, കിടക്കുമ്പോഴും, സമീപത്തിരിക്കുമ്പോഴും തന്റെ ശരീരം വണക്കിക്കൊണ്ടും ഗുരുവിന്റെ ആജ്ഞ കേൾക്കുകയും മറുപടി പറയുകയും ചെയ്യേണ്ടതാകുന്നു.

198. നീചം ശയ്യാസനംചാസ്യ സർവ്വദാ ഗുരുസന്നിധൗ
ഗുരോസ്തു ചക്ഷുർവിഷയെ നയഥേഷ്ടാസനോ ഭവേൽ

ഗുരുവിൻെറ ആസനത്തിനും, കിടക്കയ്ക്കും താഴെയായി ശിഷ്യൻെറ ആസനവും ശയ്യയും ഇരിക്കണം. ഗുരു നോക്കുന്ന സ്ഥലത്തു് സ്വന്തം ഇഷ്ട പ്രകാരം ഇരിക്കരുതു്.

199. നോദാഹരേദസ്യനാമ പരോക്ഷമപി കേവലം
നചൈവാസ്യാനു കുർവീത ഗതിഭാഷിത ചേഷ്ടിതം.

ഗുരുവിനെ ഗുരു ഇല്ലാത്തപ്പോഴും, ഗുരു, ഉപാധ്യായർ എന്നു പറയു ന്നതല്ലാതെ ഗുരുവിൻെറ പേരു പറയരുതു്. ഗുരുവിൻെറ നടത്ത, ക്രിയ, വാക്കു് ഇവ അനുകരിക്കുന്നതിനും തുടങ്ങരുതു്.

200. ഗുരോര്യത്ര പരീവാദോ നിന്ദാവാപി പ്രവർത്തതേ
കർണ്ണൗതത്രാ പിധാതവ്യ ഗന്തവ്യം വാതതേന്യതഃ

എവിടെ ഗുരുവിൻെറ അപവാദവും നിന്ദയും പറഞ്ഞു കേൾക്കപ്പെ ടുന്നുവോ അവിടെ തൻെറ ചെവി അടയ്ക്കണം. അല്ലെങ്കിൽ മററു സ്ഥല ത്തേയ്ക്കു പോകണം.

201. പരീവാദാൽ ഖലോഭവതി ശ്വാവൈഭവതിനിന്ദികഃ
പരിഭോക്താകൃമി ർഭവതി കീടോ ഭവതി മൽസരീ.

ശിഷ്യൻ ഗുരുവിനെ പരിഹസിച്ചാൽ കഴുതയായും, നിന്ദിച്ചാൽ പട്ടിയായും, ഗുരുവിൻെറ ധനം അനുഭവിച്ചാൽ പുഴുവായും, ഗുരുവിൻെറ മഹിമയിൽ അസൂയപ്പെട്ടാൽ വണ്ടായും ജനിക്കും.

202. ദൂരസ്ഥോനാർച്ചയേദേന നക്രുദ്ധോനാന്തികേസ്ത്രിയാഃ
യാനാസനസ്ഥശ്ചൈവൈന മവരുഹ്യാഭി വാദയേൽ.

ദൂരെയിരുന്നു് മററൊരുത്തനെക്കൊണ്ടു് തനിക്കുവേണ്ടി ഗുരുശുശ്രൂഷ യെ ചെയ്യിക്കരുതു്. കോപം വന്നിരിക്കുമ്പോഴും, ഗുരു പത്നിയോടുകൂടി യിരിക്കുമ്പോഴും പൂജിക്കരുതു്. വാഹനത്തിലും ആസനത്തിലും ഇരിക്കുക യാണെങ്കിൽ അവയിൽനിന്നും ഇറങ്ങി ഗുരുവിനെ പൂജിക്കേണ്ടതാകുന്നു.

203. പ്രതിവാതേനു വാതേച നാസീത ഗുരുണാസഹ
അസംശ്രവേചൈവഗുരോർന്നകിഞ്ചിദ പികീർത്തയേൽ.

എതിരായി കാററടിക്കുമ്പോഴും പുറകിലൂടെ കാററടിക്കുമ്പോഴും ഗുരു വിന്നു് എതിരെ ഇരിക്കരുതു്. ഗുരു യാതൊന്നും ചോദിക്കാതെ ഒരു സംഗതിയും പറയരുതു്.

204. ഗോശ്വോഷ്ട്രയാന പ്രാസാദ പ്രസ്തരേഷു കടേഷുച
ആസീത ഗുരുണാ സാർദ്ധം ശിലാ ഫലകനൗഷുച.

കാളവണ്ടി, കുതിരവണ്ടി, ഒട്ടകം, മാളികപടികൾ, ശിലാതല ങ്ങൾ, പലക, ഓടം ഇവയിൽ ശിഷ്യനു് ഗുരുവിനോടു സമമായിരിക്കാം.

205. ഗുരോർഗുരൗ സന്നിഹിതേ ഗുരുവദ്വൃത്തിമാ ചരേൽ
ന ചാനിസൃഷ്ടോ ഗുരുണാ സ്വാൻ ഗുരൂനഭിവാദയേൽ

ഗുരുവിൻെറ ഗുരു വന്നിരിക്കുമ്പോൾ അദ്ദേഹത്തെയും തൻെറ ഗുരു വിനെ എന്നപോലെ ശുശ്രൂഷിക്കേണ്ടതാണു്. താൻ ഗുരുകുലത്തിൽ വസിക്കുമ്പോൾ തൻെറ മാതാപിതാക്കന്മാർ വന്നാൽ അവരെ ഗുരുവി ൻെറ അനുവാദം കൂടാതെ അഭിവാദനം ചെയ്യരുതു്.

206. വിദ്യാഗുരുഷ്വേതദേവ നിത്യവൃത്തിസ്സ്വയോനിഷു
പ്രതിഷേധൽസ്വചാധമ്മാ ദ്ധിതംചോ പദിശത്സ്വപി.

വിദ്യോപദേശം ചെയ്ത ഗുരു, ഉപാധ്യായൻ, തൻെറ ചിററപ്പൻ. വലിയഛൻ മുതലായവർ, അധർമ്മം ചെയ്യരുതെന്നുപദേശിച്ചവർ, ധർമ്മോപദേശം ചെയ്തവർ, ഇവരോടും ആചാര്യനോട്ട് എന്നപോലെ ആചാരം ചെയ്യേണ്ടതാകുന്നു.

207. ശ്രേയസ്സുഗുരുവദ്യത്തിം നിത്യമേവ സമാചരേൽ
ഗുരുപുത്രേഷ്ചാര്യേഷു ഗുരോശ്ചൈവസ്സ്വബന്ധുഷു.

ജ്ഞാനം, തപസ്സ് മുതലായവയാൽ ശ്രേഷ്ഠന്മാരേയും സ്വന്തം ജാതിയിൽ വിവാഹംചെയ്യപ്പെട്ട സ്ത്രീയിൽ ജനിച്ച ഗുരുപുത്രന്മാരെയും, ഗുരുവിൻെറ വംശജന്മാരെയും; ഗുരുവിനെപ്പോലെ ആചരിക്കേണ്ടതാണ്.

208. ബാലസ്സമാനജന്മാവാ ശിഷ്യോവായജ്ഞകമ്മണി
അധ്യാപയൻ ഗുരുസുതോ ഗുരുവന്മാനമഹ്തി.

തന്നിൽനിന്നും പ്രായം കുറഞ്ഞവനായാലും, സമവയസ്സനായാലും, മുമ്പിൽ തൻെറ ശിഷ്യനായിരുന്നവനായാലും, വേദം മുഴവനും അധ്യയനം ചെയ്തവനായാലും, ഗുരുപുത്രനായാലും, യജ്ഞം ചെയ്യുമ്പോൾ വന്നാൽ അവരെ ഗുരുവിനെപ്പോലെ ബഹുമാനിക്കേണ്ടതാണ്.

209. ഉത്സാദനം ചഗാത്രാണാം സ്നാപനോച്ഛിഷ്ടഭോജനേ
ന കുര്യാദ്ഗുരുപുത്രസ്യ പാദയോശ്ചാവനേ ജനം.

ഗുരുപുത്രനെ ഗുരുവിനോട്ട തുല്യമായി ബഹുമാനിക്കാം. എന്നാൽ സുഗന്ധം പൂശുക, കൈകാൽ തിരുമ്മുക, എണ്ണ തേയ്ക്കുക, ഉച്ഛിഷ്ടം ഭുജിക്കുക, പാദക്ഷാളനം ചെയ്യുക ഈ കമ്മങ്ങൾ ചെയ്യരുതു്.

210. ഗുരുവൽ പ്രതിപൂജ്യാഃ സ്യസ്സവർണ്ണാ ഗുരുയോഷിതഃ
അസവർണ്ണാസ്തുസംപൂജ്യം പ്രത്യുത്ഥാനാഭിവാദനൈഃ

ഗുരുവിൻെറ സ്വജാതിയിലുള്ള പത്നിമാരെ ഗുരുവിനെപ്പോലെ ആചരിക്കേണ്ടതാണ്. മററു ജാതിയിലുള്ള പത്നിയായാൽ എഴുന്നേററ് വന്ദനം മാത്രം ചെയ്താൽ മതി.

211. അഭ്യഞ്ജനം സ്നാപനംച ഗാത്രോത്സാദനമേവച
ഗുരുപത്ന്യാന കാര്യാണി കേശനാഞ്ച പ്രസാധനം.

ഗുരുവിൻെറ പത്നിക്ക് എണ്ണ തേയ്ക്കുക, സ്നാനം ചെയ്യിക്കുക, ദേഹം തിരുമ്മുക, തലമുടി വൃത്തിയാക്കുക എന്നീ ക്രിയകൾ ചെയ്യരുതു്.

212. ഗുരുപത്നീതുയുവതി നാഭിവാദ്യേ ഹപാദയോ
പൂണ്ണവിംശതി വാഷേണ ഗുണദോഷൗവിജാനതാ.

ഗുരുപത്നി യുവതിയായിരുന്നാൽ അവളെ നമസ്കരിക്കുമ്പോൾ ഇരുപതു വയസ്സുള്ളവനായും ഗുണദോഷങ്ങളെ വിവേചിച്ചറിയത്തക്ക വിവേകമുള്ളവനായുമുള്ള ശിഷ്യൻ പാദങ്ങൾ സ്പർശിക്കരുതു്.

213. സ്വഭാവ ഏഷനാരിണാം നരാണാമിഹദൂഷണം
അതോത്ഥാന്ന പ്രമാദ്യന്തി പ്രമദാസുവിപശ്ചിതഃ

സ്ത്രീസ്വഭാവം മനുഷ്യർക്ക് ശൃംഗാരചേഷ്ടകൾകൊണ്ടു ദോഷംചെയ്യും. അതിനാൽ വിവേകികൾ സ്ത്രീകളിൽ ഭ്രമിക്കുന്നില്ല.

214. അവിദ്വാം സമലം ലോകേ വിദ്വാം സമപിവാപുനഃ
പ്രമദാഹ്യുല്പഥന്നേതും കാമക്രോധവശാനുഗം.

ജിതേന്ദ്രിയനായിരുന്നാലും മൂഢനായിരുന്നാലും അവനെ സ്ത്രീകൾ സഹവാസത്താൽ കാമക്രോധാദികൾക്കു സ്വാധീനനാക്കുന്നു.

215. മാത്രാസ്വസ്രാദുഹിത്രാവാ നവിവിക്താസനോഭവേൽ
ബാലവാനിന്ദ്രിയഗ്രാമോ വിദ്വാം സമപികഷ്തി

മാതാവു്, സഹോദരി, മകൾ ഇവരോടുകൂടി ഏകനായി ഇരിക്കരുതു്. ഇന്ദ്രിയങ്ങൾ ഏററവും ബലമുള്ളവയാണു്. അവ വിദ്വാനെ കൂടെയും വശീകരിക്കും.

216. കാമന്തുഗുരുപത്നീനാം യുവതീനാം യുവാഭുവി
വിധിവദിന്ദനം കുര്യാ ദസാവഹമിതിബ്രൂവൻ.

ഗുരുപത്നിമാർ യുവതികളായും, യൗവ്വനയുക്തയായുമിരുന്നാൽ പാദങ്ങളെ തൊടാതെ അഭിവാദനം ചെയ്യേണ്ടതാണു്.

217. വിപ്രോഷ്യപാദഗ്രഹണ മന്വഹം ചാഭിവാദനം
ഗുരുദാരേഷു കുവ്വീത സതാം ധർമ്മമനുസ്മരൻ.

സ്വന്തനാട്ടിൽ പോയി തിരിയെ ഗുരുകുലത്തിൽ വരുമ്പോഴും ഗുരുകുലത്തിൽ വസിക്കുമ്പോഴും, വൃദ്ധകളായ ഗുരുപത്നികളുടെ പാദം തൊട്ടു വന്ദിക്കേണ്ടതാണു്. സജ്ജനങ്ങളുടെ ധർമ്മം ഇതാണു്.

218. യഥാഖനൻ ഖനിത്രേണ നരോവാര്യധിഗച്ഛതി
തഥാഗുരുഗതാം വിദ്യാം ശുശ്രൂഷുരധിഗച്ഛതി.

ഒരു മനുഷ്യൻ മൺവെട്ടികൊണ്ടു നിലം കിളയ്ക്കുമ്പോൾ ജലം ലഭിന്നന്നതുപോലെ ഗുരുശുശ്രൂഷ ചെയ്യുന്ന ഒരുവനു് ഗുരുവിങ്കലുള്ള വിദ്യ ലഭിക്കുന്നു.

219. മുണ്ഡോവാജടിലോവാസ്യാ ദഥവാസ്യാച്ഛിവാജടഃ
നൈനാഗ്രാമേഭി നിമ്ലോചേൽ സൂര്യോനാഭ്യുദിയാൽ—
കചചിൽ.

ബ്രഹ്മചാരിക്കു് തല മുഴുവനും മുണ്ഡനം ചെയ്തോ മുടി വളർത്തി ജടാധാരിയായോ ഇരിക്കാം. കുടുമ നിറുത്തി ജടയാക്കി മററുള്ള ഭാഗം ക്ഷൗരം ചെയ്തു് ഇരിക്കാം. സൂര്യൻെറ ഉദയാസ്തമന കാലങ്ങളിൽ ഒരിക്കലും നിദ്രചെയ്യരുതു്.

220. തംചേദഭ്യുദിയാൽ സൂര്യഃ ശായനം കാമ ചാരതഃ
നിമ്ലോചേദ്വാപ്യ വിജ്ഞാനാജ്ജപന്നുപവസേദ്ദിപം.

നിദ്രയിലുള്ള ആഗ്രഹത്താലാകട്ടെ, അറിവില്ലായ്മയാലാകട്ടെ അവർ ഉദയത്തിൽ നിദ്രചെയ്താൽ അന്നു മദ്ധ്യാഹ്നവും സൂര്യാസ്തമനത്തിൽ നിദ്രചെയ്താൽ അന്നു രാത്രിയും ഉപവസിച്ചു് ഗായത്രി ജപിക്കണം.

221. സൂര്യേണഹ്യഭിനിർമ്മുക്തഃ ശയാനോഭ്യുദിതശ്ചയഃ
പ്രായശ്ചിത്തമകുർവാണോ യുക്തഃ സ്യാന്മഹതൈനസാ.

അങ്ങിനെ നിദ്രചെയ്തതിനു പ്രായശ്ചിത്തം ചെയ്യാതിരുന്നാൽ മഹാപാപത്തോടുകൂടിയവരായി നരകം പ്രാപിക്കും.

222. ആചമ്യപ്രയതോനിത്യ മുഭേസന്ധ്യേ സമാഹിതഃ
ശുചൌദേശേ ജപൻ ജപ്യമുപാസീത യഥാവിധി.

രണ്ടു സന്ധ്യകളിലും നിദ്രചെയ്യാതെ ജാഗ്രതയായിട്ടു് ആചമനം ചെയ്തു് ആചാരത്തോടുകൂടി സന്ധ്യാവന്ദനംചെയ്തു് പരിശുദ്ധമായ സ്ഥലത്തിരുന്നു് ജപിച്ചു് വിധിപ്രകാരം ഉപസ്ഥാനം ചെയ്യേണ്ടതാണു്.

223 യദിസ്ത്രീയദ്യവരജഃ ശ്രേയഃ കിഞ്ചിത്സമാചരേൽ
തത്സർവമാചരേദ്യുക്തോ യത്രവാസ്യരമേന്മനഃ

സ്ത്രീകളും ശൂദ്രനും എത്ര നല്ല കാര്യം ചെയ്താലും അതു് തനിക്കിഷ്ടമായ കാര്യമാണെങ്കിലും ശാസ്ത്രത്തിനു് വിരോധം കൂടാതെ ചെയ്യാവുന്നതാണു്.

224. ധർമ്മാർത്ഥാവുച്യതേശ്രേയഃ കമ്മാർത്ഥൗ ധർമ്മഏവച
അർത്ഥഏവേഹവാശ്രേയ സ്ത്രിവർഗ്ഗ ഇതിതുസ്ഥിതിഃ

ചില മഹാന്മാർ ധർമ്മാർത്ഥങ്ങൾ കാമത്തിനു കാരണങ്ങളാകുന്നതുകൊണ്ടു് അവ ഉയർന്നവയെന്നും, ചിലർ അർത്ഥകാമങ്ങൾ സുഖത്തിനു കാരണങ്ങളായിരിക്കുന്നതുകൊണ്ടു് അവ ഉയർന്നതെന്നും, ചിലർ അർത്ഥം ധർമ്മകാമങ്ങൾക്കു് കാരണമായിരിക്കുന്നതുകൊണ്ടു് അതു് ഉയർന്നതെന്നും പറയുന്നു. ഈ ധർമ്മാർത്ഥകാമങ്ങൾ ഒന്നിനൊന്നു വിരോധം കൂടാതെയിരുന്നാൽ അവ മൂന്നും ഉയർന്നതാണെന്നാണു് എന്റെ അഭിപ്രായം.

225. ആചാര്യോബ്രാഹ്മണോമൂർത്തിഃപിതാമൂർത്തിഃ പ്രജാപതേഃ
മാതാപൃഥി വ്യാമൂർത്തിസ്സ്വഭ്രാതാ സ്വോമൂർത്തിരാത്മനഃ

ജ്ഞാനോപദേശം ചെയ്യുന്നതുകൊണ്ടു് ആചാര്യൻ പരമാത്മസ്വരൂപനെന്നും, ഭക്ഷണാദികൾ കൊടുക്കുന്നതുകൊണ്ടു് പിതാവു് ബ്രഹ്മരൂപനെന്നും, തന്നെ ധരിച്ചിരുന്നതിനാൽ മാതാവു് ഭൂസ്വരൂപയെന്നും, തന്നോടൊന്നിച്ചു് ജനിക്കുകയാൽ സഹോദരൻ ആത്മരൂപനെന്നും വിചാരിക്കുവാൻ അർഹരാകുന്നു.

226. ആചാര്യശ്ച പിതാചൈവ മാതാ ഭ്രാതാച പൂർവ്വജഃ
നാർത്തേനാപ്യവമന്തവ്യ ബ്രാഹ്മണേന വിശേഷതഃ

ആചാര്യൻ, പിതാവു്, മാതാവു്, ജ്യേഷ്ഠഭ്രാതാവു് ഇവരെ തനിക്കു കഷ്ടം വന്നാലും അവമാനിക്കരുതു്. ബ്രാഹ്മണൻ ഒരു കാലത്തും അങ്ങനെ ചെയ്തുപോകരുതു്.

227. യന്മാതാപിതരൗക്ലേശം സഹേതേ സംഭവേനൃണാം
നതസ്യനിഷ്കൃതിശ്ശക്യാകർത്തും വർഷശതൈരപി

മാതാപിതാക്കന്മാർ സന്താനം ഉല്പാദിപ്പിക്കുന്ന വിഷയത്തിൽ, പ്രസവവേദന മുതൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതുവരെ അനുഭവിച്ചിട്ടുള്ള കഷ്ടതകൾക്കു് എത്ര ജന്മമെടുത്തു പ്രത്യുപകാരം ചെയ്താലും മതിയാകുകയില്ല.

228. തയോർന്നിത്യം പ്രിയംകുര്യാ ദാചാര്യസ്യച സർവ്വദാ
തേഷ്വേവത്രിഷുതുഷ്ടേഷു തപസ്സർവ്വം സമാപ്യതേ.

മാതാവു്, പിതാവു്, ആചാര്യൻ ഇവരുടെ ഇഷ്ടം അനുവർത്തിച്ചു് നടക്കേണ്ടതാകുന്നു. അവർ സന്തോഷപ്പെട്ടിരുന്നാൽ എല്ലാ തപഃഫലങ്ങളും സിദ്ധിക്കും.

229. തേഷാംത്രയാണാം ശുശ്രൂഷാ പരമം തപഉച്യതേ
നതൈരഭ്യനനുജ്ഞാതോ ധർമ്മമന്യം സമാചരേൽ

ആ മൂന്നു പേക്കും ശുശ്രൂഷ ചെയ്യുന്നതു് ഉൽകൃഷ്ടമായ തപസ്സാണെന്നു് പറയുന്നു. ആകയാൽ അവരുടെ അനുജ്ഞ കൂടാതെ സ്വയമായി മററൊരു ധർമ്മം ചെയ്യരുതാത്തതാണു്.

230. ത ഏവഹിത്രയോലോകാ സ്ത ഏവത്രയ ആശ്രമാഃ
ത ഏവ ഹിത്രയോവേദാ സ്ത ഏവോക്താസ്ത്രയോഗ്നയഃ

ആ മൂന്നു പേരും മൂന്നു ലോകമായും, മൂന്നാശ്രമങ്ങളാലും, മൂന്നു വേദങ്ങളാലും, മൂന്നഗ്നികളായും പറയപ്പെടുന്നു.

231. പിതാവൈഗാർഹപത്യോഗ്നിർ മാതാഗ്നിർദ്ദക്ഷിണ—
സ്മൃതഃ
ഗുരുരാഹവനീയസ്തു സാഗ്നിത്രേതാഗരീയസീ.

അവരിൽ പിതാവു് ഗാർഹപത്യമെന്ന അഗ്നിയും, മാതാവു് ദക്ഷിണാഗ്നിയും, ആചാര്യൻ ആഹവനിയമെന്ന അഗ്നിയുമാണെന്നു് പറയുന്നു. ഈ മൂന്നഗ്നികളും ത്രേതാഗ്നീകളെ വിട്ടു ഉയർന്നവയാകുന്നു.

232 ത്രിഷ്വപ്രമാദ്യന്നേതേഷു ത്രീൻലോകാൻ വിജയേദ്ഗൃഹീ
ദീപ്യമാനസ്വവപുഷാ ദേവവദ്ദി വിമോദതേ.

ഈ മൂന്നു പേരിലും ഭക്തിയുള്ളവൻ മൂന്നു ലോകങ്ങളെയും ജയിച്ചവനായിട്ടു് സൂര്യാദിദേവന്മാരെപ്പോലെ തേജോരൂപനായി സ്വർഗ്ഗാദി ലോകങ്ങരം പ്രാപിക്കുന്നു.

233. ഇമം ലോകം മാതൃഭക്ത്യാ പിതൃഭക്ത്യാതുമധ്യമം
ഗുരുശുശ്രൂഷയാത്വേവം ബ്രഹ്മലോകം സമശ്നുതേ.

മാതൃഭക്തിയാൽ ഐഹികസുഖത്തെയും, പിതൃഭക്തിയാൽ സ്വർഗ്ഗസുഖത്തെയും, ആചാര്യഭക്തിയാൽ ബ്രഹ്മലോകസുഖത്തെയും പ്രാപിക്കുന്നു.

234 സർവേതസ്യ ദൃതാധർമ്മാ യസ്യൈതേത്രയ അദൃതാഃ
അനാദൃതാസ്തുയസ്യൈതേ സർവസ്തസ്യാ ഫലാംക്രിയാഃ

ഈ മൂന്നു പേരേയും ആദരിക്കുന്നവനു് സകല ധർമ്മങ്ങളും ഫലം കൊടുക്കും. അവരെ ആർ ആദരിക്കുന്നില്ലയോ, അവനു് സകല ധർമ്മങ്ങളും ഫലമററതായി ഭവിക്കും.

235. യാവത്യയസ്തേ ജീവേയ സ്താവന്നാന്യം സമാചരേൽ
തേഷ്വേവനിത്യം ശുശ്രൂഷാം കുര്യാൽ പ്രിയഹിതേരതഃ

ആ മൂന്നു പേരും ജീവിച്ചിരിക്കുന്ന കാലത്തു് മററു ധർമ്മത്തിൽ മനസ്സു് പ്രവേശിക്കാതെ, അവരെ താല്പര്യത്തോടുകൂടി ശുശ്രൂഷിക്കേണ്ടതാകുന്നു.

236. തേഷാമനുപരേധേന പാരത്ര്യം യദ്യദാചരേൽ
തത്തന്നിവേദയേത്തേഭ്യോ മനോവചന കർമ്മഭിഃ

അവരുടെ ശുശ്രൂഷക്കു വിരോധം ഭവിക്കാതെ അവരുടെ അനുജ്ഞാപൂർവ്വം കായവാങ്മാനസങ്ങളാൽ പരലോകപ്രാപ്തിക്കർഹമായ ഏതെങ്കിലും ഒരു ധർമ്മം ചെയ്യേണ്ടതാകുന്നു. ചെയ്തശേഷവും അവരോടു് ആ വിവരം അറിയിക്കേണ്ടതാകുന്നു.

237. ത്രിഷ്വേതേഷ്വതികൃത്യംഹി പുരുഷസ്യസമാപ്യതേ
ഏഷധർമ്മഃ പരസ്സാക്ഷാ ദുപധർമ്മോന്യ ഉച്യതേ.

അവരെ ശുശ്രൂഷിക്കുന്നതുതന്നെ ഉൽകൃഷ്ടമായ ധർമ്മമാകുന്നു. മററ് യജ്ഞാദി കർമ്മങ്ങൾ രണ്ടാമത്തെ ധർമ്മമായി പറയുന്നു.

238. ശ്രദ്ധധാനശ് ശുഭാം വിദ്യാ മാദദീതാവരാദപി
അന്ത്യാദപി പരം ധർമ്മം സ്ത്രീരത്നന്ദുഷ്കുലാദപി.

ഉൽകൃഷ്ടമായ വിദ്യ ശൂദ്രനിൽനിന്നും, മോക്ഷകർമ്മം ചണ്ഡാള നിൽനിന്നും, സ്ത്രീരത്നത്തെ നികൃഷ്ടവംശത്തിൽനിന്നും സ്വീകരിക്കാം.

239. വിഷാദപ്യമൃതം ഗ്രാഹ്യം ബാലാദപി സുഭാഷിതം
അമിത്രാദപിസദ്വൃത്ത മമേധ്യാ ദപി കാഞ്ചനം

അമൃതം വിഷത്തിലിരുന്നാലും, സുഭാഷിതം ബാലനിൽ ഇരുന്നാ ലും, സൽക്കർമ്മം ശത്രുവിൽ ഇരുന്നാലും സ്വർണ്ണം അമേധ്യത്തിലിരുന്നാ ലും സ്വീകരിക്കാവുന്നതാണ്.

240. സ്ത്രീയോരത്നാന്യഥോവിദ്യാ ധർമ്മശ്ശൗചം സുഭാഷിതം
വിവിധാനിച ശില്പാനി സമാദേയാനി സർവതഃ

സ്ത്രീകൾ, രത്നങ്ങൾ, ജ്ഞാനം, ധർമ്മം, ആചാരം, സുഭാഷിതം, പല വിധങ്ങളായ ശില്പശാസ്ത്രങ്ങൾ ഇവ ആരിലിരുന്നാലും സ്വീകരി ക്കത്തക്കതാണ്.

241. അബ്രാഹ്മണാദധ്യയന മാപൽകാലേ വിധിയതേ
അനുവ്രജ്യാചശുശ്രൂഷാ യാവദധ്യയനം ഗുരോഃ

ബ്രാഹ്മണനെ ലഭിക്കാതിരുന്നാൽ ആപൽക്കാലം നേരിട്ടാൽ ക്ഷത്രി യനിൽനിന്നോ, വൈശ്യനിൽനിന്നോ വേദാധ്യയനം ചെയ്യണം. വേദം അധ്യയനംചെയ്തു് പരിസമാപ്തിയാകുന്നതുവരെ ആ ഗുരുവിനെ ശുശ്രൂഷി ക്കേണ്ടതാകുന്നു.

242. നാബ്രാഹ്മണേഗുരൗശിഷ്യോ വാസമാത്യന്തികം വസേൽ
ബ്രാഹ്മണേചനനൂചാനെ കാംക്ഷൻ ഗതിമനുത്തമാം.

മോക്ഷേച്ഛുവായ ബ്രഹ്മചാരി ക്ഷത്രിയ, വൈശ്യഗുരുവിൽനിന്നും അനുഷ്ഠാനമില്ലാത്ത ബ്രാഹ്മണഗുരുവിൽനിന്നും വേദമോതിയശേഷം ഗുരു വിനോടുകൂടി വസിക്കരുതു്.

243. യദിത്വാത്യന്തികംവാസം രോചയേത്ഗുരോഃകുലേ
യുക്തഃപരിചരേദേന മാശരീര വിമോക്ഷണാൽ.

ബ്രഹ്മചാരിക്കു് കല്യാണത്തിൽ താല്പര്യമില്ലാതെ ഗുരുകുലത്തിൽ തന്നെ വസിക്കുന്നതിന് ആഗ്രഹമുണ്ടായിരുന്നാൽ, ജിതേന്ദ്രിയനായിട്ട് ജ്ഞാനിയായ ബ്രാഹ്മണഗുരുവോടൊന്നിച്ച് പ്രാണാവസാനംവരെ നൈ ഷ്ഠിക ബ്രഹ്മചാരിയായി വസിക്കാം.

244. ആസമാപ്തേ ശരീരസ്യ യസ്തുശുശ്രൂഷതേഗുരും
സഗച്ഛത്യംജസാവിപ്രോ ബ്രഹ്മണസ്സദ്മ ശാശ്വതം.

യാതൊരുത്തൻ മരണപര്യന്തം ഗുരുശുശ്രൂഷ ചെയ്യുന്നുവോ, അവൻ ശാശ്വതമായ മോക്ഷം പ്രാപിക്കുന്നു.

245. ന പൂർവ്വംഗുരവേകിഞ്ചി ദുപകുർവ്വീത ധർമ്മവിൽ
സ്നാസ്യംസ്തു ഗുരുണാജ്ഞപ്ത ശ്ശക്ത്യാഗുർവ്വത്ഥമാഹരേൽ.

ശിഷ്യൻ വേദാദ്ധ്യയനം ചെയ്യുന്നതിനു മുൻകൂട്ടി പശു, വസ്ത്രം മുതലായവ ദക്ഷിണ കൊടുക്കരുതു്. വേദാധ്യയനം കഴിഞ്ഞശേഷം താൻ വിവാഹം ചെയ്യുന്നതിനു് ഗുരുവിന്റെ അനുജ്ഞ വാങ്ങുമ്പോൾ ഗുരു ആവശ്യപ്പെടുന്ന അത്ഥം ഗുരുദക്ഷിണയായി കൊടുക്കേണ്ടതാകുന്നു.

246. ക്ഷേത്രംഹിരണ്യംഗാമശ്വം ഛത്രോപാനഹമാസനം
ധാന്യം ശാകഞ്ചവാസാംസി ഗുരവേപ്രീതിമാവഹേൽ

ഭൂമി, സ്വർണ്ണം, പശു, കുതിര, പാദരക്ഷ, കുട, ആസനം, ധാന്യം, ശാകം, വസ്ത്രം ഇവ കൊടുത്താൽ ഗുരുപ്രീതി ലഭിക്കും.

247. ആചാര്യേത്വുഖല്വപ്രേതേ ഗുരുപുത്രേഗുണാന്വിതേ
ഗുരുദാരേസപിണ്ഡേവാ ഗുരുവദ്വൃത്തിമാചരേൽ.

നൈഷ്ഠികബ്രഹ്മചാരി തന്റെ ഗുരുവിന്റെ മരണശേഷം, ആ ഗുരുവിന്റെ ഗുണവാനായ പുത്രനേയോ, പത്നിയേയോ, ജ്ഞാതിയേയോ തന്റെ ശരീരമുള്ള കാലം ശുശ്രൂഷ ചെയ്തു വസിക്കാം.

248. ഏതേഷ്വവിദ്യമാനേഷു സ്ഥാനാസനവിഹാരവാൻ
പ്രയുഞ്ജാനോഗ്നി ശുശ്രൂഷാം സാധയേദ്ദേഹമാത്മനഃ

അവരും ഇല്ലാതിരുന്നാൽ തന്റെ ആശ്രിതൻ ഉണ്ടാക്കിയ വൈദീകാഗ്നികുണ്ഡത്തിന്റെ സമീപത്തിരുന്നു് ദിവസംപ്രതി ആ അഗ്നിയിൽ സമിത്തിനാൽ ഹോമംചെയ്തുകൊണ്ടു് തന്റെ കാലം നയിക്കേണ്ടതാകുന്നു.

249. ഏവംചരതിയോവിപ്രോ ബ്രഹ്മചര്യമവിപ്ലുതഃ
സഗച്ഛത്യുത്തമം സ്ഥാനം നചേഹജായതേ പുനഃ

ഇതുവരെ പറഞ്ഞുവന്ന വിധിപ്രകാരം യാതൊരു വിപ്രൻ ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കുന്നുവോ അവൻ മോക്ഷം പ്രാപിക്കുന്നു. അവനു് ജന്മാന്തരം ഭവിക്കുന്നതല്ല.

# മൂന്നാം അദ്ധ്യായം

## ഗൃഹസ്ഥാശ്രമ ധർമ്മം

1. ഷട്ത്രിംശദാബ്ദികം ചര്യം ഗുരൗ ത്രൈവേദകം വ്രതം
തദർദ്ധികം പാദികം വാ ഗ്രഹണാന്തികമേവവാ.

മേൽ പറഞ്ഞതരത്തിൽ മൂന്നു വേദവും അദ്ധ്യയനം ചെയ്യുന്നതിന് ഗുരുകുലത്തിൽ മുപ്പത്താറോ, അല്ലെങ്കിൽ പതിനെട്ടോ, അല്ലെങ്കിൽ ഒൻപതോ വത്സരംവരെയോ അല്ലെങ്കിൽ അദ്ധ്യയനം ചെയ്തുതീരുന്നതുവരെയോ ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കേണ്ടതാകുന്നു.

2. വേദാനധീത്യവേദൗവാ വേദം വാപി യഥാക്രമം
അവിപ്ളുത ബ്രഹ്മചര്യോ ഗൃഹസ്ഥാശ്രമമാവിശേൽ.

തൻെറ വേദം മുൻനിറുത്തിയിട്ടു മൂന്നു വേദങ്ങളെയോ, രണ്ടു വേദങ്ങളെയോ, അല്ലെങ്കിൽ തൻെറ വേദത്തെ മാത്രമോ ബ്രഹ്മചര്യവ്രതം മുടങ്ങാതെ അദ്ധ്യയനംചെയ്തു് ഗൃഹസ്ഥാശ്രമധർമ്മം പ്രാപിക്കേണ്ടതാകുന്നു.

3. തം പ്രതീതം സ്വധർമ്മേണ ബ്രഹ്മദായഹരം പിതുഃ
സ്രഗ്വിണന്തല്പ ആസീന മർഹയേൽ പ്രഥമംഗവാ.

പിതാവിൽനിന്നാകട്ടെ, പിതാവില്ലാത്തപക്ഷം ആചാര്യനിൽ നിന്നാകട്ടെ, വിധിപ്രകാരം വേദാധ്യയനം പൂർണ്ണമായി ചെയ്തിട്ടുള്ള പുത്രനെ അല്ലെങ്കിൽ ശിഷ്യനെ പിതാവല്ലെങ്കിൽ ആചാര്യൻപുഷ്പചന്ദനാദികളാൽ അലങ്കരിച്ച് മഹത്തായ ആസനത്തിൽ ഇരുത്തി ഗോദാനവ്രതം ചെയ്തു പഞ്ചാമൃതത്താൽ ഉപചരിക്കേണ്ടതാകുന്നു. ഇതിനു് 'സമാവർത്തനം' എന്നു പറയുന്നു.

## വിവാഹ വിഷയം

4. ഗുരുണാനുമതഃ സ്നാത്വാ സമാവൃത്തോ യഥാവിധി
ഉദ്വഹേതദ്വിജോ ഭാര്യാം സവർണ്ണാം ലക്ഷണാന്വിതാം.

സമാവർത്തനം ചെയ്യപ്പെട്ട ബ്രഹ്മചാരി ഗുരുവിൻെറ അല്ലെങ്കിൽ പിതാവിൻെറ അനുജ്ഞയോടുകൂടി തൻെറ ജാതിയിൽ ജനിച്ചവളായും ലക്ഷണത്തോടുകൂടിയവളായും ഇരിക്കുന്ന കന്യകയെ വിവാഹംചെയ്യണം.

5. അസപിണ്ഡാചയാമാതു രസഗോത്രാ ചയാപിതുഃ
സാ പ്രശസ്താ ദ്വിജാതീനാം ദാരകർമ്മണി മൈഥുനേ.

തൻെറ മാതാവിൻെറ ഏഴു തലമുറയ്ക്കുംപ്പെട്ടവളായും തൻെറ പിതാവിൻെറ ഗോത്രത്തിൽ ജനിക്കാത്തവളായും ഇരിക്കുന്ന കന്യക, മൂന്നു വർണ്ണങ്ങൾക്കും വൈദികകാര്യത്തിനും പുത്രോൽപാദനം ചെയ്യത്തക്കവളാകുന്നു.

6. മഹാന്ത്യപിസമൃദ്ധാനി ഗോജാവിധന ധാന്യതഃ
സ്ത്രീസംബന്ധേന ചൈതാനി കുലാനി പരിവർജ്ജയേൽ.

പശു, വെള്ളാട്ട്, ചെമ്മരിയാട്ട്, ധനം, ധാന്യം മുതലായ അധികസമ്പത്തോടു കൂടിയവളായിരുന്നാലും ഇനി പറയാൻ പോകുന്ന പത്തു കുലത്തെ വിവാഹബന്ധത്തിൽനിന്നും ഒഴിവാക്കേണ്ടതാകുന്നു.

7. ഹീനക്രിയം നിഷ്പുരുഷം നിച്ഛന്ദോരോമശാർശസം
ക്ഷയ്യാമയാവ്യപസ്മാരി ശ്വിത്രികുഷ്ഠി കുലാനിച.

ജാതകർമ്മാദി സംസ്കാരമില്ലാത്തവൻെറ കുലവും, പുരുഷപ്രജയില്ലാതെ സ്ത്രീ പ്രജകളായിത്തന്നെ ജനിക്കുന്ന കുലവും വേദാഭ്യസനം ചെയ്യാത്ത കുലവും ദേഹത്തിൽ നീണ്ട രോമമുള്ളവൻെറ കുലവും മൂലവ്യാധിയുള്ള കുലവും ക്ഷയരോഗമുള്ള കുലവും അഗ്നിപുഷ്ടിയില്ലാത്തവൻെറ കുലവും അപസ്മാരം, ശ്വിത്രം, കുഷ്ഠം ഈ രോഗങ്ങരം പിടിപെട്ട കുലങ്ങളും വിവാഹകാര്യത്തിൽ ഉപേക്ഷിക്കേണ്ടതാകുന്നു.

8. നോദ്വഹേൽ കപിലാം കന്യാം നാധികാം ഗീന്നരോ—
ഗിണീം
നാലോമികാന്നാതിലോമാ ന്നവാചാടാന്ന പിങ്ഗലാം.

ചെമ്പിച്ച രോമമുള്ളവരം, അധികം പൊക്കമുള്ളവരം, അസാധ്യരോഗമുള്ളവരം, തീരെ രോമമില്ലാത്തവരം, ദേഹം മുഴവനും രോമമുള്ളവരം, ക്രൂരമായി സംസാരിക്കുന്നവരം, ചെങ്കണ്ണുള്ളവരം.

9. നർക്ഷവൃക്ഷനദീനാമ്നീം നാന്ത്യപർവ്വതനാമികാം
നപക്ഷ്യഹി പ്രേഷ്യനാമ്നീം നചഭീഷണ നാമികാം.

നക്ഷത്രം, വൃക്ഷം, നദി, ഹീനജാതി, മല, പക്ഷി, സർപ്പം ഇവയുടെ പേരുള്ളവരം, ഘോരനാമമുള്ളവരം ഇങ്ങനെയുള്ള കന്യകളെ വിവാഹം ചെയ്യരുതു്.

10. അവ്യങ്ഗാങ്ഗീം സൗമ്യനാമ്നീം ഹംസവാരണഗാമിനീം
തനുലോമകേശദശനാം മൃദ്വങ്ഗീ മുദ്വഹേൽസ്ത്രിയം.

സൗന്ദര്യമുള്ളവളും നല്ല പേരോടുകൂടിയവളും ആന, അരയന്നം ഇവയുടെ നടപോലുള്ള നടയോടുകൂടിയവളും ചടച്ചദേഹം, ചെറിയ പല്ല്, ചെറിയ രോമം ഇവയോടുകൂടിയവളും ചെറിയ ശബ്ദമുള്ളവളും ആയ കന്യകയെ വിവാഹം ചെയ്യേണ്ടതാകുന്നു.

11. യസ്യാസ്സുനഭവേൽ ഭ്രാതാ നവിജ്ഞായേതവാപിതാ
നോപയച്ഛേത്തതാം പ്രാജ്ഞഃ പുത്രികാധർമ്മശംകയാ.

ഭ്രാതാവില്ലാതെയും പിതാവു് ആരെന്നറിവാൻ പാടില്ലാതെയും ഏതു ഗോത്രത്തിലുള്ളതെന്നറിവാൻ പാടില്ലാതെയും ഇരിക്കുന്ന കന്യകയിൽ ജനിക്കുന്ന സന്തതിയെ പുത്രികാപുത്രൻ എന്നു പറയപ്പെടുന്നതുകൊണ്ടു് അവളെ വിവാഹം ചെയ്യരുതു്.

12. സവർണ്ണാഗ്രേദ്വിജാതീനാം പ്രശസ്താദാരകർമ്മണി
കാമതസ്തു പ്രവൃത്താനാ മിമാസ്യുഃ ക്രമശോവരാഃ

ദ്വിജന്മാർക്കു് തൻെറ വർണ്ണത്തിൽ വിവാഹം ചെയ്കയെന്നതു മുഖ്യമാകുന്നു. കാമത്താൽ രണ്ടാമതു വിവാഹം ചെയ്യുന്നതായാൽ മേൽപറഞ്ഞ പ്രകാരം ചെയ്യണം, ശേഷമുള്ള ജാതികളിൽ ഉയർന്ന ജാതിയിലുള്ളവ

ളേയും അതു കഴിഞ്ഞു് അതിനടുത്ത ജാതിയിലുള്ളവളേയും വിവാഹം ചെയ്യാം.

13. ശൂദ്രൈവഭാര്യാ ശൂദ്രസ്യ സാചസ്വാചവംശഃ സ്മൃതേഃ
തേചസ്വാ ചൈവരാജ്ഞശ്ച താശ്ചസ്വാചാഗ്രജന്മനഃ

ശൂദ്രനു തൻെറ ജാതിയിലും വൈശ്യനു തൻെറ ജാതിയിലും ശൂദ്ര ജാതിയിലും ക്ഷത്രിയനു് തൻെറയും വൈശ്യശൂദ്രജാതികളിലും ബ്രാഹ്മണനു് തൻെറയും മററു മൂന്നു വർണ്ണങ്ങളിലും വിവാഹം ചെയ്യാം.

14. നബ്രാഹ്മണക്ഷത്രിയയോ രാപദ്യപിഹിതിഷ്ഠതോഃ
കസ്മിംശ്ചിദപിവൃത്താന്തേ ശൂദ്രം ഭാര്യോപദിശ്യതേ.

ബ്രാഹ്മണൻ, ക്ഷത്രിയൻ ഇവർക്കു തൻെറ വർണ്ണത്തിലുള്ള കന്യകയെ ലഭിക്കാത്ത ആപത്തുകാലത്തു് ശൂദ്രകന്യകയെ ആദ്യമായി വിവാഹം ചെയ്‌വാൻ പാടില്ലാത്തതാണു്.

15. ഹീനജാതിസ്ത്രീ യമ്മോഹാ ദ്ദ്വഹന്തോദ്വിജാതയഃ
കുലാന്യേവ ന യന്ത്യാശു സസന്താനാനി ശൂദ്രതാം.

തൻെറ ജാതിയിൽനിന്നും താഴ്‌ന്ന ജാതിയിൽ വിവാഹം ചെയ്യുന്ന ദ്വിജൻ തൻെറ കുലത്തെയും പുത്രന്മാരെയും ശൂദ്രത്വം പ്രാപിപ്പിക്കുന്നു.

16. ശൂദ്രാവേദീ പതത്യത്രേ തരുത്ഥ്യതനയസ്യച
ശൗനകസ്യസുതോല്പത്യാ തദപത്യതയാഭൃഗോഃ

ശൂദ്രജാതിയിലുള്ള കന്യകയെ വിവാഹം ചെയ്യുന്നവൻ പതിതനാകുന്നു എന്നു് അത്രിയും, ഗൗതമനും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതു് ബ്രാഹ്മണനെ സംബന്ധിച്ചാണു്. ഒരു ക്ഷത്രിയൻ ശൂദ്രകന്യകയിൽ പുത്രനെ ജനിപ്പിച്ചാൽ ആ ക്ഷത്രിയൻ പതിതനാകുന്നു എന്നു് ശൗനക മഹർഷി അഭിപ്രായപ്പെട്ടിരിക്കുന്നു. ഒരു വൈശ്യൻ ശൂദ്രകന്യകയിൽ പുത്രനെ ജനിപ്പിച്ചാൽ ആ പുത്രൻ പതിതനാകുന്നു എന്നു് ഭൃഗുമഹർഷി അഭിപ്രായപ്പെട്ടിരിക്കുന്നു.

17. ശൂദ്രാംശയനമാരോപ്യ ബ്രാഹ്മണോയാത്യധോഗതീം
ജനയിത്വാസുതം തസ്യാം ബ്രാഹ്മണ്യാ ദേവഹീയതേ.

ശയ്യയിൽ ശൂദ്രകന്യകയോടു സമമായി ശയിക്കുന്ന ബ്രാഹ്മണൻ നരകം പ്രാപിക്കും. ആ സ്ത്രീയിൽ പുത്രോൽപാദനം ചെയ്‌താൽ ബ്രാഹ്മണത്വത്തിൽനിന്നും ഭ്രഷ്ടനാകുന്നു.

18. ദൈവപിത്ര്യാതിഥേയാനി തൽപ്രദാനാനിയസ്യതു
നാശ്നന്തി പിതൃദേവാസ്തു ന്നചസ്വർഗ്ഗം സഗച്ഛതി.

ഒരുത്തനു് സ്വജാതിയിൽ ജനിച്ച പുത്രനില്ലാതെയിരിക്കുകയും ശൂദ്ര ജാതിയിൽ പിറന്നവൻ വൈദികകർമ്മങ്ങളും ചെയ്യുകയും ചെയ്‌താൽ ആ ഹവിസ്സു് ദേവന്മാരും പിതൃക്കളും ഭുജിക്കുകയില്ല. അതിനാൽ അവനു് സ്വർഗ്ഗാദിപുണ്യലോകം ലഭിക്കുകയില്ല.

19. വൃഷലീഫേനപീതസ്യ നിശ്വാസോപഹതസ്യച
തസ്യാം ചൈവപ്രസൂതസ്യ നിഷ്കൃതിർന്ന വിധീയതെ.

ശൂദ്രസ്ത്രീയുടെ അധരപാനം ചെയ്യുവനും, അവളുടെ ഉച്ഛ്വാസവായു ദേഹത്തിൽ ഏററവനും അവളിൽ ജനിച്ചവനും പ്രായശ്ചിത്തം വിധിക്കുന്നില്ല.

20. ചതുർണ്ണാമ പിവർണ്ണാനാം പ്രേത്യചേഹഹിതാഹിതാൻ
അഷ്ടാവിമാൻ സമാസേന സ്ത്രീ വിവാഹാന്നിബോധത.

നാലു വർണ്ണങ്ങൾക്കും ഐഹികപാരത്രികങ്ങളിൽ ഗുണത്തെയും ദോഷത്തെയും നൽകാതിരിക്കുന്ന എട്ടു വിവാഹത്തെ സംക്ഷേപിച്ചു പറയാം. കേട്ടുകൊൾക.

21. ബ്രാഹ്മോദൈവസ്തഥൈവാർഷഃ പ്രാജാപത്യസ്തഥാസുരഃ
ഗാന്ധർവോ രാക്ഷസശ്ചൈവ പൈശാച ശ്ചാഷ്ടമോധമഃ

ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം, ആസുരം, ഗാന്ധർവ്വം, രാക്ഷസം, പൈശാചം ഇങ്ങനെ വിവാഹം എട്ടു വിധമാകുന്നു. ഇതിൽ പൈശാചം അധമം ആകുന്നു.

22. യോയസ്യധർമ്മ്യോവർണ്ണസ്യ ഗുണദോഷൗചയസ്യയൗ
തദ്വൽസർവം പ്രവക്ഷ്യാമി പ്രസവേചഗുണാഗുണാൻ.

ഏതു വർണ്ണത്തിന് ഏതു വിവാഹം ഉയർന്നതു്, ഏതു വിവാഹം താഴ്ന്നത്, ഏതു വിവാഹത്താൽ പുത്രൻ ഉയർന്നവനാകുന്നു, ഏതുവിവാഹത്താൽ ജനിച്ച പുത്രൻ താഴ്ന്നവനാകുന്നു ഇവയെക്കുറിച്ച് ഇനി പറയാൻ തുടങ്ങുന്നു.

23. ഷഡാനുപൂർവ്യാവി പ്രസ്യക്ഷത്രസ്യ ചതുരോവരാൻ
വിട്ഛൂദ്രയോസ്തുതാനേവ വിദ്യാധർമ്മ്യാന്ന രാക്ഷസാൽ.

ബ്രാഹ്മണനു് ബ്രാഹ്മം മുതൽ ഗാന്ധർവ്വംവരെ ക്രമമായി ആറും, ക്ഷത്രിയനു് ആസുരം മുതൽ പൈശാചംവരെ നാലും, വൈശ്യശൂദ്രന്മാർക്കു് മേൽപറഞ്ഞ നാലിൽ രാക്ഷസം ഒഴിച്ചു മൂന്നു ധർമ്മദങ്ങളായ വിവാഹങ്ങളും ചെയ്യാം.

24. ചതുരോ ബ്രാഹ്മണസ്യാദ്യാൻ പ്രശസ്താൻ കവയോർവിദുഃ
രാക്ഷസം ക്ഷത്രിയ സ്യൈക മാസുരം വൈശ്യശൂദ്രയോഃ

ബ്രാഹ്മണനു് ബ്രാഹ്മംമുതൽ നാലിനെയും ക്ഷത്രിയനു രാക്ഷസത്തെയും വൈശ്യശൂദ്രർക്കു് ആസുരത്തെയും മഹാന്മാർ ഉത്തമവിവാഹമെന്നു പറയുന്നു.

25. പഞ്ചാനാന്തുത്രയോധർമ്മ്യാ ദ്വാവധർമ്മ്യൗ സ്മൃതാ വിഹ
പൈശാചശ്ചാസുരശ്ചൈവ നകത്തവ്യൗ കദാചന.

പ്രജാപത്യം മുതൽ പൈശാചം വരെയുള്ള അഞ്ചു വിവാഹത്തിൽ ആദ്യത്തെ മൂന്നും ഉയർന്നതും മററവ രണ്ടും താഴ്ന്നതും ആകുന്നു. അതിനാൽ ആസുരം, പൈശാചം ഈ രണ്ടും ബ്രാഹ്മണരും ക്ഷത്രിയരും ആചരിക്കരുതു്.

26. പൃഥക്പൃഥക്വാമിശ്രൗവാ വിവാഹൗ പൂർവചോദിതൗ
ഗാന്ധർവോ രാക്ഷസശ്ചൈവ ധർമ്മ്യൗ ക്ഷത്രസ്യതൗ—
സ്മൃതൗ.

ഗാന്ധർവ്വം, രാക്ഷസം ഇവ രണ്ടും ക്ഷത്രിയർക്കു് ഉത്തമവിവാഹങ്ങളാകുന്നതിനാൽ ഈ രണ്ടുമോ ഒന്നോ സ്വീകരിച്ചു പ്രവർത്തിക്കുന്നതിൽ വിരോധമില്ല.

27. ആച്ഛാദ്യചാർച്ചയിത്വാച ശ്രുതീശ്ശീലവതേസ്വയം
ആഹൂയദാനം കന്യായാ ബ്രാഹ്മോധർമ്മഃ പ്രകീർത്തിതഃ

വേദാധ്യയനം ചെയ്തവനായും സദാചാരമുള്ളവനായും ഇരിക്കുന്ന ബ്രഹ്മചാരിയെ താനായിട്ട വരുത്തി പുതിയ വസ്ത്രാദികളാലലംകരിച്ച്, കന്യകയേയും അപ്രകാരംചെയ്ത് ആ കന്യകയെ അവനു ദാനംചെയ്യുന്നതു് ''ബ്രാഹ്മവിവാഹം'' എന്നു പറയപ്പെടുന്നു.

28. യജ്ഞേതുവിതതേസമ്യ ഗൃത്വിജേ കർമ്മകുർവതേ
അലംകൃത്യസുതാദാന ദൈവം ധർമ്മംപ്രചക്ഷതേ.

ജ്യോതിഷ്ടോമാദി യജ്ഞത്തിൽ തന്റെ പുരോഹിതനായിരിക്കുന്ന വനു് തന്റെ മകളെ അലങ്കരിപ്പിച്ച് ദാനം ചെയ്യുന്നതിനെ ''ദൈവ'' വിവാഹമെന്നു പറയുന്നു.

29. ഏകംഗോമിഥുനം ദ്വേവാ വരാദാദായ ധർമ്മതഃ
കന്യാപ്രദാനം വിധിവ ദാർഷോ ധർമ്മസ്സഉച്യതേ.

താൻ ചെയ്യേണ്ട യാഗാദികർമ്മത്തിനായിട്ട്. വരനിൽനിന്നും ഒരു ഋഷഭം, ഒരു പശു, അല്ലെങ്കിൽ രണ്ടു് ഋഷഭം, രണ്ടു പശു ഇവ വാങ്ങിക്കൊണ്ടു് ചെയ്തുകൊടുക്കുന്ന വിവാഹത്തെ ''ആർഷ''വിവാഹമെന്നു പറയുന്നു.

30. സഹോഭൗചരതാം ധർമ്മമിതിവാചാനുഭാഷ്യച
കന്യാപ്രദാനമഭ്യർച്ച്യ പ്രാജാപത്യോ വിധിസ്മൃതഃ

ഒരു ബ്രഹ്മചാരിയെ ക്ഷണിച്ചുവരുത്തി പൂജിച്ച് തന്റെ പുത്രിയെ വിവാഹം ചെയ്തുകൊടുക്കുമ്പോൾ ''നിങ്ങൾ രണ്ടുപേരും ധർമ്മങ്ങൾ ചെയ്തിരിക്കു'' എന്നു് പറഞ്ഞുകൊടുക്കുന്നതിനെ ''പ്രാജാപത്യ''മെന്നു പറയുന്നു.

31. ജ്ഞാതിഭ്യോദ്രവിണംദത്വാ കന്യായൈചൈവശക്തിതഃ
കന്യാപ്രദാനാം സ്വാച്ഛന്ദ്യാ ദാസുരോ ധർമ്മഉച്യതേ.

കന്യകയുടെ പിതാവു ചോദിക്കുന്ന പണംകൊടുത്തു്, കന്യകയെ ആഭരണങ്ങളാലലംകരിച്ച് വിവാഹം ചെയ്തു വാങ്ങുന്നതു് ''ആസുര''മെന്നു പറയുന്നു.

32. ഇച്ഛയാന്യോന്യസംയോഗഃ കന്യായാശ്ചവരസ്യച
ഗാന്ധർവ്വസ്സതുവിജ്ഞേയോ മൈഥുന്യഃ കാമസംഭവഃ

സ്ത്രീയും പുരുഷനും പരസ്പരം അനുരാഗത്താൽ രണ്ടുപേരും സ്വയമേവ ദാമ്പത്യം പ്രാപിക്കുന്നതു ഗാന്ധർവ്വമെന്നു, പറയുന്നു.

33. ഹത്വാഛിത്വാചഭിത്വാച ക്രോശന്തീം രുദതീംഗൃഹാൽ
പ്രസഹ്യകന്യാഹരണം രാക്ഷസോ വിധിരുച്യതേ.

ഒരുത്തൻ ഒരു കന്യകയെ, ആ കന്യകയുടെ ഗൃഹത്തിലുള്ള സ്വജനങ്ങളെ അടിച്ചും കൊന്നും ബലാൽക്കാരേണ കൊണ്ടുപോകുന്നതിനെ ''രാക്ഷസവിവാഹ''മെന്നു പറയുന്നു.

34. സുപ്താംമത്താം പ്രമത്താംവാ രഹോയത്രോപഗച്ഛതി.
സപാപിഷ്ഠോവിവാഹാനാം പൈശാപശ്ചാഷ്ടമോധമഃ

ഒരു കന്യകയെ അവരം ഉറങ്ങുമ്പോഴം മദ്യപാനത്താൽ മതിമയങ്ങിയിരിക്കുമ്പോഴം ബുദ്ധിക്കു ഭ്രമം പിടിപെട്ടിരിക്കുമ്പോഴം പുണരുന്നതിനെ മുൻപറഞ്ഞ ഏഴുവിധം വിവാഹങ്ങരംക്കും താഴ്ന്നതായ ''പൈശാചം'' എന്നു പറയുന്നു.

35. അത്ഭിരേവദ്വിജാഗ്ര്യാണാം കന്യാദാനം വിശിഷ്യതേ
ഇതരേഷാന്തുവർണ്ണാനാ മിതരേ തരകാമ്യയാ.

ജലം കൈയിൽ ഒഴിച്ച് കന്യകയെ ദാനം ചെയ്യുന്നതാണ് എല്ലാററിലും ഉത്തമമായിട്ടുള്ളത്. മററു മൂന്നു വർണ്ണങ്ങരംക്കും അപ്രകാരംതന്നെ ചെയ്തുകൊള്ളേണ്ടതാണെന്ന് നിയമമില്ല. മന്ത്രം ഉച്ചരിച്ചുകൊണ്ടുമാകാം.

36. യോയസൈ്യഷാം വിവാഹാനാം മനുനാകീർത്തിതോഗുണഃ
സർവം ശൃണുതതം വിപ്രാഃ സർവം കീർത്തയതോമമ.

അല്ലയോ! ഋഷികളേ! ഇതുവരെ നിങ്ങളോടു വിവാഹക്രമത്തെക്കുറിച്ചു പറഞ്ഞു. ഇനി അതാതു വിവാഹംനിമിത്തം ജനിക്കുന്ന സന്തതികരംക്കു മനു പറഞ്ഞ ഗുണദോഷങ്ങളെക്കുറിച്ചു പറയാൻതുടങ്ങുന്നു.

37. ദശപൂർവ്വാൻ പരാൻവംശ്യാ നാത്മാനം ചൈകവിംശകം
ബ്രാഹ്മീപുത്രസ്സുകൃതകൃ ന്മോചയേദേനസഃ പിതൄൻ.

ബ്രഹ്മവിവാഹത്തിൽനിന്നും ജനിക്കുന്ന സന്തതി ഉത്തമമായിരുന്നാൽ പത്തു തലമുറയ്ക്കുമുമ്പുള്ള പിതൃക്കളെയും തന്നെയും നരകത്തിൽനിന്നു മോചിപ്പിക്കും. അവന്റെ ഭാവിയായ പത്തു തലമുറയിലും സാധുക്കളായിത്തന്നെ ജനിച്ച് സൽഗതി പ്രാപിക്കുന്നു.

38. ദൈവോഢജസ്സുതശ്ചൈവ സപ്തസപ്തപരപരാൻ
ആർഷോഢജസ്സുതസ്ത്രീം സ്ത്രീൻ ഷട്ഷട്കാമോഢജസ്സുതഃ

ദൈവവിവാഹത്തിൽനിന്നും ജനിക്കുന്ന പുത്രൻ തന്റെ മുൻപിൽ ഏഴേഴു തലമുറയിലുള്ളവരെയും, ആർഷവിവാഹത്തിൽനിന്നും ജനിക്കുന്ന പുത്രൻ മുമ്മൂന്നു തലമുറയിലുള്ളവരെയും, പ്രാജാപത്യവിവാഹത്തിൽനിന്നും ജനിക്കുന്ന പുത്രൻ ആറാറു തലമുറയിലുള്ളവരെയും തന്നെയും സൽഗതി പ്രാപിപ്പിക്കും.

39. ബ്രാഹ്മാദിഷുവിവാഹേഷു ചതുർഷ്വേവാനു പൂർവ്വശഃ
ബ്രഹ്മവർച്ചസ്വിനഃ പുത്രാ ജായന്തേശിഷ്ടസമ്മതാഃ

ബ്രാഹ്മം മുതലായ എട്ടു വിവാഹങ്ങളിൽ ഇപ്പോരം ക്രമമായി പറഞ്ഞുവന്ന നാലു വിവാഹത്തിൽനിന്നും ജനിക്കുന്ന പുത്രന്മാർ മാത്രമേ ബ്രഹ്മതേജസ്വികളായും ശ്ലാഘ്യന്മാരായുമിരിക്കുന്നുള്ളു.

40. രൂപസത്വഗുണോപേതാ ധനവന്തോയശസ്വിനഃ
പര്യാപ്തഭോഗധർമ്മിഷ്ഠാ ജീവന്തിചശതം സമാഃ

അവർ രൂപം, ബലം, ഗുണം, ധനം, കീർത്തി, പര്യാപ്തമായ അന്നഭോഗം, ധർമ്മം ഇവയോടുകൂടി നൂറു വത്സരം ജീവിച്ചിരിക്കുന്നു.

41. ഇതരേഷുതുശിഷ്ടേഷു നൃശംസാനൃതവാദിനഃ
ജായന്തേ ദുർവിവാഹേഷു ബ്രഹ്മധർമ്മദ്വിഷസ്സുതാഃ

മററു നാലുവിധ വിവാഹത്തിൽനിന്നും ജനിക്കുന്ന അപത്യങ്ങരം ഘാതകന്മാരായും, അസത്യവാദികളായും വേദത്തെയും യാഗാദിധർമ്മത്തെയും നിന്ദിക്കുന്നവരായുംതീരുന്നു.

42. അനിന്ദിതൈസ്സ്ത്രീവിവാഹൈഹ രനിന്ദ്യാഭവതിപ്രജാ
നിന്ദിതൈർന്നിന്ദിതാനൃണാം തസ്മാന്നിന്ദ്യം വിവർജ്ജ–
യേൽ.

ഉത്തമമായ വിവാഹത്തിൽനിന്നും ജനിക്കുന്ന സന്തതികൾ ഉത്തമന്മാരായിരിക്കും. നിന്ദ്യമായ വിവാഹത്തിൽനിന്നും ജനിക്കുന്ന സന്തതികൾ ദുഷ്ടന്മാരായിരിക്കും. നിന്ദ്യമായിരിക്കുന്ന വിവാഹത്തെ വർജ്ജിക്കേണ്ടതാകുന്നു.

43. പാണിഗ്രഹണസംസ്കാരഃ സവർണ്ണാസൂപദിശ്യതേ
അസവർണ്ണാസ്വയം ജ്ഞേയോ വിധിരുദ്വാഹകർമ്മണി.

തന്റെ ജാതിയിൽ വിവാഹംചെയ്യുമ്പോൾ പാണിഗ്രഹണം മുന്നിട്ടു വിവാഹം ചെയ്തുകൊള്ളേണ്ടതാകുന്നു. മററു ജാതിയിലായാൽ താഴെപ്പറയാൻപോകുന്ന വിധിപ്രകാരമാകുന്നു.

44. ശരഃക്ഷത്രിയയാഗ്രാഹ്യഃ പ്രതോദോ വൈശ്യകന്യയാ
വസനസ്യദശാഗ്രാഹ്യാ ശൂദ്രയോൽകൃഷ്ടവേദനേ.

ക്ഷത്രിയസ്ത്രീ ബ്രാഹ്മണനെ വരിക്കുമ്പോൾ ആ ബ്രാഹ്മണൻ ദണ്ഡത്തെ പിടിച്ചുകൊണ്ടിരിക്കും. മേൽപ്രകാരം വൈശ്യസ്ത്രീ ഉൽകൃഷ്ടജാതിജനെ വരിക്കുമ്പോൾ അവൻ പിടിച്ചുകൊണ്ടിരിക്കുന്ന ചാട്ടക്കയറിന്റെ പുച്ഛത്തെയും, ശൂദ്രസ്ത്രീയാണെങ്കിൽ അവന്റെ വസ്ത്രാന്തത്തെയും പിടിച്ചുകൊണ്ടു വിവാഹം ചെയ്യണം.

45. ഋതുകാലാഭിഗാമീസ്യാൽ സ്വദാരനിരതസ്സദാ
പർവവർജം വ്രജേച്ചൈനാം തദ്വ്രതോരതികാമ്യയാ.

മനുഷ്യൻ പരദാരങ്ങളെ ആഗ്രഹിക്കാതെ എപ്പൊഴും സ്വദാരനിരതനായിട്ടു് താഴെപ്പറയാൻ തുടങ്ങുന്ന അവളുടെ ഋതുകാലത്തിൽ അവളെ പ്രാപിക്കേണ്ടതാകുന്നു. മററു കാലത്തിൽ ദമ്പതിമാരിൽ ആർക്കെങ്കിലും രതിയിൽ താല്പര്യമുണ്ടായാൽ പർവ്വകാലം നീക്കി രതിക്രിയ ചെയ്യാം.

46. ഋതുസ്വാഭാവികഃ സ്ത്രീണാം രാത്രയഃഷോഡശസ്മൃതാഃ
ചതുർഭിരിതരൈസ്സാദ്ധ മഹോഭിസ്സദ്വിഗർഹിതൈഃ

സ്ത്രീകൾക്കു് ഋതുകാലം സ്വാഭാവികമായി പതിനാറു ദിവസമെന്നു പറയപ്പെടുന്നു. അതിൽ ആദ്യത്തെ നാലുദിവസങ്ങളും മഹാന്മാരാൽ നിന്ദിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് വർജ്ജിക്കേണ്ടതാകുന്നു.

47. താസാമാദ്യാശ്ചതസ്രസ്തു നിന്ദിതൈകാദശീചയാ
ത്രയോദശീചശേഷാസ്തു പ്രശസ്താദശരാത്രയഃ

നാലു ദിവസംകൂടാതെ ഏകാദശി, ത്രയോദശി ഈ രണ്ടു ദിവസങ്ങളും ഉപേക്ഷിക്കണം. ശേഷം പത്തുദിവസവും ശ്രേഷ്ഠങ്ങളായ രതികാലങ്ങളെന്നു പറയാം.

48. യുഗ്മാസുപുത്രാജായന്തേ സ്ത്രീയോയുഗ്മാസുരാത്രിഷു
തസ്മാദ്യുഗ്മാസു പുത്രാർത്ഥീ സംവിശേദാർത്തവേസ്ത്രിയഃ

ഋതുകാലം തുടങ്ങി ആറു്, എട്ടു്, പത്തു്, പതിന്നാലു്, പതിനാറു എന്നുള്ള ഇരട്ടദിവസരാത്രികളിൽ സ്ത്രീഗമനംചെയ്താൽ പുത്രസന്തതിയും അഞ്ചുമുതൽ ഒററഅയായ രാത്രികളിൽ മേൽപ്രകാരം ചെയ്താൽ സ്ത്രീസന്ത

തിയും ജനിക്കുന്നതാണ്. അതിനാൽ പുരുഷസന്തതിയെ ഇച്ഛിക്കുന്നവർ ഇരട്ടദിവസം രാത്രികളിലും സ്ത്രീസന്തതിയെ ഇച്ഛിക്കുന്നവർ ഒററദിവസ രാത്രികളിലും സ്ത്രീഗമനം ചെയ്യേണ്ടതാണ്.

49. പുമാൻപുംസോധികേശുക്ലേ സ്ത്രീഭവത്യധികേസ്ത്രിയാഃ
സമേപുമാൻ പുംസ്ത്രിയൗ വാക്ഷീണേല്പേചവിപര്യയഃ

പുരുഷനിൽനിന്നും ശുക്ലം അധികം പുറത്തുവരുന്നതായാൽ പുത്രസന്താനമായും, സ്ത്രീക്കു് ഗർഭാശയരക്തം അധികമായിരുന്നാൽ സ്ത്രീസന്താനമായും, രണ്ടാംക്കും ശുക്ലരക്തങ്ങരം ശരിയായിരുന്നാൽ നപുംസകമായും രണ്ടാംക്കും ശുക്ലരക്തങ്ങരം അൽപങ്ങളായിട്ടോ ഇല്ലാതെയോ ഇരുന്നാൽ ഗർഭമുണ്ടാകാതെയും ഭവിക്കും.

50. നിന്ദ്യാസ്വഷ്ടാസുചാന്യാസു സ്ത്രിയോരാത്രിഷുവർജ്ജയൻ
ബ്രഹ്മചാര്യേവ ഭവതി യത്രതത്രാശ്രമേവസൻ.

യാതൊരുത്തൻ ആദ്യ നാലു ദിവസങ്ങളെയും ഏകാദശി, ത്രയോദശി, കറുത്തവാവു്, വെളുത്തവാവു് ഈ നാലു ദിവസങ്ങളെയും ഉരംപ്പെടെ എട്ടു ദിവസങ്ങരം വർജ്ജിച്ചു് മററു രാത്രികാലങ്ങളിൽ സ്വഭാര്യയെ പ്രാപിക്കുന്നുവോ, അവൻ ഗൃഹസ്ഥനായിരുന്നാലും ബ്രഹ്മചാരിയായിട്ടുതന്നെ ഭവിക്കും.

51. നകന്യായാഃ പിതാവിദ്വാൻ ഗൃഹ്ണീയാച്ഛുല്ക്കമണ്വപി
ഗൃഹണ്വംഛുല്ക്കം ഹിലോഭേന സ്യാന്നരോപത്യവിക്രയീ.

പിതാവു് വിദ്വാനായിരുന്നാൽ കന്യകക്കായിട്ടു അല്പമായിട്ടെങ്കിലും പണം വാങ്ങിക്കൊണ്ടു് ആ കന്യകയെ കൊടുക്കരുതു്. അങ്ങിനെ ലോഭംകൊണ്ടു പണം വാങ്ങിയാൽ അവൻ പുത്രിയെ വിലക്കു കൊടുത്തവനാകും.

52. സ്ത്രീധനാനിതുയേ മോഹാ ദുപജീവന്തിബാന്ധവാഃ
നാരീയാനാനി വസ്ത്രംവാ തേപാപായാന്ത്യധോഗതി

ഒരു സ്ത്രീയുടെ സ്ത്രീധനമായ വസ്ത്രം, ആഭരണം, വാഹനം ഇവ അവളുടെ വരനോ, പിതാവോ ആഗ്രഹംകൊണ്ടു് ഉപയോഗിക്കുന്നതായാൽ അവർ പാപികളായിട്ടു് അധോഗതിയെ പ്രാപിക്കുന്നു.

53. ആർഷേഗോമിഥുനം ശുല്കം കേചിദാഹുർമ്മൃഷൈവതൽ
അല്പോപ്പ്യേവമ്മ ഹാൻവാപി വിക്രയസ്താവദേവസഃ

ആർഷവിവാഹത്തിൽ ഒരു ഋഷഭം, ഒരു പശു, അല്ലെങ്കിൽ രണ്ടു ഋഷഭം, രണ്ടു പശു ഇവ വാങ്ങാമെന്നുള്ള ചില മഹാന്മാരുടെ അഭിപ്രായം മുൻപു പറഞ്ഞിട്ടുണ്ടു്. അതും ധർമ്മകാര്യാത്ഥമല്ലാതെ തന്റെ ആശയാൽ വാങ്ങുക ന്യായമല്ല. അല്പമായിട്ടോ അധികമായിട്ടോ ഉള്ള തന്റെ ആഗ്രഹത്താൽ വാങ്ങുന്നതായാൽ അതും വിലക്കു കൊടുത്തതുപോലെ ഭവിക്കുന്നതാണ്.

54. യാസാംനാദദതേശുല്ക്കം ജ്ഞാതയോനസവിക്രയഃ
അർഹണം തൽകുമാരീണാ മാനൃശംസ്യം ചകേവലം.

യാതൊരു സ്ത്രീയുടെ ബന്ധുക്കരം പണം വാങ്ങാതെ അവളെ ദാനം ചെയ്യുന്നുവോ അതു് വിക്രയമാകുകയില്ല. അവർ ആ കന്യകയോടു ദയയും സ്നേഹവും ഉള്ളവരായിരിക്കും.

55. പിതൃഭിർഭ്രാതൃഭിശ്ചൈതാഃ പതിഭിർദ്ദേവരൈസ്തഥാ
പൂജ്യാഭൂഷയിതവ്യാശ്ച ബഹുകല്യാണമീപ്സുഭിഃ

അച്ഛൻ, സഹോദരൻ, വരൻ, ദേവരൻ ഇവർ കന്യകയുടെ ക്ഷേമം ഇച്ഛിക്കുന്നവരായാൽ കന്യകയെ കല്യാണകാലത്തിലും അതിൽ പിന്നീടും ഭൂഷണം മുതലായവകൊണ്ടു് ഉപചരിച്ച് സന്തോഷപ്പെടുത്തേണ്ടതാകുന്നു.

56. യത്രനാര്യസ്തു പൂജ്യന്തേ രമന്തേ തത്രദേവതാഃ
യത്രൈതാസ്തുന പൂജ്യന്തേ സർവ്വാ സ്തത്രാഫലാഃ ക്രിയാഃ

എവിടെ സ്ത്രീകൾ ഭൂഷണം മുതലായവകൊണ്ടു സന്തോഷം പ്രാപിക്കുന്നുവോ അവിടെ എല്ലാ ദൈവതങ്ങളും സന്തോഷത്തോടെ വസിക്കുന്നു. എവിടെ സ്ത്രീകളെ പൂജിക്കുന്നില്ലയോ അവിടെ ചെയ്യുന്ന കാര്യങ്ങളെല്ലാം നിഷ്ഫലങ്ങളായിത്തീരും.

57. ശോചന്തിജാമയോയത്ര വിനശ്യത്യാശു തൽകുലം
നശോചന്തിതുയത്രൈതാ വർദ്ധതേതദ്ധിസർവ്വദാ.

ഏതു കുലത്തിൽ സഹോദരി മുതലായവർ വസ്ത്രാഭരണങ്ങളില്ലാത്തതിനാൽ വ്യസനിക്കുന്നുവോ ആ കുലം നശിച്ചുപോകും. ഏതു കുലത്തിൽ അവർ അപ്രകാരം വ്യസനിക്കുന്നില്ലയോ ആ കുലം വൃദ്ധി പ്രാപിക്കും.

58. ജാമയോയാനിഗേഹാനി ശപന്ത്യ പ്രതിപൂജിതാഃ
താനികൃത്യാഹതാനീവാ വിനശ്യന്തി സമന്തതഃ

സ്ത്രീകൾ തങ്ങളുടെ പിതാവു മുതലായവർ ഉപചരിക്കാത്തതിനാൽ ''ഈ വംശം നശിച്ചുപോകട്ടെ'' എന്നു് ഏതു വംശത്തെ ഉദ്ദേശിച്ചു ശപിക്കുന്നുവോ ആ വംശം നിശ്ശേഷം നശിച്ചുപോകുന്നു.

59. തസ്മാദേതാസ്സദാപൂജ്യാ ഭൂഷണാഛാദനാശനൈഃ
ഭൂതികാമൈർന്നരൈർന്നിത്യം സൽകാരേഷൂത്സവേഷുച.

അതുകൊണ്ടു ക്ഷേമം ഇച്ഛിക്കുന്നവർ എന്നും വ്രതം, കല്യാണം മുതലായ വിശേഷകാലങ്ങളിൽ സഹോദരി മുതലായ സ്ത്രീജനങ്ങളെ അന്നവസ്ത്രാഭരണങ്ങളാൽ സന്തോഷിപ്പിക്കണം.

60. സന്തുഷ്ടോഭാര്യയാഭർത്താ ഭർത്ത്റാഭാര്യാതഥൈവച
യസ്മിന്നേവകുലേനിത്യം കല്യാണം തത്ര വൈധ്രുവം.

ഏതു കുലത്തിൽ ഭാര്യയുടെശുശ്രൂഷകൊണ്ടു് ഭത്താവു് പരദാരങ്ങളെ വിചാരിക്കാതെയും, ഭത്താവിനു ഭാര്യയോടുള്ള സ്നേഹത്താൽ ഭാര്യ പരപുരുഷനെ വിചാരിക്കാതെയും പരസ്പരം അനുരാഗത്തോടുകൂടിയിരിക്കുന്നുവോ അവിടെ വേദകല്യാണങ്ങൾ ഉണ്ടാകുന്നു.·,

61. യദിഹിസ്ത്രീനരോചേതഃ പുമാംസന്നപ്രമോദയേൽ
അപ്രമോദാൽ പുനഃപുംസഃ പ്രജനംന പ്രവർത്തതേ.

പതി വസ്ത്രാഭരണങ്ങളെക്കൊണ്ടു് സന്തുഷ്ടയാകാതിരുന്നാൽ വരനെ സന്തോഷിപ്പിക്കുകയില്ല. അപ്പോൾ വരൻ സന്തോഷിക്കുകയില്ല. വരനു സന്തോഷമില്ലാതിരുന്നാൽ ഭാര്യയെ പ്രാപിക്കുകയില്ല. സന്താനവൃദ്ധിയുണ്ടാകുകയുമില്ല.

62. സ്ത്രീയാന്തപരോചമാനായാം സർവ്വന്തുരോ ചതേകുലം
തസ്യാംതപരോചമാനായാം സർവ്വമേവ്നരോചതേ.

സ്ത്രീ വസ്ത്രാഭരണങ്ങളാൽ ശോഭിതയായിരുന്നാൽ ഭർത്തൃസംയോഗത്താൽ ആ കുലം വൃദ്ധിയെ പ്രാപിക്കുന്നു. പതിയിൽ വരൻ അനുരാഗഹീനനായിരുന്നാൽ അവരം പരപുരുഷസംഗിയായി ഭവിക്കും. തന്നിമിത്തം ആ കുലം ഹീനമാകും.

63. കുവിവാഹൈഃ ക്രിയാലോപൈ വേ്ദാനധ്യയനേനച
കുലാന്യകുലതാംയാന്തി ബ്രാഹ്മണാതി ക്രമേണച.

അതാതു ജാതിക്കാർക്കു് അനർഹമായ വിവാഹം ചെയ്യുന്നതുകൊണ്ടും, ജാതകർമ്മാദികരം ചെയ്യാത്തതുകൊണ്ടും, വേദങ്ങരം അധ്യയനം ചെയ്യാത്തതുകൊണ്ടും ഉൽകൃഷ്ടവംശവും അപകൃഷ്ടമായിതീരും.

64. ശില്പേനവ്യവഹാരേണ ശൂദ്രാപത്യൈശ്ചകേവലൈഃ
ഗോഭിരശ്വൈശ്ചയാനൈശ്ച കൃഷ്യാരാജോപസേവയാ.

ശിൽപവേല ചെയ്യുന്നതിനാലും, വ്യവഹാരം ചെയ്യുന്നതിനാലും, ശൂദ്രസ്ത്രീയെ മാത്രം വിവാഹം ചെയ്തു സന്തതിയെ ജനിപ്പിക്കുന്നതിനാലും, പശു കുതിര വാഹനം ഇവ വിൽക്കുന്നതിനാലും, കൃഷി ചെയ്യുന്നതിനാലും, രാജസേവയാലും,

65. അയാജ്യയാജനൈശ്ചൈവ നാസ്തിക്യേനചകർമ്മണാ
കുലാന്യാശുവിനശ്യന്തി യാനിഹീനാനിമന്ത്രതഃ

യജ്ഞത്തിനു് അനർഹനായ വ്രാത്യൻ മുതലായവർക്കു യജ്ഞം ചെയ്തു കൊടുക്കുന്നതിനാലും, ദൈവത്തെ വിശ്വസിക്കായ്കയാലും, മന്ത്രാനുഷ്ഠാനങ്ങരം ചെയ്യാത്തതിനാലും ഉൽകൃഷ്ടവംശം അപകൃഷ്ടമാകും.

66. മന്ത്രതസ്തു സമൃദ്ധാനി കുലാന്യല്പധനാന്യപി
കുലസംഖ്യാശ്ചഗച്ഛന്തി തർഷന്തി ചമഹദ്യശഃ

മന്ത്രാനുഷ്ഠാനത്തോടുകൂടിയ കുലം അൽപധനത്തോടുകൂടിയതായിരുന്നാലും ഉയർന്ന കുലമെന്നു വിചാരിക്കത്തക്കതായി കീർത്തി പ്രാപിക്കുന്നു.

67. വൈവാഹികേഗ്നൗ കുർവ്വീത ഗൃഹ്യം കർമ്മയഥാവിധി
പഞ്ചയജ്ഞവിധാനഞ്ച പംക്തിഞ്ചാന്വാഹികീംഗൃഹീ.

വിവാഹത്തിലെ ഗുണദോഷങ്ങരം പറഞ്ഞു. ഇനി ഗൃഹസ്ഥധർമ്മത്തെപ്പററിപ്പറയാൻ തുടങ്ങുന്നു. വിവാഹം കഴിഞ്ഞശേഷം വൈദീകാഗ്നിയിൽ തൻെറ സൂത്രത്തിൽ പറഞ്ഞ ഔപാസനാദി കർമ്മങ്ങളെ വിധിപ്രകാരം നടത്തിയിട്ടു്, പഞ്ചമഹായജ്ഞത്തിൽ ചേർന്ന വൈശ്വദേവത്തെ നിത്യവും ചെയ്യേണ്ടതാകുന്നു.

## പഞ്ചമഹായജ്ഞവിധി

68. പഞ്ചസൂനാഗൃഹസ്ഥസ്യ ച്ചുല്ലീപേഷണ്യുപസ്കരഃ
കണ്ഡനീചോദകുംഭശ്ച ബധ്യതേയാസ്തുവാഹയൻ.


ഗൃഹസ്ഥനു് യന്ത്രം അല്ലെങ്കിൽ മുറം, അമ്മി, ചൂൽ, ഉരൽ, ജലകുംഭം ഈ അഞ്ചു സാധനങ്ങരം ഉപയോഗിക്കുന്നതുകൊണ്ടു് അഞ്ചു പാപങ്ങളുണ്ടാകുന്നു.

69. താസാംക്രമേണ സർവ്വാസാം നിഷ്കൃത്യർത്ഥമ്മഹർഷിഭിഃ
പഞ്ചക്ലുപ്താമഹായജ്ഞാഃ പ്രത്യഹം ഗൃഹമേധിനാം.

വയോവൃദ്ധനായ സാഹിത്യനായകൻ
പി. അനന്തൻപിള്ള എം. എ. എഴുതുന്നു:

“ബൈബിൾ പാരായണം
സർവ്വരോഗങ്ങളേയും
ഹരിക്കുന്നതായി പലർക്കും
അനുഭവപ്പെട്ടിട്ടുണ്ട്.”

മഹാകവി വടക്കുംകൂർ അവർകളുടെ സപ്തതിസ്മാരകഗ്രന്ഥം. പേ: 225



294.594

# മനുസ്മൃതി

Indic Digital Archive Foundation
gpura.org